# ഗോസ്പൽ മെസഞ്ചർ

₹12

VOLUME XVII ISSUE 3 | JUNE 2026 | ക്രിസ്തീയ കുടുംബ മാസിക



"ആകാശമേ, മേലിൽ നിന്നു പൊഴിക്കുക;
മേഘങ്ങൾ നീതിയെ വർഷിക്കട്ടെ"
(യെശയ്യാവ് 45:8)

# EDITORIAL

## വിശ്വാസത്തിൽ പതറരുത്

**നൈ**ജീരിയയിലുള്ള മഡഗലി എന്ന ചെറിയ ഗ്രാമത്തിൽ സൂസന്നയും അവളുടെ പിതാവും അവരുടെ കൃഷിയിടത്തിൽ നിലം ഒരുക്കുകയായിരുന്നു. പെട്ടെന്നാണ് ഇസ്ലാമികഗ്രൂപ്പായ ബോക്കോഹറമിലെ തീവ്രവാദികൾ തോക്കുചൂണ്ടിക്കൊണ്ട് അവരോട് അടുത്തുവന്നത്. പിതാവിനെ അവർ നിർദയം വെടിവെച്ച് കൊന്നു.



റവ. പി.വി. യാക്കോബ്

സൂസന്നയുടെ തലയിലേക്ക് തോക്കുചൂണ്ടിക്കൊണ്ട് അവരിൽ ഒരാൾ പറഞ്ഞു: "ഞങ്ങളുടെ പിന്നാലെ വരണം." അവരുടെ കൂടെ പോയാൽ ഇസ്ലാംമതം സ്വീകരിക്കേണ്ടിവരുമെന്നും നിർബ്ബന്ധിത വിവാഹത്തിന് വിധേയയാക്കുമെന്നും അവൾക്ക് അറിയാമായിരുന്നു. അതുകൊണ്ട് അവരുടെ ആവശ്യം അവൾ നിരസിച്ചു. നിമിഷങ്ങൾക്കുള്ളിൽ രണ്ട് വെടിയുണ്ടകൾ തന്റെ ഇരുകണ്ണുകളിലൂടെയും കടന്ന് തലയോട്ടി തുളച്ച് പുറത്തേക്ക് പോയി. അവൾ ബോധരഹിതയായി നിലത്ത്വീണു! തോക്കുധാരികൾ അവിടെനിന്ന് ഓടിമറഞ്ഞു.

അല്പസമയം കഴിഞ്ഞ് അവരുടെ ഗ്രാമത്തിൽനിന്ന് ചിലർ എത്തിയപ്പോൾ ഇരുവരും ചോരയിൽമുങ്ങി കിടക്കുകയായിരുന്നു. അവരെ ഗ്രാമത്തിൽ എത്തിച്ച് സംസ്കരിക്കുന്നതിനുള്ള ഒരുക്കങ്ങൾ ചെയ്തു. കുറച്ചു കഴിഞ്ഞപ്പോൾ സൂസന്നക്ക് ബോധം വന്നു. അവൾ വേദനകൊണ്ട് നിലവിളിച്ചു. ഉടൻ അവളെ ആശുപത്രിയിൽ എത്തിച്ചു. അവൾ രക്ഷപ്പെട്ടു എന്നാൽ അവൾക്ക് കാഴ്ചയും കേൾവിയും നഷ്ടമായി.

ഒരു മാധ്യമപ്രവർത്തകൻ പിന്നീട് അവളോട് ചോദിച്ചു : "പിതാവിന്റെ ഘാതകരോടും തന്നെ വെടിവെച്ചവരോടും ക്ഷമിക്കുവാൻ കഴിഞ്ഞുവോ? അവൾ പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു. "അജ്ഞതയിലാണ് അയാൾ തന്റെ പ്രവൃത്തി ചെയ്തത്." "ഓ ദൈവമെ അവരോട് ക്ഷമിക്കേണമേ."

ദൈവത്തിലുള്ള അവളുടെ വിശ്വാസം ഇന്നും ശക്തമാണ്; പരിശുദ്ധാത്മാവ് അവളെ ശക്തീകരിക്കുന്നു; വിശ്വാസത്തിൽ പതറാതെ അവൾ മുന്നേറുന്നു.

മരണം പ്രതീക്ഷിച്ചുകൊണ്ട് കാരാഗൃഹത്തിൽ കിടന്നിരുന്ന വി. പൗലൊസ് എഴുതി: "എനിക്ക് ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും ആകുന്നു" (ഫിലി. 1:21). പൗലൊസിന് തന്റെ പ്രതിഫലം ക്രിസ്തുവായിരുന്നു; പ്രചോദനവും ശക്തിയും ക്രിസ്തു മാത്രമായിരുന്നു. മരണത്തെ ക്രിസ്തുവിന്റെ സന്നിധിയിലേക്കുള്ള വാതിലായി കരുതി. അതുകൊണ്ട് മരണം തനിക്ക് ലാഭമാണ്.

പ്രിയരേ, ലോകം മാറുകയാണ്; പീഡനങ്ങൾ വർദ്ധിക്കുകയാണ്. നാം വിശ്വാസത്തിൽ പതറരുത്; സ്വർഗ്ഗത്തിലേക്ക് ഉറ്റുനോക്കി, ദൈവത്തിന്റെ വലത്തുഭാഗത്തു നിൽക്കുന്ന യേശുവിന്റെ തേജസ്സുള്ള മുഖം കാണാം (അപ്പൊ. പ്രവൃ. 7:55). ദിവസംതോറും സ്വയം ത്യജിക്കാം; ക്രൂശ് എടുക്കാം. വിശ്വാസത്തിൽ പതറാതെ ദിവസംതോറും ക്രിസ്തുവിനെ അനുഗമിക്കാം (മർക്കൊ. 8:34). ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

# CONTENTS


03 ACTS
ഡോ. വി. പി. മത്തായി വാലയിൽ

05 രാത്രിക്കുമുണ്ട് പരിധി
ഡോ. നെൽസൻ മാത്യു വാലയിൽ

07 ലിംഗ ഭേദങ്ങൾ – ദൈവിക പദ്ധതിയിൽ
പ്രൊഫ. ജോൺ സഖറിയ

09 ക്രിസ്തീയജീവിതത്തിൽ പരിസ്ഥിതിയുടെ സ്ഥാനം
ഡോ. നെൽസൺ അബ്രാഹം

11 ശൂനേംകാരത്തി
ലീലാമ്മ ഉമ്മൻ

13 ദൈവഹിതം
റവ. ബേസിൽ ജോർജ്ജ്

15 ശത്രുക്കളെ സ്നേഹിക്കാം
ടീച്ചർ

25 ദൈവത്തിന്റെ സർവ്വായുധവർഗ്ഗം
സി.ജി. തോമസ്

- അഗ്നി അഗ്നിയെ ഉൽപ്പാദിപ്പിക്കുന്നു
- ന്യൂസ്
- ദൈനംദിന സഹായി
- ആരോഗ്യവിചാരം
- ബൈബിൾ ക്വിസ്
- അനുഭവസാക്ഷ്യം



EDITORIAL BOARD

PUBLISHER : Dr. V. P. Mathai Valayil
CHIEF EDITOR : Rev.P.V. Yacob
EXECUTIVE EDITOR : Rajan M Thomas
EDITOR : Baby George
MEMBERS : Dr. Nelson Mathew, Soja Tony, Alice Shajan, Sajitha M.S.



GOSPEL MESSENGER
E.G.M. OF INDIA
Allapra P.O, Allapra, Ernakulam Dist., Kerala 683556

egmofindia@gmail.com 8281616654

For Donation to Gospel Messenger



# ACTS

ഡയറക്ടറുടെ കത്ത്

ഡോ. വി.പി. മത്തായി വാലയിൽ

**Acts എന്ന വാക്ക് നാല് അക്ഷരങ്ങൾ ഒന്നുചേരുന്നതാണല്ലോ. എന്നാൽ ഈ നാല് അക്ഷരങ്ങളും അർത്ഥപൂർണ്ണമായാലോ എത്രയോ ധന്യമാണെന്ന് ചിന്തിച്ചുനോക്കിയിട്ടുണ്ടോ.**

ദൈവത്തിന്റെ പ്രവർത്തികൾ, അപ്പൊസ്തലന്മാരുടെ പ്രവർത്തികൾ, സാധാരണക്കാരുടെ പ്രവർത്തികൾ, ദൈവമക്കളുടെ പ്രവർത്തികൾ ഇങ്ങനെ നമ്മുടെ ചിന്താമണ്ഡലത്ത് ഉദിച്ചുയരുന്ന വിവിധ പ്രവർത്തികൾ ഉണ്ട്. എന്നാൽ ദൈവമക്കളുടെ പ്രവർത്തികൾ എന്തായിരിക്കണം, എങ്ങനെയായിരിക്കണം എന്ന് തീരുമാനിക്കുന്നതിനുള്ള സ്വാതന്ത്ര്യം നമുക്ക് ഉണ്ട് എങ്കിൽപ്പോലും പരിശുദ്ധാത്മാവിനാൽ നമ്മുടെ പ്രവർത്തികളെ ചിട്ടപ്പെടുത്തുമ്പോൾ അധികം കൃപ ലഭിക്കുവാനും ധാരാളമായി പരിശുദ്ധാത്മാവിന്റെ ശക്തി അനുഭവിക്കാനും കാരണമായിത്തീരുന്നു.

ACTS എന്ന വാക്ക് നാല് അക്ഷരങ്ങൾ ഒന്നുചേരുന്നതാണല്ലോ. എന്നാൽ ഈ നാല് അക്ഷരങ്ങളും അർത്ഥപൂർണ്ണമായാലോ എത്രയോ ധന്യമാണെന്ന് ചിന്തിച്ചുനോക്കിയിട്ടുണ്ടോ. "ACTS of

പ്രിയ വായനക്കാരേ,

ഗോസ്പൽ മെസഞ്ചർ മാസികയിലെ വിവിധ പംക്തികളെക്കുറിച്ചും, ലേഖനങ്ങളെക്കുറിച്ചും, മറ്റ് ഉള്ളടക്കങ്ങളെക്കുറിച്ചുമുള്ള നിങ്ങളുടെ വിലയേറിയ കാഴ്ചപ്പാടുകൾ ഞങ്ങളെ അറിയിക്കുക. ഈ മാസിക നിങ്ങൾക്ക് ഓരോരുത്തർക്കും എങ്ങനെ പ്രയോജനപ്പെടുന്നുവെന്ന് അറിയുവാൻ ഞങ്ങൾ താത്പര്യപ്പെടുന്നു. നിങ്ങളുടെ അഭിപ്രായങ്ങൾ താഴെ പറയുന്ന മാർഗങ്ങളിലൂടെ ഞങ്ങളെ അറിയിക്കാം:

**WhatsApp** : വീഡിയോ സന്ദേശമായോ, ഓഡിയോ സന്ദേശമായോ, ടെക്സ്റ്റ് (Text) ആയോ അയച്ചു തരിക.
(WhatsApp No: 8281616654)

കത്ത് മുഖേന : The Editor, Gospel Messenger, EGM OF INDIA, Allapra P.O, Perumbavoor, Ernakulam. Pin: 683556

**Email** വഴി : egmofindia@gmail.com

ഇ.ജി.എം ഓഫ് ഇന്ത്യയുടെ വിവിധ ശുശ്രൂഷകളെ ഓർത്ത് തുടർന്നും പ്രാർത്ഥിക്കുമല്ലോ.

എറെ സ്നേഹത്തോടെ,
ഗോസ്പൽ മെസഞ്ചർ എഡിറ്റോറിയൽ ബോർഡ്

God's children." ദൈവമക്കളുടെ പ്രവർത്തിയുടെ സംയോജനം നമ്മുടെ പരിശുദ്ധാത്മശക്തിയുടെ കാരണമാകുന്നു എന്ന തിരിച്ചറിവ് ആ പ്രവർത്തികളിൽ ധാരാളമായി മുന്നേറാൻ നമ്മെ നിർബന്ധിതരാക്കുകയാണ്.

ACTS എന്നതിന്റെ ആദ്യാക്ഷരം 'A' - Adoration = ആരാധന - ഒരു ദൈവപൈതലിന്റെ ഏറ്റവും വലിയ ചുമതലയും ഉത്തരവാദിത്വവും നിർബന്ധവും ആരാധന എന്നതാണ്. ആരാധിക്കേണ്ടത് ദൈവമക്കൾ മാത്രമാണ്. ആരാധിക്കേണ്ടത് "ജീവനുള്ള ഏകസത്യദൈവമായ യേശുക്രിസ്തുവിനെ മാത്രമാണ്. യേശു എന്ന് പേരുള്ളവനെയോ യേശുവിനെപ്പോലെയുള്ളവരെയോ, യേശുവിനെ സ്നേഹിച്ചവരെയോ, യേശുവിന്റെ രക്തത്താൽ വിശുദ്ധീകരിക്കപ്പെട്ടവരെയോ ആകരുത്. ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗത്തിൽ ജീവിക്കുന്ന ഏക മദ്ധ്യസ്ഥനായ യേശുവിനെ മാത്രമേ, ആരാധിക്കാവൂ. യേശു ശമര്യാക്കാരി സ്ത്രീയോട് പറഞ്ഞത് നാം ഓർക്കുന്നുണ്ടല്ലോ. "ഈ മലയിലും അല്ല യെരുശലേമിലും അല്ല എന്നുള്ള നാഴിക വരുന്നു" (യോഹന്നാൻ 4:21). - അപ്രകാരംതന്നെ ഒരു മനുഷ്യനെയോ ദൂതന്മാരെയോ ആരാധിച്ചുകൂടാ. "നിങ്ങൾ ഈ ചെയ്യുന്നതു എന്തു? ഞങ്ങൾ നിങ്ങളോടു സമസ്വഭാവമുള്ള മനുഷ്യർ അത്രേ; നിങ്ങൾ ഈ വ്യർത്ഥകാര്യങ്ങളെ വിട്ടു, ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ള സകലവും ഉണ്ടാക്കിയ ജീവനുള്ള ദൈവത്തിങ്കലേക്കു തിരിയേണം എന്നുള്ള സുവിശേഷം ഞങ്ങൾ നിങ്ങളോടു അറിയിക്കുന്നു" (അപ്പൊ. പ്രവൃ. 14:15). മഹത്വം കൊടുക്കുവാനും ആരാധന അർപ്പിക്കുവാനും നമുക്ക് ജീവനുള്ള ഒരു ദൈവത്തെ വരച്ചുകാണിച്ചുതന്ന സർവ്വശക്തനായ ദൈവത്തെ സ്തുതിക്കാം. ACTS എന്നതിന്റെ രണ്ടാമത്തെ അക്ഷരമാണ് 'C'. 'C' for confession-കുറ്റസമ്മതം-ഏറ്റു പറച്ചിൽ. ഒരു ദൈവപൈതലിന്റെ പ്രവർത്തികൾ സാർത്ഥകമാകണമെങ്കിൽ confession അനിവാര്യമാകുന്നു. പാപബോധവും പശ്ചാത്താപവും ഏറ്റു പറച്ചിലും തീരുമാനവും ഏതൊരു പാപത്തിന്റെ മുന്നിലും അനിവാര്യമാകുന്നു. നമ്മുടെ ആരാധനക്കും പ്രാർത്ഥനക്കും ജീവനുണ്ടാകാൻ confession ഒഴിവാക്കാൻ കഴിയില്ലല്ലോ. ദൈവവചനത്തിന്റെ പ്രത്യേകതയും ക്രിസ്തീയ തത്വങ്ങളുടെ മൂല്യവും എന്നത് ഏതൊരു പാപംചെയ്ത വ്യക്തിയും സത്യമായി അനുതപിച്ച് ഏറ്റുപറഞ്ഞ് ഉപേക്ഷിച്ച് തീരുമാനമെടുത്താൽ അതൊരു സൗഭാഗ്യ ജീവിതമായിരിക്കും.

'T' Thanks നന്ദിപറഞ്ഞ് പ്രാർത്ഥിക്കണം "ലഭിച്ചതല്ലാതെ നിനക്ക് എന്തുള്ളു" (1 കൊരി. 4: 7). ഉത്തരം ഒന്നുമില്ലെന്നാണ്. വി. പൌലൊസ് കൊരിന്ത്യസഭയെ പഠിപ്പിക്കുകയായിരുന്നു.

അഹങ്കാരം തലെക്കുപിടിച്ചാൽ പിന്നെ വന്ന വഴികൾ മറന്നുപോകുന്നത് സ്വാഭാവികമാണല്ലോ. എപ്പോഴും പിന്നിട്ട വഴികളിലേക്ക് നോക്കിയാൽ നമുക്ക് സ്തോത്രംചെയ്യാൻ ധാരാളം വകയുണ്ട്. ഏതൊരു വ്യക്തിയും യേശുവിനെ കണ്ടെത്തിക്കഴിഞ്ഞാൽ അവിടംമുതൽ ദൈവത്തിന്റെ കൃപ അവന്റെ ജീവിതത്തിലേക്ക് ഒഴുകിവരുവാൻ തുടങ്ങും. അവിടംമുതൽ ജീവിതം മാറും. സ്ഥിതി മാറും ഉയർച്ചതന്നെ പ്രാപിക്കും എന്ന കാര്യത്തിന് സംശയമില്ല. പക്ഷേ നമ്മൾ, നടത്തിയ ദൈവത്തെ ഓർക്കണം. വന്ന വഴികളെ ഓർക്കണം നമ്മുടെ വളർച്ചക്കായി ദൈവം അനേകരെ ഉപയോഗിച്ചിട്ടുണ്ട്. അവരെ എല്ലാം ഓർക്കണം. വചനം പറഞ്ഞുതന്ന് നടത്തിയവരെ ഒരിക്കലും മറക്കരുത്. വളർച്ചയുടെ വഴികൾ തുറന്നുതന്ന ദൈവത്തെ എങ്ങനെ മറക്കും. പ്രാർത്ഥനക്കായും ആരാധനക്കായും തിരുസന്നിധിയിലേക്ക് കയറി ചെല്ലുമ്പോൾ നന്ദിനിറഞ്ഞ ഹൃദയത്തോടെ വേണം. പാട്ടുകാരൻ പാടിയതുപോലെ "എങ്ങനെ ഞാൻ നന്ദി ചൊല്ലും, എന്ത് പകരമായ് നൽകും." നമ്മുടെ പാപത്തിന്റെ ശിക്ഷ കർത്താവ് ഏറ്റെടുത്തു. നമുക്ക് വിരോധവും പ്രതികൂലവുമായിരുന്ന ന്യായവിധിയുടെ കയ്യെഴുത്ത് മായിച്ചുകളഞ്ഞു. ആ കൈയ്യെഴുത്ത് 'പാപത്തിന്റെ ശമ്പളം' മരണമാണ് എന്നതായിരുന്നു. എന്നാൽ, യോഹ. 11:25 "എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്നു എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല". എന്ന നമ്മുടെ കർത്താവിന്റെ വാഗ്ദത്തങ്ങളിലൂടെ മരണത്തിന്റെ വിഷമുള്ളിനെ നിർവ്വീര്യമാക്കി. പാപത്തിന്മേലും തദ്വാര മരണത്തിന്മേലും കർത്താവ് ജയം തന്നു. അതിനാൽ ഓരോ ദൈവപൈതലിന്റെയും ACTS കർത്താവിനോടുള്ള നന്ദിയിൽ അധിഷ്ഠിതമായിരിക്കണം.

'S'-Supplication-വിനീതാഭ്യർത്ഥന എന്ന് അർത്ഥം. അല്ലെങ്കിൽ കേണപേക്ഷിക്ക. അതുമല്ലെങ്കിൽ പ്രാർത്ഥന എന്ന് പറഞ്ഞാലും തെറ്റില്ല. ദൈവപൈതലിന്റെ പ്രവർത്തികളുടെ സാക്ഷാൽക്കാരത്തിന്റെ അവസാനത്തെ പടിയാണ് നമ്മുടെ അപേക്ഷകൾ-അഥവാ നമ്മുടെ പ്രാർത്ഥനകൾ. നമ്മുടെ വ്യക്തിപരമായ ആവശ്യങ്ങൾ പ്രാർത്ഥനകളിൽ വളരെ അപ്രധാനമായ കാര്യങ്ങളാണ് എന്ന് മറക്കരുത്. ഞാനും എന്റെ ഭാര്യയും മക്കളും എന്റെ വീടും എന്റെ ജോലിയും എന്റെ മാതാപിതാക്കളും ഇവയെല്ലാം ദൈവകൃപയാൽ മൂടപ്പെട്ടിരിക്കുന്നവയാണ്. (Already covered in th grace of God). എന്നാൽ നമ്മൾ മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ഇടിവിൽ നിൽക്കുകയും ചെയ്യുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. നമ്മൾ കർത്താവിനായി മറ്റുള്ളവരുടെ കാര്യങ്ങളിൽ ശ്രദ്ധാലുക്കളും

(ശേഷം പേജ് 6 - ൽ)



ജീവിത ചിന്തകൾ



ഡോ. നെൽസൺ മാത്യു വാലയിൽ

# രാത്രിക്കുമുണ്ട് പരിധി

**ജീ**വിതത്തിലെ ചില രാത്രികൾ അതിവൈകാരികമാണ്. ഉറക്കം വരാത്ത, ചിന്തകൾക്ക് ഭാരം കൂടുന്ന, നിശബ്ദത ശബ്ദത്തെക്കാൾ ഉച്ചത്തിൽ അനുഭവപ്പെടുന്ന, ശരീരത്തിനു ക്ഷീണമാണെങ്കിലും മനസ്സ് അടങ്ങാതെ ഉണർന്നിരിക്കുന്ന, ഉത്തരങ്ങൾ അകലെയാണെന്ന് തോന്നിപ്പിക്കുന്ന ചില രാത്രികൾ. ബഹളങ്ങൾ കുറയുമ്പോൾ അടക്കിപ്പിടിച്ച വികാരങ്ങൾ പുറത്തുവരുന്നു.

ജീവിതത്തിൽ ഒരിക്കലെങ്കിലും എല്ലാവരും ഇത്തരം രാത്രിയിലൂടെ കടന്നുപോകാറുണ്ട്. രാത്രിയും അതിന്റെ നിശ്ചലതയും നമ്മെ വരിഞ്ഞു മുറുക്കുമ്പോൾ, ജീവിതത്തിലെ രാത്രികൾ ഒരിക്കലും അവസാനിക്കുന്നില്ലെന്ന് നമുക്ക് തോന്നിപ്പോകും.

ഈ അനുഭവത്തിലേക്ക് ശാന്തമായി, അധികാരത്തോടെ സംസാരിക്കുന്ന ഒരു ബൈബിൾ വാക്യമാണ് സങ്കീർത്തനം 30:5 "സന്ധ്യയിങ്കൽ കരച്ചൽ വന്നു രാപാർക്കും; ഉഷസ്സിലോ ആനന്ദഘോഷം വരുന്നു." ഇത് വെറും പ്രചോദനാത്മകമായ ചിന്തയല്ല, മറിച്ച് ദൈവികമായ ഒരു വാഗ്ദാനമാണ്. രാത്രി വന്നേക്കാം. രാത്രി നീണ്ടുനിന്നേക്കാം. പക്ഷേ രാത്രി എന്നും നിലനിൽക്കില്ല.

വേദനകൾ ഇനി തീരില്ല എന്നു തോന്നുന്ന ചില കാലഘട്ടങ്ങൾ ജീവിതത്തിലുണ്ടാകും. സമയം കടന്നുപോയിട്ടും ഉണങ്ങാത്ത മുറിവുകൾ, ബന്ധങ്ങളിലെ പെട്ടെന്നുണ്ടായ മാറ്റം, ഉത്തരംലഭിക്കാത്ത പ്രാർത്ഥനകൾ, വിശദീകരണമില്ലാതെ അടഞ്ഞുപോയ വാതിലുകൾ. ഇങ്ങനെയുള്ള സമയങ്ങളിൽ പ്രഭാതം വരുമോ എന്ന് നാം സംശയിച്ചു തുടങ്ങുന്നു. ഇവിടെ സങ്കീർത്തനക്കാരൻ രാത്രിയെ നിഷേധിക്കുന്നില്ല. കണ്ണുനീർ ഉണ്ടാവില്ലെന്നും പറയുന്നില്ല. പകരം പറയുന്നത് "കരച്ചൽ വന്നു രാപാർക്കും" എന്നാണ്. സന്ധ്യയുണ്ടാകും. കരച്ചിലും ഉണ്ടാകും. എന്നാൽ ദൈവത്തിന്റെ കലണ്ടറിൽ ഒരു സമയപരിധിയുണ്ട്. അവിടെ രാത്രി അവസാനിക്കും.

യേശുപോലും കരഞ്ഞു. ലാസറിന്റെ കല്ലറക്കൽ സ്വന്തം ദുഃഖത്തെ അവൻ മറച്ചുവെച്ചില്ല. പകരം അതിലൂടെ കടന്നുപോയി (യോഹന്നാൻ 11:35). അതുകൊണ്ട് നമ്മൾ കരയുമ്പോൾ, നമ്മുടെ വേദനയെ മനസ്സിലാക്കുന്നവനാണ് ദൈവം. കരയുന്നത് അവിശ്വാസമല്ല. വേദനകൾക്കിടയിലും നാം ദൈവത്തിൽ വിശ്വസിക്കുകയാണ്.

### രാത്രിയിലെ നിശബ്ദ പ്രവൃത്തികൾ

രാത്രികാലങ്ങൾ പാഴായിപ്പോകുന്ന സമയങ്ങളല്ല. രാത്രിയിലും നമ്മൾ പലപ്പോഴും അറിയാതെ മറ്റൊരു കാര്യം സംഭവിക്കുന്നുണ്ട് - അത് ദൈവത്തിന്റെ പ്രവർത്തികളാണ്. നിശബ്ദതയിലും ദൈവം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

"രാത്രിയിൽ സ്തോത്രഗീതങ്ങളെ നല്കുന്നവനും..." (ഇയ്യോബ് 35:10).

ചിലപ്പോൾ രാത്രി എന്നത് ദുഃഖം മാത്രമല്ല, രൂപപ്പെടൽ കൂടിയാണ്. പകലിൻ സൗകര്യങ്ങളിൽ ഇരുന്നുകൊണ്ട് പഠിക്കാൻ കഴിയാത്ത പാഠങ്ങൾ ഇരുളിൻ കഷ്ടപ്പാടുകളിൽനിന്ന് നാം പഠിക്കുന്നു. പലരും ദൈവത്തെ ആഴത്തിൽ കണ്ടെത്തിയിട്ടുള്ളത് ഇത്തരം കറുത്ത രാത്രികളിലാണ്.

സങ്കീർത്തനം 30:5 നമുക്കുള്ള ഒരു ഉറപ്പാണ്. രാത്രി താൽക്കാലികമാണ്, പ്രഭാതം അനിവാര്യമാണ്. നമ്മുടെ ഇന്നത്തെ അവസ്ഥയല്ല എന്നന്നേക്കുമുള്ള അവസ്ഥ. അപ്പുറം ഒരു പ്രഭാതം നമുക്കായി ദൈവം നിശ്ചയിച്ചുവച്ചിട്ടുണ്ട്.

### പ്രഭാതത്തിന്റെ വരവ്

പ്രഭാതം എപ്പോഴും ശബ്ദായമാനമായിരിക്കില്ല. പ്രഭാതം എന്നാൽ പെട്ടെന്നുള്ള അത്ഭുതങ്ങളോ വിടുതലോ ആണെന്ന് നാം കരുതുന്നു. എന്നാൽ മിക്കവാറും പ്രഭാതങ്ങൾ നിശബ്ദമായാണ് തുടങ്ങുന്നത്. വെളിച്ചം പതുക്കെ ഇരുട്ടിനെ മാറ്റുന്നു. നിഴലുകൾക്ക് ശക്തി കുറയുന്നു.

അതുപോലെ, നമ്മുടെ ജീവിതത്തിലെ ദൈവത്തിന്റെ വീണ്ടെടുപ്പും പലപ്പോഴും സാവധാനത്തിലാണ്. പ്രതീക്ഷകൾ നിശബ്ദമായി മടങ്ങി വരുന്നു. ആകുലതകൾക്ക് പകരം സമാധാനം വന്നുതുടങ്ങുന്നു. രാത്രിയുടെ ഭാരം പഴയതുപോലെ അനുഭവപ്പെടുന്നില്ല എന്ന് തിരിച്ചറിയുമ്പോഴാണ് പ്രഭാതം വന്നെത്തിയെന്ന് പലപ്പോഴും നാം മനസ്സിലാക്കുന്നത്.

രാത്രിക്കും പകലിനും ഇടയിൽ നമ്മുടെ സാഹചര്യങ്ങൾ മാറണമെന്നില്ല. പലപ്പോഴും ആദ്യം മാറുന്നത് ആ സാഹചര്യത്തെ നേരിടാനുള്ള നമ്മുടെ ആന്തരികശക്തിയാണ്. പ്രഭാതം പുറത്ത് കാണപ്പെടുന്നതിന് മുൻപ് ഉദിക്കുന്നത് ഉള്ളിലാണ്.

വിശ്വാസത്തിന്റെ വെല്ലുവിളി രാത്രിയിൽനിന്ന് രക്ഷപ്പെടുക എന്നതല്ല, മറിച്ച് പ്രതീക്ഷ കൈവിടാതെ പ്രഭാതം വരുന്നതുവരെ കാത്തിരിക്കുക എന്നതാണ്. അതുവരെ മുറുകെപ്പിടിക്കുക. ഇപ്പോൾ വൈകാരികമായോ ആത്മീയമായോ ഒരു 'രാത്രികാലത്തിലൂടെ' ആണ് കടന്നുപോകുന്നതെങ്കിൽ, ഇത് ഓർക്കുക: ഇപ്പോൾ ആയിരിക്കുന്ന രാത്രി ശാശ്വതമല്ല. ഈ രാത്രിയും കണ്ണുനീരും അവസാനമില്ലാത്തതല്ല. പ്രഭാതം വഴിമദ്ധ്യേയാണ്. ദൈവം വിശ്വസ്തനാണ്.

*സുഹൃത്തേ, അവസാന വാക്ക് ദൈവത്തിനുള്ളതാണ്. അതുകൊണ്ട് കാത്തിരിക്കുക. പ്രഭാതം എന്നത് ഒരു വാഗ്ദത്തമാണ്. ദൈവത്തിന്റെ വാഗ്ദത്തങ്ങൾ എപ്പോഴും നിറവേറപ്പെടുക തന്നെ ചെയ്യും.*

■■■

(പേജ് 4 - ൽ നിന്നും)

ഉത്തരവാദിത്വപ്പെട്ടവരുമാകുമ്പോൾ നമ്മുടെ കാര്യങ്ങൾ കർത്താവ് നടത്തിത്തരും. ആത്മരക്ഷ മാത്രം എല്ലാവരും വ്യക്തിപരമായി നേടേണ്ടതാണെന്ന് പറയേണ്ടതില്ലല്ലോ. ചുരുക്കിപ്പറഞ്ഞാൽ Acts (പ്രവർത്തികൾ) എന്നത് ആരാധനയുടെയും (Adoration) ഏറ്റുപറച്ചിലിന്റെയും (Confession) നന്ദിയുടെയും (Thanks) അപേക്ഷയുടെയും (Supplication) ഒത്തുചേരലാണ്. (A-C-T-S- Adoration, Confession, Thanks and Supplication)

നമ്മുടെ മിഷന്റെ പുതുവത്സര പ്രവേശനത്തിൽ നമ്മുടെ പ്രവർത്തനങ്ങൾ ഈ നാലു കാര്യങ്ങളിൽ അധിഷ്ഠിതപ്പെട്ടതാണെന്ന് പ്രിയ വായനക്കാരെ അറിയിപ്പാൻ താത്പര്യമുണ്ട്. ഇന്ന് നമ്മുടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും വിവിധ ഭാഷക്കാരിൽനിന്നും മാനസാന്തരവും ആരാധനയും അപേക്ഷയും സ്തോത്രാർപ്പണവും എണ്ണായിരത്തോളംവരുന്ന വിശ്വാസികളുടെ കണ്ഠങ്ങളിൽനിന്നും ഉയരുമ്പോൾ നമ്മുടെ പ്രവർത്തികൾ വളരുന്നല്ലോ എന്നോർത്തത് ദൈവത്തെ സ്തുതിക്കുന്നു.

വ്യക്തിപരമായും കുടുംബപരമായും കർത്താവിന്റെ ശുശ്രൂഷയിൽ നമുക്ക് മുന്നോട്ടുപോകാൻ ഈ പാക്കേജ് ഫലകരമാകട്ടെ എന്ന് പ്രാർത്ഥനയോടെ

കർത്തൃശുശ്രൂഷകൻ

■■■


ഫെയ്സ്ബുക്ക് പേജ്

www.facebook.com/egmofindia

രക്ഷാ സന്ദേശം

എല്ലാ ഞായറാഴ്ച്ചയും തിരുവചനഭാഗത്ത്
നിന്നുള്ള ധ്യാനചിന്തകൾ





ക്രിസ്തീയ
കുടുംബം

# ലിംഗ ഭേദങ്ങൾ - ദൈവിക പദ്ധതിയിൽ



പ്രൊഫ. ജോൺ സഖറിയ

**കോ**ടാനുകോടി വ്യക്തികൾ ഉള്ള ഈ ലോകത്തിൽ കാഴ്ചയിലും സ്വഭാവത്തിലും ഓരോ വ്യക്തിയും നിസ്തുല്യമാണ് - പുരുഷനായാലും സ്ത്രീയായാലും; ധാരാളം സാമ്യങ്ങൾ ഉണ്ടെങ്കിലും. ദൈവത്തിന്റെ മഹത്തരമായ കരവിരുതാണ് ഇത്. ഒരു മനുഷ്യനെക്കൊണ്ട് ഇത്രമാത്രം നിസ്തുല സ്വഭാവമുള്ള എത്ര വസ്തുക്കളെ നിർമ്മിക്കാൻ കഴിയും? AI കാലഘട്ടത്തിൽ ഒരുപക്ഷേ കൂടുതൽ സാധിക്കുമായിരിക്കാം; എങ്കിലും പരിമിതികൾ ഏറെ ഉണ്ട്.

ഭാര്യാ ഭർത്താക്കന്മാർ - സ്ത്രീയും പുരുഷനും- തമ്മിലുള്ള സംയോഗത്താലാണ് കുഞ്ഞുങ്ങൾ ജനിക്കുന്നതെങ്കിലും യഥാർത്ഥ സ്രഷ്ടാവ് ദൈവം തന്നേ. ചിലപ്പോഴെങ്കിലും പലരും ഒരുപോലെ ആയിരുന്നാൽ കൊള്ളാമെന്ന് നാം ആഗ്രഹിച്ചു പോകാറുണ്ട്. ഇത്രമാത്രം വൈവിധ്യങ്ങൾ വ്യക്തികൾ തമ്മിൽ ഉണ്ടെങ്കിലും എല്ലാവരും തമ്മിൽ ഏകയോഗക്ഷേമത്തോടെ (Total Well -Being and Unity) ജീവിക്കണം എന്നാണ് ദൈവഹിതം. ദൈവം ആദാമിനെയും ഹവ്വായെയും സൃഷ്ടിച്ചത് തന്റെ സാദൃശ്യത്തിലും സ്വഭാവത്തിലും ആയിരുന്നു. അതായത് ദൈവത്തെപ്പോലെ തന്നെ സ്വതന്ത്രമായി തീരുമാനിക്കാനുള്ള സ്വാതന്ത്ര്യത്തോടെ. അവർ ദൈവികപ്രമാണം അനുസരിച്ചപ്പോൾ തമ്മിൽ തമ്മിലും ദൈവത്തോടും തികഞ്ഞ സ്നേഹബന്ധം ഉള്ളവരായിരുന്നു; ഭയമില്ല; സംശയമില്ല. എന്നാൽ ദൈവികപ്രമാണങ്ങൾ ലംഘിച്ചപ്പോൾ ഭയം, സംശയം, നാണം ഇവ ഉണ്ടായി. ദൈവത്തോടുള്ള ബന്ധം മാത്രമല്ല അന്യോന്യം ഉള്ള ബന്ധത്തിലും വിള്ളലുകൾ വന്നു. അതിനുള്ള പരിഹാരം മനുഷ്യനെക്കുറിച്ചുള്ള ദൈവത്തിന്റെ ആദ്യ പ്രമാണത്തിലേക്ക് മനുഷ്യൻ രൂപാന്തരപ്പെട്ട് വരുന്നതാണ്. ദൈവാത്മാവിനാലും ദൈവവചനത്താലും മനസ്സ് പുതുക്കി രൂപാന്തരം പ്രാപിക്കാതെ സ്വന്തം പ്രയത്നത്തിൽ-സ്വയത്തിൽ-സാദ്ധ്യമല്ലതന്നെ.

ഈ ലേഖനത്തിലെ വിഷയം വിവാഹബന്ധത്തിലേക്ക് വരുന്ന സ്ത്രീയും പുരുഷനും തമ്മിലുള്ള ലിംഗ വ്യത്യാസങ്ങളും തത്ഫലമായുണ്ടാകുന്ന മാനസികവ്യാപാരങ്ങളും എത്രമാത്രം വ്യത്യസ്തമായിരിക്കുന്നു എന്നും അങ്ങനെയുള്ളവർ തമ്മിൽ എങ്ങനെ ഏകയോഗക്ഷേമമായി പോകാമെന്നും ഉള്ളതാണ്. ഈ ലിംഗ വ്യത്യാസത്തിലൂടെ ദൈവിക ലക്ഷ്യവും ജ്ഞാനവും വെളിപ്പെടേണ്ടതാണ്. ദൈവത്തിന്റെ മുമ്പിൽ സ്ത്രീയും പുരുഷനും ഒരുപോലെ വില ഉള്ളവരാണ്. വ്യത്യസ്ത പ്രകൃതങ്ങൾ വൈരുദ്ധ്യത്തിനല്ല, ഇരുവരുടെയും ഉത്തരവാദിത്വങ്ങളും സ്വഭാവവിശേഷങ്ങളും പരസ്പരപൂരകങ്ങളായി തീരണം; ശാരീരിക, ലിംഗ വ്യത്യാസങ്ങൾ ഉൾപ്പെടെ. ദൈവവചന വെളിച്ചത്തിൽ ലിംഗ ഭേദ ഭേദങ്ങൾ മനസ്സിലാക്കുന്നത് ദൈവത്തിന്റെ നിസ്തുല രൂപകൽപ്പനയെ മനസ്സിലാക്കാനും ഇരു ലിംഗത്തിൽ ഉള്ളവരുടെ സംഭാവനകളെ പുണരുവാനും ഇടയാക്കും.

സാധാരണഗതിയിൽ പുരുഷന്റെ ശരീരം പരുക്കനാണെങ്കിൽ സ്ത്രീയുടെ ശരീരം മൃദുലമാണ്. പുരുഷൻ കൂടുതലും വിചാര (ബൗദ്ധിക) ജീവിയാണെങ്കിൽ സ്ത്രീ കൂടുതലും വികാര ജീവിയാണ്. പുരുഷന്മാർ പൊതുവേ സാഹസയജ്ഞങ്ങൾ ചെയ്യുന്നവരും പ്രശ്നപരിഹാരികളും ആയിരിക്കും. സ്ത്രീകൾ പൊതുവേ കൂടുതൽ സഹാനുഭൂതി ഉള്ളവരും വൈകാരിക ബുദ്ധിയുള്ളവരുമായിരിക്കും. എന്നാൽ കൃത്യമായി ഈ വേർതിരിവ് പറയാൻ സാധ്യമല്ല. ശാരീരിക വ്യത്യാസങ്ങൾ ഒഴിച്ചാൽ മാനസിക അവസ്ഥകൾ അന്യോന്യം കയറിയും ഇറങ്ങിയുമിരിക്കും. വൈരുദ്ധ്യമല്ല പരസ്പരപൂരകമായ അവസ്ഥകളാണ് നാം ഇവിടെ ദർശിക്കേണ്ടത്. അതിലൂടെയാണ് ദൈവത്തിന്റെ സൃഷ്ടിപ്പിന്റെ മനോഹാരിത വെളിവാകുന്നത്.

**1. ദൈവിക പദ്ധതിയിൽ തുല്യതയും മൂല്യവും**

ദൈവം സ്ത്രീയെയും പുരുഷനെയും തുല്യ അന്തസ്സോടെയും മൂല്യത്തോടെയും ആണ് സൃഷ്ടിച്ചത്. ഉല്പത്തി 1:27-ൽ "ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു; ദൈവത്തിന്റെ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു; ആണും പെണ്ണു

മായി അവരെ സൃഷ്ടിച്ചു" എന്ന് കാണാം. അവനെ എന്നു പറഞ്ഞിരിക്കുന്നതിൽ ആണും പെണ്ണും ഉൾപ്പെട്ടിരുന്നു. ഇരുവരെയും തന്റെ സ്വരൂപത്തിൽ, വിചാരം, വികാരം, ഇച്ഛാശക്തി ഇവയോട് ആത്മാവുള്ളവരായി, ദൈവത്തിന്റെ പ്രകൃതം പോലെ ഒരുപോലെ സൃഷ്ടിച്ചു. അവർ ഇരുവരും ദൈവ സ്വഭാവം പ്രതിബിംബിക്കുന്നവരായിരിക്കുവാൻ, ഒരേ മൂല്യവും പ്രസക്തിയും ഉള്ളവരായിരിപ്പാൻ, ദൈവം നിശ്ചയിച്ചു. ഗലാത്യർ 3:28 ൽ "അതിൽ യെഹൂദനും യവനനും എന്നില്ല; ദാസനും സ്വതന്ത്രനും എന്നില്ല ആണും പെണ്ണും എന്നുമില്ല നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രേ" എന്ന് കാണാം. സ്ത്രീയെ പുരുഷനെക്കാൾ വിലകുറച്ചു കാണുന്ന സമൂഹത്തിൽ, ജാതികളിൽ, ഈ ദൈവികസത്യം നാം മറന്ന് പ്രവർത്തിക്കരുത്. എങ്കിൽ കുടുംബജീവിതം ആസ്വാദ്യകരവും അനുഗ്രഹവും ഫലപൂർത്തിയുള്ളതും ആയിരിക്കും..

**2. വ്യത്യസ്ത ചുമതലകളും ഉത്തരവാദിത്വങ്ങളും**

ഒരേ മൂല്യമാണ് പുരുഷനും സ്ത്രീക്കും ഉള്ളതെങ്കിലും ദൈവിക പദ്ധതിയിൽ ഭവനത്തിലും സഭയിലും സമൂഹത്തിലും അവർക്ക് വ്യത്യസ്ത ചുമതലകളും ഉത്തരവാദിത്വങ്ങളും ദൈവം നിശ്ചയിച്ചിരിക്കുന്നു. ശാരീരിക, വൈകാരിക അവസ്ഥയിലെ പോലെ തന്നേ ഈ ചുമതലകളും പരസ്പര പൂരകങ്ങൾ ആയിരിക്കാൻ ദൈവം ഉദ്ദേശിക്കുന്നു. (എഫെ. 5:22-33; 1 കൊരി.1:3; 1 തിമൊ.5:4,8; ഉല്പ. 2:15,21,22; തീത്തൊ. 2:4,5 വായിക്കുക).

ഭർത്താക്കന്മാർ ഭാര്യമാരെ, ക്രിസ്തു സഭയെ സ്വന്തം ജീവൻ നൽകി സ്നേഹിച്ചു നടത്തുന്നതു പോലെ, ത്യാഗപൂർണ്ണമായി സ്നേഹിക്കുവാനും അവർക്ക് വേണ്ടത് കരുതി കൊടുക്കുവാനും കുടുംബത്തിൽ ആത്മികനേതൃത്വം നൽകുവാനും ചുമതലപ്പെട്ടവരാണ്. ത്യാഗപരമായ സ്നേഹം "വാങ്ങുന്നതിനെക്കാൾ കൊടുക്കുന്നതു ഭാഗ്യം എന്ന കർത്താവിന്റെ പ്രമാണത്തിൽ" ആയിരിക്കണം (അപ്പൊ. പ്ര.20:35). സ്നേഹം കിട്ടാൻ വേണ്ടിയല്ല കൊടുക്കേണ്ടത്. പരിശുദ്ധാത്മാവിനാൽ നിറയുമ്പോൾ കവിഞ്ഞൊഴുകുന്ന ദൈവസ്നേഹം (റോമ. 5:5) ഉള്ളവർക്ക് മാത്രമേ അത് സാധിക്കൂ. ഭാര്യയുടെ സുരക്ഷിതത്വം, കരുതൽ ആവശ്യങ്ങളുടെ നിർവ്വഹണം ഇവയെല്ലാം ഭർത്താവിന്റെ ചുമതലയാണ്.

ഭാര്യ ഭർത്താവിനെ കുടുംബനാഥൻ എന്ന നിലയിൽ, ശരീരത്തിന് തലയോട് വിധേയത്വം ഉള്ളതു പോലെ, സഭക്ക് തലയായ ക്രിസ്തുവിനോടുള്ള വിധേയത്വം പോലെ, ബഹുമാനിക്കുകയും പിന്തുണക്കുകയും ചെയ്യണം.

അതേസമയം ഇരുവരും അന്യോന്യം കീഴ്പ്പെട്ടിരിക്കണം. അന്യോന്യം പ്രത്യേക ഗുണങ്ങൾ ബഹുമാനിച്ച്, സഹായിച്ച്, സഹകരിച്ച്, പരസ്പര പൂരകം ആയി സംഭാവനകൾ ചെയ്യുന്നവർ ആയിരിക്കണം.

ഭർത്താവിന് ഉണ്ടായിരിക്കേണ്ട നേതൃത്വത്തിന്റെ മാതൃക യേശുകർത്താവ് കാണിച്ചിട്ടുണ്ട്. ദാസനായിരുന്ന് നേതൃത്വം കൊടുക്കുന്ന (Servant Leadership), ശിഷ്യന്മാരെ ശുശ്രൂഷിക്കുന്ന, യേശുവിനെപ്പോലെ. പുരുഷൻ (ഭർത്താവ്, പിതാവ്) കുടുംബത്തിലെ ഓരോ അംഗത്തിന്റെയും ശിക്ഷണവും പരിപാലനവും ശാക്തീകരണവും ഇടയ ശുശ്രൂഷയും നിർവ്വഹിക്കുന്നവരെങ്കിൽ സ്ത്രീ (ഭാര്യ, മാതാവ്) ഏവരെയും ശുശ്രൂഷിക്കുന്നവളും ചേർത്തുപിടിക്കുന്നവളും വിട്ടുവീഴ്ച ചെയ്ത് കരുതുന്നവളും ആയിരിക്കണം.

എന്നാൽ കുടുംബകാര്യങ്ങളിൽ, പ്രത്യേകിച്ച് മക്കളെ വളർത്തുന്നതിൽ ഇരുവരും തങ്ങളുടെ ചുമതലകൾ ഒരുമിച്ച് ഉപയോഗിക്കുന്നവർ ആയിരിക്കണം. 'തന്തയും തള്ളയും കൂട്ടി വളർത്തുക' എന്ന ചൊല്ലുണ്ടല്ലോ.

പുരുഷൻ കായബലം കൂടുതൽ ഉള്ളവനാണ്. ആയതിനാൽ അവന്റെ തണലിൽ സ്ത്രീയും കുഞ്ഞുങ്ങളും സുരക്ഷിതത്വം കണ്ടെത്തുന്നു. പ്രശ്ന പരിഹാരം കണ്ടെത്തുക, ലക്ഷ്യങ്ങൾ നിശ്ചയിക്കുക, നേതൃത്വം കൊടുക്കുക, വേണ്ടത് തേടി കൊടുക്കുക എന്നിവ പുരുഷന്റെ ഉത്തരവാദിത്വമാണ്. അതേസമയത്ത് ഇന്നത്തെ സമൂഹത്തിൽ വിദ്യാസമ്പന്നരും ജോലിചെയ്ത് കുടുംബം സംരക്ഷിക്കുന്നവരുമായി സ്ത്രീകളും ഉള്ള വസ്തുത വിസ്മരിക്കുന്നില്ല. അപ്പോൾ അന്യോന്യം ചുമതലകൾ അവസരത്തിനനുസരിച്ച് ഏറ്റുവാങ്ങി ചെയ്യുവാൻ ഭർത്താവിന് ഉത്തരവാദിത്വം ഉണ്ട്.

സ്ത്രീ കൂടുതലും പരിപാലനം, ലാളന, ബന്ധങ്ങൾ സൂക്ഷിക്കുക, വൈകാരികമായി ഇടപെടലുകൾ മൂലം ഉള്ള സുരക്ഷിതത്വം നൽകുക, സഹകരിക്കുക ഇവയിൽ മുമ്പിൽ നിൽക്കുന്നു. ഇവ കൂടാതെ പുരുഷന്റെ താലന്തുകൾക്കും ചുമതലകൾക്കും പൂർത്തീകരണം ഉണ്ടാകുന്നില്ല.

ഈ വക വ്യത്യസ്ത താലന്തുകളും ഉത്തരവാദിത്വങ്ങളും ഒന്ന് ഒന്നിൽനിന്ന് ഉയർന്നതല്ല. എല്ലാം ഒരുമിച്ച് പ്രവർത്തിക്കുമ്പോൾ ഉള്ള മഹിമയാണ് കാണേണ്ടത്. ഒരു ഗാനമേളയിൽ മുമ്പിൽനിന്ന് പാടുന്നവരും വശത്തുനിന്ന് ഉപകരണങ്ങൾ വായിക്കുന്നവരും പുറകിൽ നിന്ന് അത്ര പ്രകടനം ഇല്ലാത്ത വാദ്യോപകരണം ഉപയോഗിക്കുന്നവരും ഇതിനെല്ലാം നേതൃത്വംകൊടുക്കുന്നവനും ചേരുമ്പോഴാണ് ഗാനത്തിന് മാധുര്യം. അതുപോലെയാണ് ലിംഗവ്യത്യാസങ്ങളിലൂടെയും ചുമതലകളുടെ വ്യത്യാസങ്ങളിലൂടെയും മനോഹരമായ ഒരു കുടുംബം കെട്ടിപ്പടുക്കുവാനുള്ള ദൈവിക പദ്ധതി. അതിനാൽ ഭാര്യയും ഭർത്താവും അന്യോന്യം വിലപ്പെട്ടവരും ബഹുമാനിക്കപ്പെടുന്നവരും പ്രശംസിക്കുന്നവരും പ്രോത്സാഹിപ്പിക്കുന്നവരും ആയിരുന്നാൽ കുടുംബജീവിതം മനോഹരവും ആസ്വാദ്യകരവും ആയിരിക്കും. (തുടരും)




ഡോ. നെൽസൺ അബ്രാഹം

# ക്രിസ്തീയജീവിതത്തിൽ പരിസ്ഥിതിയുടെ സ്ഥാനം

**ജൂ**ൺ 5: ലോക പരിസ്ഥിതി ദിനം. ഈ ലേഖനത്തിലൂടെ നാം ജീവിക്കുന്ന ചുറ്റുപാടുകളിൽ നമ്മെ ഏറെ അസ്വസ്ഥമാക്കുന്ന ചില ഘടകങ്ങളെ ഒന്ന് ചിന്തനീയമാക്കാം.

നാം ഇക്കാലത്ത് അത്യുഷ്ണം അനുഭവിക്കുന്നു. സൂര്യതാപം വളരെ വർദ്ധിച്ചിരിക്കുന്നു. U. V. വികിരണം അപകടകരമായ അവസ്ഥയിൽ നിലനിൽക്കുന്നു. മനുഷ്യനും മറ്റു ജീവജാലങ്ങൾക്കും നിർജലീകരണംമൂലം മരണംവരെ സംഭവിക്കുന്നു ജലാശയങ്ങൾ വറ്റിവരണ്ടുപോയിരിക്കുന്നു. എന്താണ് ഇതിന്റെ എല്ലാം മൂലകാരണങ്ങൾ? മനുഷ്യന്റെ അത്യാർത്തിയുടെ അനന്തരഫലമായ പരിസ്ഥിതി നാശമാണ് ഒരു കാരണം.

പരിസ്ഥിതിനാശത്തെക്കുറിച്ചുള്ള അറിയിപ്പുകളും ഭാവിയിൽ ഉണ്ടാകാൻ സാധ്യതയുള്ള മഹാനാശത്തെക്കുറിച്ചുള്ള പ്രവചനങ്ങളും ഉയർത്തുന്ന ഭീതിജനകമായ അന്തരീക്ഷത്തിലാണ് ഇന്ന് മനുഷ്യജീവിതം. ആഗോള താപനം മുതൽ ന്യൂക്ലിയർ അപകടം വരെയുള്ള നാനാവിധ പ്രതിബന്ധങ്ങളാണ് നമുക്ക് ചുറ്റും. ക്രിസ്ത്യാനി എന്ന നിലയിൽ നാം ഇന്ന് എത്രമാത്രം ഇത്തരത്തിലുള്ള മാറ്റത്തെക്കുറിച്ച് ബോധവാന്മാരാണ് എന്ന് ചിന്തിക്കണം. വേദപുസ്തക അടിസ്ഥാനത്തിൽ ഒരു വിശകലനം അത്യന്താപേക്ഷിതമായിരിക്കുന്ന ഒരു കാലമാണിത്.

ബൈബിളിന്റെ ആദ്യ പുസ്തകമായ ഉല്പത്തി 1,2 അദ്ധ്യായങ്ങളിൽ ദൈവം ലോകത്തെ സൃഷ്ടിച്ചതിനെ പരാമർശിച്ചിട്ടുണ്ട്. 'ദൈവം സൃഷ്ടിച്ചതെല്ലാം നല്ലതായിരുന്നു' എന്ന വചനത്തിൽ സൃഷ്ടിയുടെ മഹത്വം പ്രതിഫലിക്കുന്നു. ഇതിൻപ്രകാരം ദൈവം എന്ന സ്രഷ്ടാവിൽ കേന്ദ്രീകൃതമാണ് ക്രിസ്തീയജീവിതം. ഭൂമിയും അതിലെ സർവ്വസ്വവും-മനുഷ്യൻ, സസ്യജാലങ്ങൾ, ജന്തുക്കൾ, വായു, വെള്ളം, എല്ലാം ദൈവസൃഷ്ടിയാണെന്ന് ബൈബിൾ പഠിപ്പിക്കുന്നു. ദൈവം മനുഷ്യനെ തന്റെ പ്രതിച്ഛായയിൽ സൃഷ്ടിച്ച് സകല സൃഷ്ടിയുടെയും കാര്യവിചാരകനാക്കി മാറ്റി. ഉല്പത്തി 2:15-ൽ "യഹോവയായ ദൈവം മനുഷ്യനെ ഭൂമിയിൽ വേല ചെയ്യുവാനും അതിനെ സംരക്ഷിക്കുവാനും ഉള്ള ഉത്തരവാദിത്വം ഏൽപ്പിച്ചു" എന്നു കാണാം. ഇത് മനുഷ്യൻ പ്രകൃതിയുടെ ഉടമയല്ല മറിച്ച് സംരക്ഷകനാണ് എന്ന സന്ദേശം നൽകുന്നു. ഇന്ന് മനുഷ്യൻ പ്രകൃതിയെ ചൂഷണം ചെയ്യുന്നതിലൂടെ ഈ ഉത്തരവാദിത്വം മറന്നുപോകുന്നു. വനനശീകരണം, പ്രകൃതിമലിനീകരണം, ജലക്ഷാമം തുടങ്ങിയ പ്രശ്നങ്ങൾ മനുഷ്യന്റെ അനാസ്ഥയുടെ ഫലങ്ങളാണ്. ക്രിസ്തീയജീവിതം നയിക്കുന്നവർ ഇത് തിരുത്തേണ്ടത് അനിവാര്യമാണ്.

ഇയ്യോബ് 38 മുതൽ 41 വരെയുള്ള അദ്ധ്യായങ്ങളിൽ ദൈവസൃഷ്ടിയായ ഭൂമിയെയും പ്രകൃതി

യെയും വർണ്ണിക്കുന്നു. സങ്കീർത്തനങ്ങൾ 19, 24, 104 ദൈവത്തിന്റെ ഭൂമിയിൻമേലുള്ള കൈപ്പണിയും അധികാരവും വിവരിക്കുന്നു. റോമർ 1:20 ഇപ്രകാരം പറയുന്നു "അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോകസൃഷ്ടിമുതൽ അവന്റെ പ്രവർത്തികളാൽ ബുദ്ധിക്ക് തെളിവായി വെളിപ്പെട്ടുവരുന്നു." വി. പൌലൊസ് കൊലൊസ്യർ 1: 16 ലൂടെ നമ്മെ പഠിപ്പിക്കുന്നതും ഇതുതന്നെയാണല്ലോ "കർത്തൃത്വങ്ങൾ ആകട്ടെ വാഴ്ചകൾ ആകട്ടെ അധികാരങ്ങൾ ആകട്ടെ സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു. അവൻ മുഖാന്തരവും അവന്നായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു". പ്രകൃതിക്ക് നിശ്ചയമായും ദൈവസൃഷ്ടി എന്ന മൂല്യമുണ്ട്. കാലത്തിന്റെ മാറ്റത്തിന് അനുസരിച്ച് മാറാൻ ഉള്ളതല്ല പ്രകൃതി. കാരണം ദൈവമാണ് അതിനെ സൃഷ്ടിച്ചത്. ഈ പരമസത്യം നാം ഉൾക്കൊണ്ടിട്ടുണ്ടോ? ദൈവച്ഛായയുള്ള മനുഷ്യന്റെ ഉത്തരവാദിത്വം ദൈവസൃഷ്ടിയായ സകല ചരാചരങ്ങളുടെയും പരിചരണം (കാര്യവിചാരകത്വം) ആണ്. അല്ലാതെ ആധിപത്യം സ്ഥാപിച്ച് വീണ്ടുവിചാരം ഇല്ലാതെ അതിന്റെ അമിത ഉപഭോഗം അല്ല എന്ന് നാം തിരിച്ചറിയണം.

വി. മത്തായി എഴുതിയ സുവിശേഷം 25-ാം അദ്ധ്യായത്തിൽ താലന്തുകളുടെ ഉപമ നമ്മെ പഠിപ്പിക്കുന്നത് എന്താണ്? നാം ജീവിക്കുന്ന ഈ പ്രകൃതിയെ അഥവാ പരിസ്ഥിതിയെ ക്രയവിക്രയം ചെയ്ത് ഇരട്ടിയായി വർദ്ധിപ്പിക്കണം എന്നതല്ലേ? ക്രിസ്തുവാകുന്ന യജമാനൻ തന്റെ രണ്ടാം വരവിൽ ഇതല്ലേ നമ്മിൽനിന്നും പ്രതീക്ഷിക്കുന്നത്? നമ്മുടെ ഉത്തരവാദിത്വം നാം തിരിച്ചറിഞ്ഞേ മതിയാകൂ. പ്രകൃതിയുമായി ഇണങ്ങി ജീവിക്കുവാൻ ഉത്തരവാദിത്വമുള്ള മനുഷ്യൻ അത് മറക്കുമ്പോൾ ദൈവം തന്ന അവസരം നഷ്ടപ്പെടുത്തുകയാണ് എന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. ദ്രവ്യാഗ്രഹം മൂലം നാം ദൈവസൃഷ്ടിയുടെ മഹത്വം പൂർണ്ണമായി വിസ്മരിക്കുന്നു. ഫ്രാൻസിസ് ഷാഫർ എന്ന ചിന്തകൻ പറയുന്നു 'ഉറുമ്പ് നമ്മുടെ വീട്ടിൽ കൂടുകൂട്ടിയാൽ അത് ഇളക്കി മാറ്റാം എന്നാൽ ഉറുമ്പിനെ ഉന്മൂലനാശം വരുത്തുന്ന പ്രവർത്തി ഉറുമ്പ് ഒരു ദൈവസൃഷ്ടിയാണ് എന്ന ചിന്ത വിസ്മരിക്കുന്നത് ആണ്.' ദൈവസൃഷ്ടി എന്ന നിലയിൽ ഉറുമ്പും നാമും ഒരുപോലെയാണ് എന്ന തിരിച്ചറിവ് ഒരു ക്രിസ്ത്യാനിയായ നമ്മിൽ ഉണ്ടാകണം.

ലേവ്യാപുസ്തകം 25:1-12 വാക്യങ്ങളിൽ പ്രകൃതി സംരക്ഷണനിയമം നമുക്ക് നൽകിയിരിക്കുന്നു ആവർത്തനപുസ്തകം 22: 6, 25 :4, വാക്യങ്ങളിൽ പക്ഷിമൃഗാദികളോട് നാം എങ്ങനെ പെരുമാറണം എന്ന് ഉദ്ബോധിപ്പിക്കുന്നു. യെശയ്യാവ് 5:8-10 വാക്യങ്ങളിൽ ഭൂമിയെ ദുരുപയോഗം ചെയ്യുന്നവർക്കുള്ള അനുഭവം ദൈവം പ്രതിപാദിക്കുന്നു. നമ്മുടെ ഇന്നിന്റെ അനുഭവം ഇതുതന്നെ അല്ലേ എന്ന് നാം ചിന്തിക്കണം. നമ്മുടെ ജൈവസമ്പത്തിന്റെ- വൃക്ഷലതാദികളുടെ സംരക്ഷണത്തിന് ആവശ്യമായ വചനങ്ങളാണ് ഇയ്യോബ് 38 :25-28 വാക്യങ്ങളിലൂടെയും സങ്കീർത്തനം 104 ലും നാം ഗ്രഹിക്കേണ്ടത്. ചെറു കുരുവിയെ പോലും ദൈവം എത്ര സൂക്ഷ്മതയോടെ പരിപാലിക്കുന്നു എന്ന് മത്തായി 6:26,10:29 വാക്യങ്ങളിൽ നാം കാണുന്നു. അപ്പോൾ നമുക്ക് എങ്ങനെ ഇവയുടെ നാശകരാകാൻ കഴിയും? ക്രിസ്ത്യാനികളായ നാം ദൈവത്തിന്റെ വചനങ്ങൾ അനുസരിച്ച് പ്രവർത്തിച്ച് പ്രകൃതിയെ സംരക്ഷിക്കേണ്ടവരല്ലേ?

**ക്രിസ്ത്യാനി എന്ന നിലയിൽ**
**നമ്മുടെ ഉത്തരവാദിത്വം**

നാം മറ്റു ജാതികളെക്കാൾ പാരിസ്ഥിതിക ഉത്തരവാദിത്വം ഉള്ളവരാകണം. എന്തെന്നാൽ നാം വീണ്ടെടുക്കപ്പെട്ട സ്വന്തജനമാണ്. സ്രഷ്ടാവിനോട് ഏറ്റവും അടുത്തവരാണ്. പറുദീസയുടെ കൂട്ടവകാശികളും ആണ്. പാരിസ്ഥിതിക ഉത്തരവാദിത്വം മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കേണ്ടവരാണ് നാം. പരിസ്ഥിതി സംരക്ഷണത്തിൽ നമുക്ക് ചെയ്യാൻ പറ്റുന്ന ചില പ്രായോഗിക ഉത്തരവാദിത്വങ്ങൾ എന്തെല്ലാമാണെന്ന് നോക്കാം. പ്രകൃതിസമ്പത്തുകളുടെ സംരക്ഷണം ലക്ഷ്യമാക്കി, ജലവും വൈദ്യുതിയും മിതമായി ഉപയോഗിക്കുക, പ്രകൃതിയെ മലിനീകരിക്കുന്ന പ്ലാസ്റ്റിക്, രാസവസ്തുക്കൾ, കീടനാശിനികൾ ഇവയുടെ ഉപയോഗം കുറക്കുക, വൃക്ഷത്തൈകൾ നട്ട് പരിപാലിക്കുക, പരിസ്ഥിതി ബോധവൽക്കരണം നടത്തുക,ഇവ ചെറുതായി തോന്നുന്ന പ്രവർത്തികൾ ആണെങ്കിലും വലിയ മാറ്റങ്ങൾ സൃഷ്ടിക്കുവാൻ സഹായിക്കുന്നു.

ശാസ്ത്രം വിവരിക്കുന്ന ഭൗതികവാദത്തെ എതിർക്കുന്നവരാണ് ക്രിസ്ത്യാനികൾ എങ്കിലും പ്രകൃതിനശീകരണത്തിൽ നാം സാങ്കേതികവിദ്യ വികസനത്തെ മുറുകെപ്പിടിച്ച് ഭൗതികവാദികളെക്കാൾ അധ:പതിച്ചിരിക്കുന്നു എന്ന തിരിച്ചറിവ് നമുക്കുണ്ടാകട്ടെ. അനേക ഉദാഹരണങ്ങൾ ദൈനംദിന ജീവിതത്തിൽനിന്ന് ഉദ്ധരിക്കാവുന്നതാണ്. പ്രകൃതിക്ക് അനുയോജ്യമല്ലാത്ത നമ്മുടെ പ്രവർത്തികൾ നാം തന്നെ കണ്ടെത്തി തിരുത്തലിന്റെ പാതയിലൂടെ മുന്നേറാം. യജമാനന്റെ മടങ്ങിവരവിൽ വിശ്വസ്ത ദാസന്മാരായിരിക്കാം. സങ്കീർത്തനം 24:1-ൽ പറയുന്ന പ്രകാരം "ഭൂമിയും അതിന്റെ പൂർണ്ണതയും ഭൂതലവും അതിന്റെ നിവാസികളും യഹോവെക്കുള്ളതാകുന്നു" എന്നുള്ളതിൽ ഒന്നു മാത്രമാണ് നാം എന്നും തിരിച്ചറിഞ്ഞ് വിശാലമായ സഹജീവിതവും സഖിത്വവും സ്വായത്തമാക്കുവാൻ ദൈവം നമ്മെ ഓർമ്മപ്പെടുത്തുന്നു. അതിനായി ലോകപരിസ്ഥിതിദിന ചിന്തകൾ നമ്മെ ഉത്തേജിതരാക്കട്ടെ. ■■■



വനിതാ വിചാരം



ലീലാമ്മ ഉമ്മൻ

# ശൂനേംകാരത്തി (2 രാജാന്മാർ 4:8–37)

ഒരു ദിവസം എലീശായുടെ ശുശ്രൂഷാരംഭകാലത്തിൽ എലീശാ ശൂലേമിലേക്കു പോയി. അവിടെ ധനികയായൊരു സ്ത്രീയുടെ ഭവനം ഉണ്ടായിരുന്നു. അവൾ പ്രത്യേക പേരിൽ ഒന്നും അറിയപ്പെട്ടിരുന്നവൾ അല്ല. അതുവഴി കടന്നുപോയ എലീശായെ അവൾ വീട്ടിലേക്ക് ക്ഷണിക്കുകയും ഭക്ഷണത്തിനും മറ്റും നിർബന്ധിക്കുകയും ചെയ്തു. പിന്നീട് എലീശാ ആ വഴി പോകുമ്പോഴൊക്കെയും ഭക്ഷണത്തിന് അവിടെ കയറും. അവൾ തന്റെ ഭർത്താവിനോട്, നമ്മുടെ വഴിയായി കൂടെക്കൂടെ കടന്നുപോകുന്ന ഈ മനുഷ്യൻ വിശുദ്ധനായൊരു ദൈവപുരുഷൻ എന്ന് ഞാൻ കാണുന്നു. നാം ചുവരോടുകൂടിയ ചെറിയൊരു മാളികമുറി പണിതുണ്ടാക്കി അതിൽ ഒരു കട്ടിലും ഒരു മേശയും ഒരു നാൽക്കാലിയും ഒരു നിലവിളക്കും വെച്ചാൽ അവൻ നമ്മുടെ അടുക്കൽ വരുമ്പോൾ അവന് അവിടെ കയറി പാർക്കാമല്ലോ എന്ന് പറഞ്ഞു.

പിന്നെ എലീശാ അവിടെ വരുവാൻ ഇടയായപ്പോൾ ആ മാളികമുറിയിൽ കയറി അവിടെ കിടന്നുറങ്ങി. പിന്നെ അവൻ തന്റെ ബാല്യക്കാരനായ ഗേഹസിയെ വിളിച്ച് ഇത്ര താത്പര്യത്തോടെ തങ്ങൾക്കുവേണ്ടി സകലവും കരുതിയ അവരുടെ ആവശ്യങ്ങളെ ചോദിച്ചറിയുവാൻ ആരാഞ്ഞപ്പോൾ, അവർക്ക് മക്കളില്ലെന്നും അവളുടെ ഭർത്താവ് വൃദ്ധൻ ആകുന്നു എന്നും ഗേഹസി അറിയിച്ചു. അപ്പോൾ എലീശാ അവളെ വിളിച്ച്, വരുന്ന ആണ്ടിൽ ഈ സമയമാകുമ്പോഴേക്ക് നീ ഒരു മകനെ അണച്ചുകൊള്ളും എന്ന് പറഞ്ഞു. പിറ്റേ ആണ്ടിൽ ആ സ്ത്രീ ഗർഭംധരിച്ച് എലീശാ പറഞ്ഞ സമയത്തു തന്നേ ഒരു മകനെ പ്രസവിച്ചു. ബാലൻ വളർന്നപ്പോൾ ഒരു ദിവസം അവൻ കൊയ്ത്തുകാരോടുകൂടെ ഇരുന്ന തന്റെ അപ്പന്റെ അടുക്കൽ ചെന്നു. അവൻ അപ്പനോട് 'എന്റെ തല എന്റെ തല' എന്ന് പറഞ്ഞു, അപ്പൻ ഒരു ബാല്യക്കാരനോടുകൂടെ അവനെ അമ്മയുടെ അടുക്കൽ അയച്ചു. അമ്മയുടെ അടുക്കൽ എത്തിയ മകൻ ഉച്ചവരെ അമ്മയുടെ മടിയിൽ ഇരുന്നശേഷം മരിച്ചുപോയി. അമ്മ മകനെ ദൈവപുരുഷനുവേണ്ടി ഒരുക്കിയ മുറിയിൽ അവന്റെ കട്ടിലിന്മേൽ കിടത്തി. വാതിൽ അടച്ചു പുറത്തിറങ്ങി. പിന്നീട് തന്റെ ഭർത്താവിനെ വിവരങ്ങൾ അറിയിച്ച് അവൾ ദൈവപുരുഷന്റെ അടുക്കൽ പോകാനുള്ള കാര്യങ്ങൾ ചെയ്തെടുത്ത് ബാല്യക്കാരനോടൊത്ത് കർമ്മേൽപർവ്വതത്തിൽ ദൈവപുരുഷന്റെ അടുക്കൽ എത്തി. ദൂരെനിന്ന് അവളെക്കണ്ട ദൈവപുരുഷൻ തന്റെ ബാല്യക്കാരനായ ഗേഹസിയോട് ശൂനേംകാരത്തി വരുന്നെന്നും അവളോട് വിവരങ്ങൾ അന്വേഷിക്കുവാനും പറയുന്നു. ദൈവപുരുഷന്റെ അടുക്കൽ എത്തിയ അവൾ അവന്റെ കാൽ പിടിച്ചു; അവളെ മാറ്റുവാൻ അടുത്ത ഗേഹസിയോട്, അവൾക്ക് വളരെ മനോവിഷമം ഉണ്ട്, അവളെ വിടുക എന്നും യഹോവ അത് എന്നെ അറിയിക്കാതെ മറച്ചിരിക്കുന്നു എന്നും പറഞ്ഞു. സ്ത്രീയുടെ മനോവിഷമം കേട്ട എലീശാ ഗേഹസിയോട് അവളുടെ കൂടെ പോകുവാനും അവിടെ ചെന്ന് ചെയ്യേണ്ട കാര്യങ്ങളും അറിയിച്ചു. എന്നാൽ സ്ത്രീയുടെ നിർബന്ധത്താൽ എലീശായും അവളുടെ കൂടെ പോയി. അവിടെ എത്തിയ ഗേഹസി എലീശാ പറഞ്ഞതുപോലെയൊക്കെ ചെയ്തെങ്കിലും ബാലന് അനക്കമോ ഉണർച്ചയോ ഉണ്ടായില്ല. ബാലൻ ഉണർന്നില്ല എന്ന വിവരം എലീശായെ അറിയിച്ചപ്പോൾ വീട്ടിൽ എത്തിയ എലീശാ കട്ടിലിൽ ബാലൻ മരിച്ചുകിടക്കുന്നതു കണ്ടു താനും ബാലനും മാത്രം അകത്ത് ആയിരിക്കെ അവൻ വാതിൽ അടച്ചു യഹോവയോടു

പ്രാർത്ഥിച്ചു. പിന്നെ അവൻ കയറി ബാലന്റെമേൽ കിടന്നു. തന്റെ വായ് ബാലന്റെ വായമേലും തന്റെ കണ്ണ് അവന്റെ കണ്ണിന്മേലും തന്റെ ഉള്ളംകൈകൾ അവന്റെ ഉള്ളംകൈകളിന്മേലും വച്ച് അവന്റെ മേൽ കവിണ്ണുകിടന്നപ്പോൾ ബാലന്റെ ദേഹത്തിന്നു ചൂടുപിടിച്ചു. വീണ്ടും അതുപോലെ ചെയ്തപ്പോൾ ബാലൻ ഏഴുപ്രാവശ്യം തുമ്മി കണ്ണു തുറന്നു. എലീശാ ഗേഹസിയെ വിളിച്ച് ശൂനേംകാരിയെ വിളിക്കുവാൻ കല്പിച്ചു. അകത്ത് വന്ന അവളോട് നിന്റെ മകനെ എടുത്തുകൊണ്ടു പൊയ്ക്കൊള്ളുക എന്ന് പറഞ്ഞു. അവൾ എലീശായുടെ കാൽക്കൽ സാഷ്ടാംഗം വീണു നമസ്കരിച്ചു. തന്റെ മകനെ എടുത്തുകൊണ്ടുപോയി (2 രാജാ 4:8–37).

ശൂനേമ്യസ്ത്രീയുടെ ഈ സംഭവത്തിൽ മൂന്ന് ഉപസംഭവങ്ങൾ അടങ്ങിയിരിക്കുന്നു. (1) വിശ്വസ്തയായ സ്ത്രീക്ക് ഒരു മകനെ നൽകി ദൈവം അവളെ അനുഗ്രഹിച്ചു (4:8–17).

(2) ദാനമായി നൽകിയ മകനെ അവളിൽ നിന്നും എടുത്തുകൊണ്ട് ദൈവം അവളെ കഠിനമായ പരിശോധനയിലൂടെ കടത്തിവിട്ടു (4:18–21). (3) വാഗ്ദത്തത്തിൻ ദൈവവചനത്തെ അവൾ മുറുകെ പിടിച്ചതിനാൽ ദൈവം അവളുടെ മകന്റെ ജീവൻ തിരികെ നൽകി (4:22–37). അനേകം സന്ദർഭങ്ങളിൽ വിശദീകരിക്കാനാവാത്ത കഷ്ടതയിലൂടെയും പരിശോധനയിലൂടെയും കടന്നുപോകുവാൻ ദൈവം തന്റെ വിശ്വസ്തരെ അനുവദിക്കുമെങ്കിലും ദൈവത്തെ അവർ വിശ്വാസത്താൽ മുറുകെ പിടിക്കുന്നത് നിമിത്തം പിന്നീട് ദൈവസ്നേഹവും കൃപയും കരുണയും അനുഭവിക്കുവാൻ അവർക്ക് സാധിക്കുന്നു.

യിസ്രായേൽജനത്തിന്റെ പിന്മാറ്റത്തിനുള്ള ശിക്ഷയെന്ന നിലയിൽ ദൈവം യിസ്രായേലിന്റെ മേൽ ക്ഷാമം അയച്ചു. യഹോവ ദേശത്ത് ഒരു ക്ഷാമം വരുത്തുവാൻ പോകുന്നു, അത് ഏഴു സംവത്സരം ദേശത്ത് ഉണ്ടായിരിക്കും എന്നുള്ളതുകൊണ്ട് എലീശാ താൻ മകനെ ജീവിപ്പിച്ചുകൊടുത്തിരുന്ന സ്ത്രീയോട്, (ശൂനേംകാരത്തി) നീയും നിന്റെ ഭവനവും പുറപ്പെട്ട് എവിടെയെങ്കിലും പരദേശവാസം ചെയ്തുകൊൾവിൻ എന്നറിയിച്ചു. ആ സ്ത്രീ ദൈവപുരുഷൻ പറഞ്ഞതുപോലെ അവളും ഭവനവും ഫെലിസ്ത്യദേശത്ത് പോയി ഏഴു സംവത്സരം പരദേശവാസം ചെയ്തു. ഏഴു സംവത്സരം കഴിഞ്ഞിട്ട് മടങ്ങിവന്ന്, പിന്നെ അവൾ തന്റെ വീടും നിലവും സംബന്ധിച്ച് രാജാവിനോട് സങ്കടം ബോധിപ്പിപ്പാൻ ചെന്നു. അന്നേരം രാജാവ് ദൈവപുരുഷന്റെ ബാല്യക്കാരനായ ഗേഹസിയോട് സംസാരിക്കയിൽ എലീശാ ചെയ്ത വൻകാര്യങ്ങളൊക്കെയും നീ എന്നോട് വിവരിച്ചുപറക എന്ന് പറഞ്ഞു. മരിച്ചുപോയവനെ ജീവിപ്പിച്ച വിവരം അവൻ രാജാവിനെ കേൾപ്പിക്കുമ്പോൾ തന്നേ ശൂനേംകാരത്തി വന്നു തന്റെ വീടും നിലവും സംബന്ധിച്ച് രാജാവിനോട് സങ്കടം ബോധിപ്പിച്ചു. അപ്പോൾ ഗേഹസി ഇവൾതന്നെയാണ് ആ സ്ത്രീ എന്ന് അറിയിക്കുകയും കാര്യങ്ങൾ രാജാവ് സ്ത്രീയോടും ചോദിക്കുകയും അവൾ എല്ലാം വിവരിച്ചു പറയുകയും ചെയ്തു. ഉടനെ രാജാവ് ഒരു ഉദ്യോഗസ്ഥനെ നിയമിച്ചു, അവൾക്കുണ്ടായിരുന്നതൊക്കെയും അവൾ ദേശം വിട്ടുപോയ നാൾമുതൽ ഇതുവരെയുള്ള നിലത്തിന്റെ ആദായവും അവൾക്ക് കൊടുപ്പിക്കേണം എന്ന് കല്പിച്ചു (2 രാജാ 8:1–6).

ജീവിതത്തിന്റെ വിവിധ തുറകളിലുള്ള ജനങ്ങളുടെയിടയിൽ എലീശാ വിശേഷിച്ച് "ദൈവപുരുഷൻ" എന്നറിയപ്പെടുന്നു. ഏതൊരു ശുശ്രൂഷകനും ലഭിക്കാവുന്നതിൽ വച്ച് ഏറ്റവും വലിയ ബഹുമതിയാണ് അവൻ ഒരു "ദൈവപുരുഷൻ" ആകുന്നു എന്നത്. ദൈവത്തിന്റെ പ്രതിനിധി എന്ന നിലയിൽ ആത്മീയ അധികാരത്തോടെ സംസാരിക്കുന്നതിനും യഹോവയുടെ വചനം വിശ്വസ്തതയോടെ ഘോഷിക്കുന്നതിനും തന്നെ പ്രാപ്തനാക്കുന്ന യഹോവയുടെ ആത്മാവ് അവന്റെമേൽ ഉണ്ടായിരുന്നു. വളരെയധികം ശ്രേഷ്ഠതയും കൃപകളുമുള്ള ഒരു പ്രവാചകനെന്ന നിലയിൽ അവന്റെ ശുശ്രൂഷയെ ദൈവം ശക്തമായ അത്ഭുതങ്ങളാലും അടയാളങ്ങളാലും ഉറപ്പിച്ചു. അതുകൊണ്ടാണല്ലോ ശൂനേംകാരത്തി തന്റെ ജീവിതത്തിലുണ്ടായ പരിശോധനാഘട്ടത്തിൽ നഷ്ടപ്പെട്ട തന്റെ മകന്റെ ജീവനുവേണ്ടി യാചിക്കുവാൻ പ്രവാചകന്റെ അടുക്കൽ എത്തിയത്.

വിശ്വാസത്യാഗത്തിന്റെ കാലഘട്ടത്തിൽ ശൂനേംകാരത്തി ആത്മാർത്ഥമായ വിശ്വാസം വെളിപ്പെടുത്തുകയും ദൈവപുരുഷനോട് വിശ്വസ്തയായി നിലകൊള്ളുകയും ചെയ്തതുകൊണ്ട് അവളുടെ ആവശ്യസമയത്ത് ദൈവം അവൾക്ക് വഴി കാണിക്കുകയും സഹായിക്കുകയും ചെയ്തു. ശൂനേംകാരി പ്രവാചകനോട് കാണിച്ച വിശ്വസ്തതക്ക് തക്ക പ്രതിഫലം ലഭിച്ചു. വിശുദ്ധ മത്തായി 10:41 ൽ ഇപ്രകാരം പറയുന്നു, "പ്രവാചകൻ എന്നുവെച്ച് പ്രവാചകനെ കൈക്കൊള്ളുന്നവന്നു പ്രവാചകന്റെ പ്രതിഫലം ലഭിക്കും; നീതിമാൻ എന്നുവെച്ച് നീതിമാനെ കൈക്കൊള്ളുന്നുവന്നു നീതിമാന്റെ പ്രതിഫലം ലഭിക്കും." ദൈവഭക്തിക്കും നീതിക്കും വേണ്ടിയുള്ള തങ്ങളുടെ നിലപാടുനിമിത്തം ഏറ്റവുമധികം നിരസിക്കപ്പെടുന്നവരും പീഡിപ്പിക്കപ്പെടുന്നവരുമാണ് പ്രവാചകന്മാരും നീതിമാന്മാരും. അവർ സത്യം പ്രഘോഷിക്കുന്നു എന്നതാണ് അതിനു കാരണം.

ആകയാൽ പ്രിയരെ, ആ ശൂനേംകാരിയെപ്പോലെ ദൈവമക്കളെ കരുതുവാനും ശുശ്രൂഷിക്കുവാനും വിശ്വസ്തതയോടെ നില്പാനുമുള്ള കൃപ നമുക്കും തരണേ എന്ന് പ്രാർത്ഥിക്കാം. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ.!!

(തുടരും.)

■■■



യൂത്ത് കോർണർ



Rev. ബേസിൽ ജോർജ്

# ദൈവഹിതം

ഓരോ വിശ്വാസിയുടെയും ജീവിതത്തിൽ ഉയരുന്ന പലവിധമായ ചോദ്യങ്ങളിലും അവർ ദൈവഹിതം അറിയുവാൻ ആഗ്രഹിക്കുന്നു. ഞാൻ ആരെയാണ് വിവാഹം കഴിക്കേണ്ടത്? ഏതു ജോലിയാണ് തെരഞ്ഞെടുക്കേണ്ടത്? ഞാൻ ഏതു കോഴ്സ് ആണ് പഠിക്കേണ്ടത്? വിദേശജോലിയോ പഠനമോ തെരഞ്ഞെടുക്കണമോ? മുഴുവൻസമയം സുവിശേഷവേലക്ക് പോകണോ എന്നിങ്ങനെ തുടങ്ങുന്നു പലരുടെയും ചോദ്യങ്ങൾ. ഈ ചോദ്യങ്ങൾക്കൊക്കെ ഉത്തരം കണ്ടെത്തുന്നത് ഓരോരുത്തർക്കും വ്യത്യസ്തമായ നിലയിൽ ആയിരിക്കും. എല്ലാവരും മുഴുവൻസമയം സുവിശേഷവേലക്ക് പോകുവാൻ ബൈബിൾ പറയുന്നില്ല.

പൊതുവേ ബൈബിളിൽ ദൈവഹിതം എന്ന വാക്ക് ഉപയോഗിക്കുമ്പോൾ രണ്ട് അർത്ഥത്തിൽ ഉപയോഗിക്കാറുണ്ട്. ഒന്നാമതായി അത് ദൈവത്തിന്റെ പരമാധികാരത്തിൽ മാത്രം വരുന്ന കാര്യമാണ്. ഉദാഹരണത്തിന് യേശുക്രിസ്തുവിന്റെ ക്രൂശ്മരണം, 1948 ലെ യിസ്രായേലിന്റെ പുനഃസ്ഥാപനം, യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവ് എന്നിവ യാതൊരു കാരണവശാലും മാറ്റമില്ലാതെ നടപ്പിലാക്കേണ്ട കാര്യങ്ങളാണ്. രണ്ടാമതായി ദൈവം തന്റെ മക്കളുടെ ജീവിതത്തിൽ ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്ന ചില കാര്യങ്ങളാണ്. അത് ദൈവം മനുഷ്യന്റെ സ്വതന്ത്രമായ തീരുമാനത്തിന് വിട്ടുകൊടുത്തിരിക്കുന്ന കാര്യങ്ങളാണ്. അത് പലപ്പോഴും വ്യക്തിപരവും അതിന്റെ അനന്തരഫലങ്ങൾ ആ വ്യക്തിയെ മാത്രം ബാധിക്കുന്നതുമാണ്. അതുകൊണ്ടുതന്നെ ഓരോ മനുഷ്യന്റെയും വിധി ദൈവം തീരുമാനിച്ചിരിക്കുന്നു എന്നുള്ള ചിന്താഗതി ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ അല്ല.

ദൈവഹിതം ഇന്നതെന്ന് വെളിപ്പെടുത്തിയ ചില പ്രത്യേക കാര്യങ്ങൾ ബൈബിളിൽ ഉണ്ട്. ഒന്നാമതായി എല്ലാറ്റിനും സ്തോത്രം ചെയ്യുന്നത് ദൈവഹിതം ആണെന്ന് 1 തെസ്സലൊനീക്യർ 5: 18 പറയുന്നു. ദുർന്നടപ്പ് വിട്ടൊഴിഞ്ഞ് ശുദ്ധീകരണം പ്രാപിക്കുവാൻ 1 തെസ്സലൊനീക്യർ 4:3-ൽ പറയുന്നു. നന്മ ചെയ്യണം എന്നുള്ളതും ദൈവഹിതം ആണെന്ന് 1 പത്രൊസ് 2:15-ൽ പറയുന്നു. മേൽപ്പറഞ്ഞ വാക്യങ്ങൾ ഒക്കെ മനുഷ്യനെക്കുറിച്ചുള്ള ദൈവത്തിന്റെ ഇഷ്ടമാണ്. അവന് ആ ഇഷ്ടങ്ങളെ തള്ളിക്കളഞ്ഞ് സ്വന്തം താത്പര്യത്തിനനുസരിച്ച് മുന്നോട്ടുപോകാൻ കഴിയും. എന്നാൽ അതിന്റെ തിക്താനുഭവങ്ങൾ അവൻ അനുഭവിക്കേണ്ടിവരും. നമ്മുടെ വ്യക്തിപരമായ ജീവിതത്തിൽ തീരുമാനങ്ങൾ എടുക്കേണ്ടിവരുമ്പോൾ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ വഴിനടത്തും. "സത്യത്തിന്റെ ആത്മാവു വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴിനടത്തും. അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നതു സംസാരിക്കയും വരുവാനുള്ളത് നിങ്ങൾക്ക് അറിയിച്ചുതരികയും ചെയ്യും" (യോഹന്നാൻ 16:13).

**എങ്ങനെയാണ് പരിശുദ്ധാത്മാവിനോട് ദൈവഹിതം ആരായേണ്ടത്?**

ഒന്നാമതായി നമ്മുടെ വ്യക്തിപരമായ താത്

പര്യങ്ങളെ അടിയറവെക്കുക. പലപ്പോഴും ദൈവഹിതം അറിയുവാൻ ശ്രമിക്കുന്നവർ പരാജയപ്പെടുന്നതിന്റെ കാരണം അവർ തങ്ങളുടെ വ്യക്തിപരമായ താത്പര്യത്തെ ദൈവഹിതമാക്കാൻ ആഗ്രഹിക്കുന്നു എന്നുള്ളതാണ്. യേശുക്രിസ്തു ഗെത്ശെമനത്തോട്ടത്തിൽ പ്രാർത്ഥിച്ചതുപോലെ "എന്റെ ഇഷ്ടമല്ല" എന്ന് പറഞ്ഞ് നമ്മുടെ അജണ്ടകളെ വിട്ടുകളയാൻ തയ്യാറാകണം. എന്താണ് ചെയ്യാൻപോകുന്നതെന്ന് ഹൃദയത്തിൽ നിശ്ചയിച്ചതിനുശേഷം ദൈവഹിതം ആരായുവാൻ വരുന്ന വ്യക്തിക്ക് തന്റെ താത്പര്യമാണ് ദൈവഹിതം എന്ന് തെറ്റിദ്ധരിക്കാനുള്ള സാധ്യത വളരെ കൂടുതലാണ്. സങ്കീർത്തനം 37:4-ൽ പറയുന്നത്, "യഹോവയിൽ തന്നേ രസിച്ചുകൊൾക അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും" എന്നാണ്. ദൈവത്തിൽ മാത്രം രസിക്കുന്ന ഒരുവന് മാത്രമേ ദൈവഹിതം പരിപൂർണ്ണമായി മനസ്സിലാക്കുവാൻ കഴിയുകയുള്ളൂ. ലോകത്തിൽ രസിക്കുന്ന ഒരുവന് ലോകത്തിന്റെ ഇഷ്ടം അവനെ സ്വാധീനിക്കുകയും ദൈവഹിതം അറിയുന്നതിൽനിന്ന് അവനെ തടയുകയും ചെയ്യും. അതുകൊണ്ടാണ് "ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന്നു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ" എന്ന് പൌലൊസ്അപ്പൊസ്തലൻ റോമർ 12:2-ൽ പറയുന്നത്.

രണ്ടാമതായി, ദൈവവചനത്തിന്റെ ധ്യാനമാണ് ദൈവഹിതം തിരിച്ചറിയുവാനുള്ള മാർഗ്ഗം. ചെയ്യാൻ പോകുന്ന ഓരോ കാര്യങ്ങളും ദൈവവചനത്തിന്റെ അതിരുകൾക്കകത്താണോ എന്നുള്ളത് നാം പരിശോധിക്കേണ്ടത് ആവശ്യമാണ്. ദൈവവചനത്തിന്റെ ഓരോ വരികളിലൂടെയും ദൈവത്തെയും ദൈവിക സ്വഭാവങ്ങളെയും ദൈവത്തിന്റെ ഇഷ്ടത്തെയുമാണ് നാം വായിച്ചറിയുന്നത്. അങ്ങനെ തുടർമാനമായ വചനവായനയും ധ്യാനവും ദൈവേഷ്ടത്തെ എളുപ്പത്തിൽ തിരിച്ചറിയുവാൻ നമ്മെ സഹായിക്കും. അതുകൊണ്ടാണ് സങ്കീർത്തനക്കാരൻ പറയുന്നത്, "നിന്റെ വചനം എന്റെ കാലിന്നു ദീപവും എന്റെ പാതെക്കു പ്രകാശവും ആകുന്നു" (119:105).

മൂന്നാമതായി, ദൈവഹിതം അറിയുവാനുള്ള മാർഗ്ഗം പ്രാർത്ഥനയിൽ സമയം ചെലവഴിക്കുക എന്നതാണ്. നാം ചെയ്യുവാൻ ആഗ്രഹിക്കുന്ന കാര്യം എന്താണെന്നും എന്തിനുവേണ്ടിയാണെന്നും അത് എപ്രകാരമാണ് നിവർത്തിക്കാൻ പോകുന്നത് എന്നും ഓരോ പടിപടിയായി ദൈവസന്നിധിയിൽ പങ്കുവെക്കുക. ഏതെങ്കിലും ഒന്ന് ദൈവഹിതം അല്ലെങ്കിൽ അവിടെ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമുക്കത് ബോധ്യമാക്കും. എന്നാൽ അനേകർക്കും സംഭവിക്കുന്നത് അതിന്റെ ഓരോ പടികളായി ദൈവത്തോട് പറയുവാൻ നാം സമയം എടുക്കാറില്ല. ഒരു തീരുമാനം എടുക്കേണ്ടിവരുമ്പോൾ അതിന്റെ എല്ലാ വശങ്ങളും കർത്താവുമായി പങ്കുവെക്കുകയാണ് അത് ദൈവഹിതം ആണോ എന്ന് അറിയുവാനുള്ള ഏറ്റവും നല്ല മാർഗ്ഗം.

നാലാമതായി, ദൈവജനത്തിന്റെ ഉപദേശം അന്വേഷിക്കുക. നമ്മെക്കാൾ ആത്മീക പക്വതയും ദൈവകൃപയും പ്രാപിച്ച മുതിർന്ന ദൈവദാസന്മാരുടെയോ ദൈവമക്കളുടെയോ ആലോചനകൾ കേൾക്കുന്നത് ദൈവഹിതം തിരിച്ചറിയുവാൻ നമ്മെ സഹായിക്കും. അതുകൊണ്ടാണ് ശലോമോൻ പറയുന്നത്, "ആലോചന ഇല്ലാഞ്ഞാൽ ഉദ്ദേശങ്ങൾ സാധിക്കാതെപോകുന്നു. ആലോചനക്കാരുടെ ബഹുത്വത്താലോ അവ സാധിക്കുന്നു" (സദൃശ്യവാക്യങ്ങൾ 15:22). എന്നാൽ ദൈവഹിതം അറിയുവാനുള്ള അന്വേഷണത്തിൽ അവർ നമുക്കുവേണ്ടി തീരുമാനമെടുക്കുന്ന സാഹചര്യം ഒഴിവാക്കണം. അന്തിമതീരുമാനം പൂർണ്ണമായും നമ്മുടേത് മാത്രമായിരിക്കണം.

അഞ്ചാമതായി, നമ്മുടെ സാഹചര്യങ്ങൾ ദൈവഹിതത്തെ തിരിച്ചറിയുവാൻ നമ്മെ സഹായിക്കും. ദൈവം ജീവിതത്തിൽ ചില വാതിലുകൾ അടച്ചുകളയുന്നത് അത് ദൈവഹിതം അല്ല എന്ന് നമ്മെ ബോധ്യപ്പെടുത്താനാണ്. ഉദാഹരണത്തിന് കാനഡയിലേക്ക് കുടിയേറിപ്പാർക്കുവാൻ ആഗ്രഹിക്കുന്ന ചെറുപ്പക്കാരന് പോകേണ്ട സമയമായപ്പോൾ പെട്ടെന്ന് ഗവൺമെന്റിന്റെ തീരുമാനം അനുസരിച്ച് വീസ പ്രോസസ്സിംഗ് നിർത്തിവെച്ചാൽ അത് ദൈവഹിതത്തിലേക്ക് വിരൽചൂണ്ടുന്നതാണ്. അത്തരം സാഹചര്യങ്ങളിൽ വിനയത്തോടെ ദൈവഹിതം ഏറ്റെടുക്കുവാൻ നമുക്ക് കഴിയണം. അവിടെ നാം നിരാശരായിപ്പോകരുത്. ദൈവം ശ്രേഷ്ഠമായതൊന്ന് ഒരുക്കിയിരിക്കുന്നു എന്ന് തിരിച്ചറിഞ്ഞാൽ മതി. എന്നാൽ ഇവിടെ ശ്രദ്ധിക്കേണ്ട ഒരു പ്രത്യേക കാര്യം നമ്മുടെ സാഹചര്യങ്ങൾ അല്ല ദൈവമാണ് നമ്മുടെ തീരുമാനങ്ങളെ ഗൈഡ്ചെയ്യേണ്ടത്. അതിനായി ചില ജീവിത സാഹചര്യങ്ങളെ ദൈവം ഉപയോഗിക്കുന്നു എന്നുമാത്രം.

ആറാമതായി, നമ്മുടെ തീരുമാനങ്ങളെ യുക്തിപരമായി അവലോകനംചെയ്യുക. നാം പലപ്പോഴും തീരുമാനങ്ങളിൽ നമ്മുടെ നാട്ടുനടപ്പോ നമ്മുടെ രീതികളോ പിന്തുടരുമ്പോൾ ദൈവിക മൂല്യങ്ങളെ യുക്തിപരമായി വിചിന്തനംചെയ്തു വേണം ദൈവഹിതം ആരായുവാൻ. 'സൂക്ഷ്മബുദ്ധിയോ തന്റെ നടപ്പു സൂക്ഷിച്ചുകൊള്ളുന്നു'. "The prudent carefully consider their steps". (സദൃശ്യവാക്യങ്ങൾ 14:15, NLT). തന്റെ ഓരോ ചുവടുകളും ദൈവഹിതം ആണോ എന്ന് ആരായേണ്ടത് ഓരോ ദൈവപൈതലിന്റെയും ഉത്തരവാദിത്വമാണ്.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ നമ്മുടെ ആത്മീയ ജീവിതത്തിൽ ദൈവഹിതം തിരിച്ചറിയുവാൻ നമ്മെ സഹായിക്കും. അതിന് ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ. ■■■

ടീച്ചർ

ശോശാമ്മ സാബു



# ശത്രുക്കളെ സ്നേഹിക്കാം

**ഒ**രു ചെറിയ ഗ്രാമത്തിൽ റീന എന്ന പെൺകുട്ടി ഉണ്ടായിരുന്നു. റീന നന്മയുള്ള പെൺകുട്ടി ആയിരുന്നു. എല്ലാവരോടും സ്നേഹത്തോടെ പെരുമാറുന്ന സ്വഭാവം ആയിരുന്നു അവൾക്ക്. പക്ഷേ അവളുടെ ക്ലാസ്സിൽ മാളു എന്നു പേരുള്ള ഒരു പെൺകുട്ടി പഠിക്കുന്നുണ്ടായിരുന്നു. മാളു റീനയെ പരിഹസിക്കുകയും ഉപദ്രവിക്കുകയും ചെയ്യും. ചിലപ്പോൾ പുറകിൽ വന്ന് തള്ളുകയും ചെയ്യുമായിരുന്നു.

ഒരു ദിവസം സ്കൂളിലേക്കു നടന്നുപോകുമ്പോൾ മാളു വീണു. അവളുടെ കാൽ പൊട്ടി ചോര ഒഴുകുന്നുണ്ടായിരുന്നു. ചുറ്റും ആരും ഉണ്ടായിരുന്നില്ല. അപ്പോഴാണ് റീന അതുവഴി വന്നത്. റീന മാളുവിനെ കണ്ടു. അവളുടെ മനസ്സിൽ രണ്ടു ചിന്തകൾ വന്നു. 'ഓ ഇവൾ എപ്പോഴും എന്നെ കളിയാക്കുകയും ഉപദ്രവിക്കുകയും ചെയ്യുന്ന കുട്ടിയല്ലേ. ഞാൻ പോകട്ടെ.' പക്ഷേ സൺഡേ സ്കൂളിൽ ടീച്ചർ റീനയെ പഠിപ്പിച്ച കാര്യം ഓർത്തു യേശു പറഞ്ഞു. "നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ" (മത്താ 5:44).

റീന ഉടനെ മാളുവിനെ പിടിച്ച് എഴുന്നേൽപ്പിച്ചു. തന്റെ തൂവാല ഉപയോഗിച്ച് മാളുവിന്റെ കാലിലെ മുറിവ് കെട്ടി. വീട്ടിലേക്ക് എത്തിച്ചു. മാളുവിന് അത്ഭുതമായി മാളു ചോദിച്ചു. "റീനേ നിന്നെ ഞാൻ കളിയാക്കുകയും ഉപദ്രവിക്കുകയും ചെയ്തിട്ടും നീ എന്നെ സഹായിക്കുന്നു." റീന ചിരിച്ചുകൊണ്ട് പറഞ്ഞു. "യേശു നമ്മെ പഠിപ്പിച്ചത് സ്നേഹിക്കാനാണ്." അന്നുമുതൽ മാളുവിന്റെ സ്വഭാവം മാറി. അവൾ റീനയുടെ നല്ല കൂട്ടുകാരിയായി മാറി. മറ്റുള്ളവരോടും സ്നേഹത്തോടെ പെരുമാറാൻ മാളുവിന് സാധിച്ചു. റോമർ 12:21–ൽ പറയുന്നതുപോലെ "തിന്മയോടു തോൽക്കാതെ നന്മയാൽ തിന്മയെ ജയിക്കുക." ആരെങ്കിലും നമ്മോട് ദോഷംചെയ്താൽ അതിന് തിരിച്ചടിയായി ദോഷം ചെയ്യേണ്ടതില്ല. പകരം നന്മയും സ്നേഹവും കാണിച്ചാൽ 'അതാണ് യഥാർത്ഥ വിജയം'

■■■

# 2026 ജൂൺ

**MORNING FELLOWSHIP**
**എല്ലാ ദിവസവും**

HINDI : 5.00 am – 6.15 am
ID https://meet.google.com/gdhnyycvjy

MALAYALAM : 5.40 am – 6.40 am
ID https://meet.google.com/iibyyvdseq

## ഓൺലൈൻ പ്രോഗ്രാമുകൾ

ഗൂഗിൾ മീറ്റ് വഴി നടത്തപ്പെടുന്നു.
Meeting ID : iibyyvdseq

| Day | Time | Programme | Platform |
|---|---|---|---|
| Every Sunday | 6:00 pm - 7:00 pm | Sunday Club for Kids, Teens and Youth | Google Meet |
| Every Sunday | 9:30 pm - 10:30 pm | Middle East Fellowship | Google Meet |
| Every Monday | 2:30 pm - 3:30 pm | Ladies Prayer Meeting | Google Meet |
| Every Tuesday | 8:00 pm - 9:00 pm | Bible Study | Google Meet |

എല്ലാ രണ്ടാം ശനിയാഴ്ചയും 10 am - 1 pm
അല്ലപ്ര മിഷൻ സെന്ററിൽവെച്ച് ധ്യാനയോഗം ഉണ്ടായിരിക്കുന്നതാണ്.

## മറ്റ് പ്രോഗ്രാമുകൾ

| തീയതി | ദിവസം | സമയം | പ്രോഗ്രാം | സ്ഥലം |
|---|---|---|---|---|
| 04.06.2026 | വ്യാഴം | 7 pm - 9 pm | പ്രവർത്തക കൂട്ടായ്മ | മിഷൻ സെന്റർ |
| 05.06.2026 | വെള്ളി | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (നസ്രേത്ത്) | വലമ്പൂർ (ഓലിക്കൽ ശ്രീ. പി. വർഗീസിന്റെ ഭവനം) |
| 06.06.2026 | ശനി | 10 am - 12 pm | ഉപവാസപ്രാർത്ഥന | മിഷൻ സെന്റർ |
| | | 12 pm - 1 pm | എൽഡേഴ്സ് മീറ്റിംഗ് | മിഷൻ സെന്റർ |
| 13.06.2026 | ശനി | 10 am - 1 pm | ധ്യാനയോഗം | മിഷൻ സെന്റർ |
| | | 10 am - 12 pm | സഫൽ ക്ലബ് (കുട്ടികൾക്ക്) | മിഷൻ സെന്റർ |
| 14.06.2026 | ഞായർ | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (ബേത്‌ലഹേം) | പെരുമാനി (ഐക്കരക്കുടി ശ്രീ. എ.വി. ബെന്നിയുടെ ഭവനം) |
| 17.06.2026 | ബുധൻ | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (ഹോറേബ്) | പണ്ടപ്പിള്ളി ("ജീസ്" ശ്രീ. ജോർജ്ജുകുട്ടി സക്കറിയയുടെ ഭവനം) |
| 18.06.2026 | വ്യാഴം | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (ഗെത്സമെൻ) | കൊമ്പനാട് (മനേക്കുടി ശ്രീ. എം.ഒ. ജോസിന്റെ ഭവനം) |
| 20.06.2026 | ശനി | 10 am - 12 pm | ഉപവാസപ്രാർത്ഥന | മിഷൻ സെന്റർ |
| 25.06.2026 | വ്യാഴം | 7 pm - 9 pm | പ്രാർത്ഥനായോഗം | തട്ടാംമുകൾ (പുന്നാശ്ശേരിൽ ശ്രീ. പി. വി. ജോസഫിന്റെ ഭവനം) |
| 26.06.2026 | വെള്ളി | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (സീനായ്) | മേതല (ചിറക്കൽ ശ്രീമതി ഏലിയാമ്മ ജോണിന്റെ ഭവനം) |
| 27.06.2026 | ശനി | 10 am - 12 pm | ഉപവാസപ്രാർത്ഥന | മിഷൻ സെന്റർ |

അഭിമുഖം

# സപ്തതിയുടെ നിറവിൽ

മുപ്പത്തിനാലാം വയസ്സിൽ നേരിട്ട കടുത്ത സാമ്പത്തിക തകർച്ചയും, അതിനെത്തുടർന്ന് ആത്മഹത്യയുടെ നിഴൽ വീണ നാളുകളും. അവിടെനിന്നാണ് കർത്താവിന്റെ അത്ഭുതകരമായ വിടുതലും സ്നേഹവും പി.വി. ജോസഫ് എന്ന ദൈവദാസൻ അനുഭവിച്ചറിയുന്നത്. ഈ എഴുപതാം വയസിലും ശാരീരിക ബുദ്ധിമുട്ടുകളെയും രോഗാവസ്ഥകളെയും അവഗണിച്ച്, ഇ.ജി.എം. ഓഫ് ഇന്ത്യയുടെ സോണൽ സെക്രട്ടറിയായി സജീവമായി പ്രവർത്തിച്ചുകൊണ്ട് കർത്താവിന്റെ വേലയിൽ ആത്മസംതൃപ്തിയോടെ അദ്ദേഹം മുന്നേറുന്നു. 'ഗോസ്പൽ മെസഞ്ചർ' മാസികക്കായി ഇ.ജി.എം. ഓഫ് ഇന്ത്യയുടെ സെക്രട്ടറി ശ്രീ. സി.സി. ജോസഫുമായി അദ്ദേഹം പങ്കുവെച്ച ഹൃദയസ്പർശിയായ അനുഭവങ്ങൾ...

**കർത്താവിനെ രക്ഷകനും നാഥനും ആയി സ്വീകരിക്കാനുള്ള സാഹചര്യം?**

34 വയസ്സ്വരെയും ലോകത്തിന്റെ മോദങ്ങളിലും പാപത്തിന്റെ അശുദ്ധിയിലും ജീവിച്ച് സമാധാനവും സന്തോഷവും ഇല്ലാതെ നിരാശയോടെ ജീവിച്ച ഒരു വ്യക്തിയായിരുന്നു. ബിസിനസ്സിൽ ഉണ്ടായ സാമ്പത്തിക ഞെരുക്കങ്ങൾ എന്റെ സ്വസ്ഥത നഷ്ടപ്പെടുത്തി. അങ്ങനെ ജീവിതം മടുത്ത അവസ്ഥയിൽ 2 വട്ടം മരിക്കണമെന്ന് ആഗ്രഹിച്ച് മരിക്കാനുള്ള ക്രമീകരണം ചെയ്തു. എങ്കിലും എന്റെ ദൈവത്തിന് എന്നെക്കുറിച്ച് പദ്ധതി ഉണ്ടായിരുന്നതുകൊണ്ട് അതിൽനിന്നെല്ലാം കർത്താവ് വിടുതൽ തന്നു. 1990-ൽ ഒരു തിരുവോണനാളിൽ നടന്ന ധ്യാനയോഗത്തിന് പോകുവാൻ, എന്റെ അളിയൻ (പെങ്ങളുടെ ഭർത്താവ്) മത്തായിസാറിന്റെ നിരന്തരമായ നിർബന്ധവും പ്രാർത്ഥനയും മുഖാന്തരം കടന്നുചെന്നു. അന്ന് കേട്ട ദൈവവചനം, (ലൂക്കൊസ് 13:3, വെളിപ്പാട് 20:15) എനിക്ക് കർത്താവിനെ രക്ഷകനും നാഥനുമായി സ്വീകരിക്കുവാൻ മുഖാന്തരമായി.

**സുവിശേഷവേലക്ക് വേണ്ടിയുള്ള സമർപ്പണം എന്നായിരുന്നു? അതിന്റെ സാഹചര്യം എന്തായിരുന്നു?**

സുവിശേഷവേലക്ക് വേണ്ടിയുള്ള സമർപ്പണം 1995-ൽ ആയിരുന്നു. പെരുമ്പാവൂർ വൈ എം.സി.എ ഹാളിൽവെച്ച് മത്തായിസാറിന്റെ നേതൃത്വത്തിൽ നടന്ന ഒരു മിഷനറി കോളിംഗ് പ്രോഗ്രാമിൽവെച്ച് മുഴുവൻസമയം ദൈവവേലക്കായി സമർപ്പിക്കപ്പെട്ടു. വേലക്ക്പോകുന്നതിനുള്ള സാഹചര്യങ്ങൾ പ്രതികൂലമായിരുന്നു. ഭാര്യയും 2 പെൺകുഞ്ഞുങ്ങളും, കൂടാതെ വർഷങ്ങളായി ചെയ്തുകൊണ്ടിരുന്ന ഒരു ബിസിനസ് ഇതൊക്കെ തടസ്സങ്ങളായി തോന്നിയെങ്കിലും ദൈവം എല്ലാം അനുകൂലമാക്കി. എന്റെ തീരുമാനം ജീവിതപങ്കാളിയോട് ഷെയർചെയ്തപ്പോൾ വേലക്കുവേണ്ടി കർത്താവ് വിളിച്ചു എന്ന ഉറപ്പുണ്ടെങ്കിൽ ധൈര്യമായിട്ട് പോകുന്നതിന് ഉള്ള സമ്മതം ഉണ്ടായി. അതെന്റെ തീരുമാനത്തിന് പ്രചോദനമായി. ഞാനും കർത്താവിന്റെ വേലക്കായി തീരുമാനം എടുത്തു എന്ന് ഭാര്യ പറഞ്ഞപ്പോൾ എനിക്ക് ഒത്തിരി സന്തോഷമായി. ഭാര്യയുടെ ഈ തീരുമാനം എന്റെ ശുശ്രൂഷകൾക്ക് ഏറെ ഗുണകരമായി. എനിക്ക് ഒരു കൂട്ടിനുവേണ്ടി ഭാര്യ വേലക്ക് ഇറങ്ങിയതല്ല, ദൈവം വിളിച്ചു എന്ന ബോദ്ധ്യത്തിൽ തന്നേ ആയിരുന്നു. അതു എന്റെ ശുശ്രൂഷകൾക്ക് ഏറെ ഗുണകരമായി. സ്തോത്രം.

**സെന്റ് പോൾസ് മിഷൻ ഓഫ് ഇന്ത്യയുടെ മിഷനറി ആയി പോകുവാൻ ഇടയായ സാഹചര്യം എന്തായിരുന്നു?**

1994-ൽ 'യൂത്ത് ഫോർ മിഷൻ' കഴിഞ്ഞ് ഞങ്ങൾ കുറച്ച് കുടുംബങ്ങൾ ചേർന്ന് മത്തായി സാറിന്റെ നേതൃത്വത്തിൽ എന്റെ ഭവനത്തിൽ വെച്ച് ഒരു കൂട്ടായ്മ ആരംഭിച്ചു.

(ശേഷം പേജ് 28 – ൽ)





## ഇ.ജി.എം.

# 19–ാമത് സ്ഥാപകദിന

ഇ.ജി.എം. ഓഫ് ഇന്ത്യയുടെ 19–ാമത് സ്ഥാപകദിനവും കുടുംബസംഗമവും 2026 മെയ് 1 വെള്ളിയാഴ്ച 6:00 P
Dr. വി. പി. മത്തായി വാലയിൽ എന്നിവർ വചന ശുശ്രൂഷ നിർവ്വഹിച്ചു. ഭാരതത്തിലെ വിവിധ സംസ്ഥാന



Rev. തോമസ് മാത്യു



Dr. വി.പി മത്തായി വാലയിൽ



Rev. ജോർജ്ജ് ജേക്കബ്



Sri. സി.സി. ജോസഫ്




ഗോസ്പൽ മെലഡീസ്





Dn. രാമേശ്വർ സാഹു & ഫാമിലി



Dn. ധിരഞ്ജൻ & ഫാമിലി



Dn. ഹാനോക്ക് പട്ടേൽ & ഫാമിലി



Dn. പ്രേംചന്
Dn. വിക്ടർ സോയി





ഓഫ് ഇന്ത്യ

# ...ും കുടുംബസംഗമവും

PM മുതൽ 9:15 PM വരെ അല്ലപ്ര മിഷൻ സെന്ററിൽ വെച്ച് നടത്തപ്പെട്ടു. Rev. തോമസ് മാത്യു, മിഷൻ ഡയറക്ടർ
ങ്ങളിൽ നിന്നുള്ള മിഷനറിമാരും പ്രതിനിധികളും വൈദികരും സുവിശേഷകരും ചടങ്ങിൽ പങ്കെടുത്തു.


Dn. കെ.എസ്. സജി


Sri. ദേവദാസ്


Sri. ജോണി തോളിയേലി


Smt. ജാൻസി വർഗ്ഗീസ്






മിഷനറിമാരുടെ കുടുംബാംഗങ്ങളുടെ കലാപരിപാടിയിൽ നിന്ന്


...് മുണ്ട & ഫാമിലി,
...& ഫാമിലി, Dn. എബ്രാഹം


Dn. കെ.എസ്. സജി & ഫാമിലി


Dn. രാജേഷ് കുമാർ സാഹു & ഫാമിലി


Dn. ദിലീപ് കുമാർ സോറൻ & Dn. ഉമേഷ് കുമാർ ഹെംബ്രോം & ഫാമിലി



## കർത്താവിന്റെ ശരീരമെന്ന സഭ

# ഭാരതഗ്രാമങ്ങളിൽ – വളർച്ചയുടെ പാതയിൽ







സമർപ്പണശുശ്രൂഷക്ക് ശേഷം പ്രവർത്തകരോടൊപ്പം

ഇ.ജി.എം. ഓഫ് ഇന്ത്യയുടെ മിഷനറിമാരിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടവരുടെയും സഭാചുമതലകൾ ഉള്ളവരായ മറ്റംഗങ്ങളുടെയും ഫാമിലിറിട്രീറ്റും, ട്രെയിനിംഗ് പ്രോഗ്രാമും എപ്രിൽ 27 മുതൽ മെയ് 1 വരെ അല്ലപ്ര മിഷൻ സെന്ററിൽവെച്ച് നടത്തപ്പെട്ടു. തങ്ങളുടെ സുവിശേഷവേലയിലെ പ്രവർത്തനങ്ങൾ, പ്രതിസന്ധികൾ, സാക്ഷ്യങ്ങൾ സംബന്ധിച്ച അനുഭവങ്ങൾ, പങ്കുവെച്ചു. ഡയറക്ടർ Dr. വി.പി മത്തായി വാലയിൽ ശുശ്രൂഷകൾ സംബന്ധിച്ച നിർദ്ദേശങ്ങളും ഉപദേശങ്ങളും, ഈ കാലഘട്ടത്തിലെ സുവിശേഷവേലയുടെ ഗൗരവത്തെക്കുറിച്ചും ക്രിസ്തീയ കുടുംബജീവിതത്തെക്കുറിച്ചും വളരെ കൃത്യമായി ക്ലാസ്സുകൾ നൽകി. Rev. ഒ.പി പൌലൊസ്, Br. ജെറിൻ, Br. കെ.എസ് സജി എന്നിവർ ആരാധനാ വിധി സംബന്ധിച്ചും മറ്റുവിഷയങ്ങളെക്കുറിച്ചും പ്രത്യേക ക്ലാസ്സുകൾ നൽകുകയുണ്ടായി. മിഷൻഫീൽഡുകളിൽ സ്നാനം, ഹോളി കമ്മ്യൂണിയൻ, വിവാഹം, തുടങ്ങിയ ആത്മീയശുശ്രൂഷകൾ നടത്തുന്നതിനായി ആദരണീയ ബിഷപ്പ് Rt. Rev. Dr. എസ് പ്രമോദിന്റെ നേതൃത്വത്തിൽ ട്രെയിനിംഗ് പൂർത്തികരിച്ച 4 പേർക്ക് പുതുതായി ഓർഡിനേഷൻ നൽകി. ഓർഡിനേഷൻ സ്വീകരിച്ചവർക്ക് സർട്ടിഫിക്കറ്റും, കുടുംബാംഗങ്ങൾക്ക് പ്രോത്സാഹനസമ്മാനങ്ങളും വിതരണംചെയ്തു. 1–ാം തീയതി നടന്ന വാർഷിക കുടുംബസംഗമത്തിൽ പങ്കെടുത്തശേഷം തങ്ങളുടെ ഫീൽഡുകളിലേക്ക് അവർ പ്രാർത്ഥനയോടെ തിരികെപ്പോയി.



കെ. എസ്. സജി

# ബൈബിൾ സ്റ്റഡി



2026 മെയ് 4 (തിങ്കൾ) മുതൽ മെയ് 8 (വെള്ളി) വരെ രാവിലെ 10 മണി മുതൽ 4 മണി വരെ അല്ലപ്ര മിഷൻ സെന്ററിൽവെച്ച് നടത്തപ്പെട്ടു. ദാനിയേൽ–വെളിപ്പാട് താരതമ്യ പഠനം, സുവിശേഷങ്ങൾ, മരണാനന്തരം എന്ത്? ഗലാത്യലേഖന പഠനം, ശിഷ്യത്വം, ട്രിപ്പിൾ ബി എന്നീ വിഷയങ്ങൾ ആസ്പദമാക്കി Rev. ബേസിൽ ജോർജ്ജ്, Br. ബാബു പുല്ലാട്, Dr. വി. പി. മത്തായി വാലയിൽ, Br. സാം മല്ലപ്പള്ളി, Evg. ചാണ്ടപ്പിള്ള ഫിലിപ്പ്, Evg. സോളോ ഫിലിപ്പ് എന്നീ കർത്താവിന്റെ ദാസന്മാർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ക്ലാസ്സിൽ പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റ് വിതരണംചെയ്തു. വളരെ അനുഗ്രഹീതമായി ക്ലാസ്സുകൾ നടത്തപ്പെട്ടു. എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ.

# ദൈനംദിന സഹായി

വിവിധ വിഷയങ്ങൾക്കായി ഇടിവിൽനിന്ന് പ്രാർത്ഥിക്കുവാൻ തൽപ്പരരായിട്ടുള്ളവർക്ക് വേണ്ടി തയ്യാറാക്കിയിട്ടുള്ളതാണ് ദൈനംദിന പ്രാർത്ഥനാ സഹായി. ഒരുവർഷംകൊണ്ട് ബൈബിൾ മുഴുവൻ വായിച്ചുതീർക്കാവുന്ന വിധത്തിൽ ഓരോ ദിവസത്തേക്കുമായി വായനാഭാഗങ്ങളും ഒപ്പം ചേർത്തിട്ടുണ്ട്.

## 01

**വായനഭാഗം** : **1 ദിനവൃത്താന്തം 24 – 26 അദ്ധ്യായങ്ങൾ, അപ്പൊ. പ്രവൃത്തികൾ 11 – ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : ആന്ധ്രാപ്രദേശ് (വിശാഖപട്ടണം)
**പ്രവർത്തകർ** : സാംസൺ രാജു (ഭാര്യ:എസ്ഥേർ, മക്കൾ: സ്തുതി, നിരീക്ഷണ, ദിവിന, ദിവൈൻ) ബാവി റെഡ്ഡി, മഡപന സുവർണ്ണരാജ്, പേമാടി ശ്രീനിവാസു, ധുംഗ ആദിനാരായണ
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 02

**വായനഭാഗം** : **1 ദിനവൃത്താന്തം 27 – 29 അദ്ധ്യായങ്ങൾ, അപ്പൊ. പ്രവൃത്തികൾ 12 – ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : അരുണാചൽ പ്രദേശ് (ബോംഡില)
**പ്രവർത്തകൻ** : പ്രബിൻ ബിശ്വകർമ്മ (ഭാര്യ: ഗീത, മക്കൾ: മുസ്കാൻ, ഗ്രേസി, ടെൻസി)
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 03

**വായനഭാഗം** : **2 ദിനവൃത്താന്തം 1, 2 അദ്ധ്യായങ്ങൾ, അപ്പൊ. പ്രവൃത്തികൾ 13 – ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : അസം (ബൊങ്കൈഗാവ്)
**പ്രവർത്തകർ** : വിക്ടർ സോയി (ഭാര്യ: അനിത, മകൾ: എസ്ഥേർ) ബുധുവ മുണ്ട (ഭാര്യ: സൽമി, മക്കൾ: മാർഗരെറ്റ്, ലൂസിയ), കുശാൽ ബോറോ (ഭാര്യ: ക്രിസ്റ്റീന, മകൻ: ജോഷ്വാ)
**വിഷയങ്ങൾ** : ലൂസിയ - രോഗ സൗഖ്യം, ശാന്തി - ബ്ലഡ് കുറവ്, ക്ഷീണം, സനോതി - കാലിലെ മുറിവ് ഉണങ്ങുവാൻ, ഇവരുടെ സൗഖ്യത്തിനായും, വിക്ടർ - സ്ഥലം വിൽപ്പന നടക്കുവാനായും, ഫീൽഡിലെ വിശ്വാസികൾ ആത്മീയമായി വളരുവാനായും ചർച്ചുമായി ബന്ധപ്പെട്ട് ബാത്ത്റും നിർമ്മിക്കുവാനും പ്രാർത്ഥിക്കാം.

## 04

**വായനഭാഗം** : **2 ദിനവൃത്താന്തം 3, 4 അദ്ധ്യായങ്ങൾ, അപ്പൊ. പ്രവൃത്തികൾ 14 – ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : ബീഹാർ (പൂർണ്ണിയ)
**പ്രവർത്തകർ** : ഹാനോക് പട്ടേൽ (ഭാര്യ: എക്ത, മക്കൾ: ഹർഷ്, പ്രതിക്യ) പ്രസാദ് റാം, ഉമേഷ് സോറൻ, ഗ്യാൻ പ്രകാശ്
**വിഷയങ്ങൾ** : എനിമ - തലയിലെ ഞരമ്പിന് പ്രോബ്ലം, ഗുരു - പ്രേമഹം, സൗഖ്യത്തിനായി പ്രാർത്ഥിക്കാം.

## 05

**വായനഭാഗം** : **2 ദിനവൃത്താന്തം 5, 6 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ബീഹാർ (പൂർണ്ണിയ)
**പ്രവർത്തകർ** : ഹാനോക് പട്ടേൽ (ഭാര്യ: എക്ത, മക്കൾ: ഹർഷ്, പ്രതിക്യ) ഛോട്ടേലാൽ (ഭാര്യ: സുനിത, മക്കൾ: ട്രിഷ, ഇമ്മാനുവേൽ)
**വിഷയങ്ങൾ** : ഫീൽഡിലെ മദ്യപാനികളുടെ മാനസാന്തരത്തിനായും എല്ലാ വിശ്വാസികൾക്കായും, സുവിശേഷ വേലയുടെ വളർച്ചക്കായും പ്രാർത്ഥിക്കാം.

## 06

**വായനഭാഗം** : **2 ദിനവൃത്താന്തം 7, 8 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ബീഹാർ (കട്ടിഹാർ)
**പ്രവർത്തകർ** : ഹാനോക് പട്ടേൽ (ഭാര്യ: എക്ത, മക്കൾ: ഹർഷ്, പ്രതിക്യ) രൂപ്ചന്ദ്ര് മുർമു (ഭാര്യ: അനിത, മക്കൾ: രൂബേൻ, നിർമ്മൽ, അനുഷ)
**വിഷയങ്ങൾ** : 12 പേർക്ക് സ്നാനം നൽകി. അവർ ആത്മീയമായി വളരുവാനും, ഫീൽഡിലെ എല്ലാ വിശ്വാസികൾക്കായും, സുവിശേഷവേലയുടെ വളർച്ചക്കായും പ്രാർത്ഥിക്കാം.

## 07

**വായനഭാഗം** : **2 ദിനവൃത്താന്തം 9 – 11 അദ്ധ്യായങ്ങൾ, അപ്പൊ. പ്രവൃത്തികൾ 15 – ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : ബീഹാർ (കട്ടിഹാർ)
**പ്രവർത്തകർ** : കൈലാഷ് ഹൻസ്ഡ (ഭാര്യ: സുമിത്ര, മക്കൾ: അനുഷ, സഹിൽ), കുന്ദൻ ടുഡു
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 08

**വായനഭാഗം** : **2 ദിനവൃത്താന്തം 12–14 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഛത്തീസ്ഗഢ് (ബിലാസ്പൂർ)
**പ്രവർത്തകർ** : രാമേശ്വർപ്രസാദ് സാഹു (ഭാര്യ: പ്രതിമ, മക്കൾ: ജിൽമിൽ, അനാമിക, ഓബേദ്) ത്രിലോചൻ സാഹു, പ്രദീപ് കുമാർ, രാംപാൽ സാഹു, ശ്യാമ സാഹു, ചന്ദ്രപ്രകാശ്, ബൽറാം സാഹു, ചന്ദ്രപാൽ ദിവാകർ, മഹേഷ് കുമാർ, ഗിർവർലാൽ ലോട്ട്റെ, ശ്യാംകുമാർ കിഷോർ, ധനേശ്വർസിംഗ് മാർക്കം
**വിഷയങ്ങൾ** : അനാമിക - കാലിലെ മുറിവ് ഉണങ്ങുവാൻ, സന്തോഷ് - ശരീരത്തിൽ ഉടനീളം ചൊറിച്ചിൽ, മഹേഷ്, സരസ്വതി - കാലുകൾക്ക് വേദന, കൗസല്യ - തലവേദന, ശ്യാമ - ശരീരവേദന, പ്രതിമ - തല കറക്കം ഇവരുടെ സൗഖ്യത്തിനായും, സന്തോഷ്, ഭോല - കുടുംബസമാധാനത്തിനായും, ഹിതേഷ് - തക്കതുണക്കായും, ഗോവിന്ദ് - മാനസാന്തരത്തിനായും പ്രാർത്ഥിക്കാം.

## 09

**വായനഭാഗം** : **2 ദിനവൃത്താന്തം 15–17 അദ്ധ്യായങ്ങൾ, അപ്പൊ. പ്രവൃത്തികൾ 16–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : ഛത്തീസ്ഗഢ് (മുംഗേലി)
**പ്രവർത്തകർ** : രാജേഷ് കുമാർ സാഹു (ഭാര്യ: ചിത്രരേഖ, മകൻ: ജോയൽ) ഉദയ് കുമാർ, ദിൽഹരൺ സാഹു, സഞ്ജു സാഹു, ജലേശ്വർ സാഹു
**വിഷയങ്ങൾ** : സീത - രോഗസൗഖ്യത്തിനായും, ആദി - തലയിൽ വെള്ളം കെട്ടുന്നു, ഓപ്പറേഷൻ പറഞ്ഞിരിക്കുന്നു. പൂർണ്ണസൗഖ്യത്തിനായും ചർച്ചുപണി അനുഗ്രഹകരമായി നടക്കുവാനും പ്രാർത്ഥിക്കാം.

## 10

**വായനഭാഗം** : **2 ദിനവൃത്താന്തം 18–20 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഗുജറാത്ത് (സൂററ്റ്)
**പ്രവർത്തകർ** : വിക്രം ബസേവ (ഭാര്യ: രഞ്ജു, മകൻ: എനോശ്, ആരോൺ) വാൽവി ദിനേഷ് ഭായി
**വിഷയങ്ങൾ** : സാജൻ - കാൻസർ, ടിബി, സവിത - തൊണ്ടവീക്കം ഇവരുടെ സൗഖ്യത്തിനായും, ദുർഗ - സ്വന്തമായൊരു ഭവനത്തിനായും, ഗംഗാപൂർ ഗ്രാമത്തിൽ ചർച്ച് നിർമ്മിക്കുന്നതിനായും, വിക്രം - വീടിന്റെ നിർമ്മാണം പൂർത്തികരിക്കുന്നതിനും, കടബാധ്യത മാറുവാനും പ്രാർത്ഥിക്കാം.

## 11

**വായനഭാഗം** : **2 ദിനവൃത്താന്തം 21, 22 അദ്ധ്യായങ്ങൾ, അപ്പൊ. പ്രവൃത്തികൾ 17, 18 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഹിമാചൽപ്രദേശ് (സിംല)
**പ്രവർത്തകർ** : അമർ സിംഗ് (ഭാര്യ: വിദ്യ, മക്കൾ : കരിഷ്മ, മോനിക്ക, ജ്യോതി, കരീന, റീമ)
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 12

**വായനഭാഗം** : **2 ദിനവൃത്താന്തം 23, 24 അദ്ധ്യായങ്ങൾ, അപ്പൊ. പ്രവൃത്തികൾ 19, 20 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ജമ്മു – കാശ്മീർ (ഉധംപൂർ)
**പ്രവർത്തകർ** : ജോഗിന്ദർ കുമാർ (ഭാര്യ: ആഷുദേവി; മക്കൾ: പ്രീതി, പിങ്കി, രോഹിത്, പ്രിയ) കുൽദുഷൻ കുമാർ
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 13

**വായനഭാഗം** : **2 ദിനവൃത്താന്തം 25, 26 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ജാർഖണ്ഡ് (ജംഷഡ്പൂർ)
**പ്രവർത്തകർ** : പ്രേംചന്ദ് മുണ്ട (ഭാര്യ: ലാൽമുനി, മക്കൾ: അമരിത, അമരിത്ത്) വിജയ് കച്ചാപ്പ്, സോമനാഥ് കർമ്മാകർ
**വിഷയങ്ങൾ** : ഫീൽഡിൽ ചർച്ച്പണി നടക്കുവാനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 14

**വായനഭാഗം** : **2 ദിനവൃത്താന്തം 27–30 അദ്ധ്യായങ്ങൾ, അപ്പൊ. പ്രവൃത്തികൾ 21–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : കർണ്ണാടക (ഹസ്സൻ)
**പ്രവർത്തകൻ** : ജിബിൻ (ഭാര്യ: ബിജി, മക്കൾ: റിമ, ആശിഷ് തിമോത്തി)
**വിഷയങ്ങൾ** : വേലയുടെ വളർച്ചക്കായും, എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 15

**വായനഭാഗം** : **2 ദിനവൃത്താന്തം 31, 32 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : മദ്ധ്യപ്രദേശ് (ജാംബുവ)
**പ്രവർത്തകർ** : അജയ്കുമാർ ഡാമ (ഭാര്യ: വനിത, മക്കൾ: പ്രിയാൻഷ്, പ്രിയാൻഷി), സഞ്ജീവ്, ഫുൽസിംഗ്, രാജേഷ് മൈഡ, ദീപക്കുമാർ, പാർസിംഗ്
**വിഷയങ്ങൾ** : പ്രിയാൻഷ് - NEET Exam വിജയത്തിനായും വേലയുടെ വളർച്ചക്കായും, എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 16

**വായനഭാഗം : 2 ദിനവൃത്താന്തം 33, 34 അദ്ധ്യായങ്ങൾ**

**മിഷൻ ഫീൽഡ്** : മഹാരാഷ്ട്ര (ഗോന്ദിയ)

**പ്രവർത്തകർ** : സജി കെ.എസ് (ഭാര്യ: ബിന്ദു, മക്കൾ: ജബിൻ, ജസ്ന), ധിരഞ്ജൻ ലിമ (ഭാര്യ: പ്രകാശിനി, മക്കൾ: എലിയാന, ക്രിസ്റ്റീന), സപ്ന പാട്ട്ലെ, ഛായാലളിത് ജനബന്ധു, സായിനാഥ് മല്ല, ഗണേഷ് ഉമാജി ഷിൻഡെ

**വിഷയങ്ങൾ** : പിന്റു-ഉദരഫലത്തിന്റെ അനുഗ്രഹത്തിനും, സുഖപ്രസവത്തിനായും, ചന്ദ്രകല-കോമ സ്റ്റേജിലാണ്, ഷൈലേഷ്, ബബിത-തളർവാതം, രമേഷ്-ആക്സിഡന്റ് പറ്റി ചികിത്സയിലാണ്, ഖുശി-ബ്ലഡ് കുറവ്, ക്ഷീണം, കല്പന-നടുവേദന, പ്രത്വിരാജ്-വാർദ്ധക്യസഹജമായ രോഗങ്ങൾ, ദാനിയേൽ-പനി, ഇവരുടെ സൗഖ്യത്തിനായും, ഷോമ-സാത്താന്യബന്ധനം വിടുതലിനായും, പ്രാച്ചി-ജോലി ലഭിക്കുവാനും നടത്തപ്പെടുന്ന ചർച്ചുപണിയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 17

**വായനഭാഗം : 2 ദിനവൃത്താന്തം 35, 36 അദ്ധ്യായങ്ങൾ**

**മിഷൻ ഫീൽഡ്** : മേഘാലയ (ഷില്ലോങ്)

**പ്രവർത്തകൻ** : അമൃത് ബോറോ (ഭാര്യ: രേഷ്ന, മക്കൾ: സ്മൃതി, എയ്ഡൻ)

**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം.

## 18

**വായനഭാഗം : എസ്രാ 1–4 അദ്ധ്യായങ്ങൾ**

**മിഷൻ ഫീൽഡ്** : നാഗാലാന്റ് (ഡിമാപൂർ)

**പ്രവർത്തകൻ** : യുൻഷെൻലോ ജിഷിംഗ് രംഗ്മ (ഭാര്യ: സിംഗുൻലെ, മക്കൾ: ഐസക്ക്, ഷെൻഷി, ഹ്യൂകെസിൽ, സോളോ)

**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 19

**വായനഭാഗം : എസ്രാ 5–7 അദ്ധ്യായങ്ങൾ, അപ്പൊ. പ്രവൃത്തികൾ 22, 23 അദ്ധ്യായങ്ങൾ**

**മിഷൻ ഫീൽഡ്** : ഒഡിഷ (കണ്ഡമാൽ)

**പ്രവർത്തകർ** : സുദം ഡിഗൽ (ഭാര്യ: എലിശ്ബാ, മക്കൾ: അഭിഷേക്, ആശേഷ്, അർച്ചൻ, അഞ്ജന) തുപേശ്വർ മാജി, അമർസിംഗ് ഡിഗൽ

**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 20

**വായനഭാഗം : എസ്രാ 8–10 അദ്ധ്യായങ്ങൾ, അപ്പൊ. പ്രവൃത്തികൾ 24, 25 അദ്ധ്യായങ്ങൾ**

**മിഷൻ ഫീൽഡ്** : ഒഡിഷ (കൊട്ടഗ്രാ)

**പ്രവർത്തകൻ** : പ്രഫുല്ല നായക് (ഭാര്യ: ആരതി, മക്കൾ: ക്രിസ്റ്റീന, ക്രിസ്റ്റഫർ, ശ്രുതി, തോമസ്)

**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 21

**വായനഭാഗം : നെഹെമ്യാവ് 1–3 അദ്ധ്യായങ്ങൾ, അപ്പൊ. പ്രവൃത്തികൾ 26, 27 അദ്ധ്യായങ്ങൾ**

**മിഷൻ ഫീൽഡ്** : ഒഡിഷ (ഹത്മുനിഗുഡ)

**പ്രവർത്തകൻ** : പത്മസേന കുസുലിയ (ഭാര്യ: ബൈദേഹി, മക്കൾ: സാമുവേൽ, ദാനിയേൽ, ദിൽഷൻ)

**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 22

**വായനഭാഗം : നെഹെമ്യാവ് 4–6 അദ്ധ്യായങ്ങൾ, അപ്പൊ. പ്രവൃത്തികൾ 28–ാം അദ്ധ്യായം**

**മിഷൻ ഫീൽഡ്** : ഒഡിഷ (കൽഹണ്ടി)

**പ്രവർത്തകൻ** : ആശിഷ് സിംഗ് (ഭാര്യ: മുക്ത)

**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 23

**വായനഭാഗം : നെഹെമ്യാവ് 7, 8 അദ്ധ്യായങ്ങൾ, റോമർ 1, 2 അദ്ധ്യായങ്ങൾ**

**മിഷൻ ഫീൽഡ്** : ഒഡിഷ (ബൈസം കട്ടക്) (മോറിയ കൃപാ ഭവൻ & സ്കിൽ ട്രെയ്നിംഗ് സെന്റർ)

**പ്രവർത്തകർ** : ദിലീപ് സോറൻ (ഭാര്യ: സുനിത, മകൾ: എയ്ഞ്ചൽ) അഞ്ജൻ കുമാർ നായക് (ഭാര്യ: ലിലി) രാംരാജ് എം.ജി. (ഭാര്യ: മംമ്ത, മക്കൾ: ജമീമ, ജറീന)

**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം.

## 24

**വായനഭാഗം : നെഹെമ്യാവ് 9–11 അദ്ധ്യായങ്ങൾ, റോമർ 3, 4 അദ്ധ്യായങ്ങൾ**

**മിഷൻ ഫീൽഡ്** : പഞ്ചാബ് (മോഗ)

**പ്രവർത്തകർ** : ജാഗ്സിർസിംഗ് ഭാട്ടി (ഭാര്യ: അനിത, മക്കൾ: ജോൺസൺ, സുഖ്രൂപ് കൗർ), രാജ്പാൽ മസിഹ്

**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം.

## 25

**വായനഭാഗം** : **നെഹെമ്യാവ് 12, 13 അദ്ധ്യായങ്ങൾ, റോമർ 5, 6 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : രാജസ്ഥാൻ (ബാൻസ്വാഡ)
**പ്രവർത്തകർ** : ലക്ഷ്മൺലാൽ ദാമോർ (ഭാര്യ: ശാന്ത, മക്കൾ: എലീശ, ആനന്ദ്, വിജയ്, പ്രിസ്കില്ല), ഭരത് പട്ടേൽ, നരേശ്, നഗിൻലാൽ, രത്തൻലാൽ, സോണിയ ഡേവ്ഡ, അർജുൻസിംഗ്, ദേവിലാൽ, വിജയ്സിംഗ്, മാല കട്ടാറ, വിനോദ് കട്ടാറ, ഗുഡ്വിൻ ഗരാസിയ, ലോകേഷ് ചർപോത, രമേഷ്ചന്ദ് പാഡോർ, ആനന്ദ് ഹിരാവത്ത്, രാംലാൽ ഡിൻഡോർ
**വിഷയങ്ങൾ** : ഡേവിഡ് - അപ്പന്റിസൈറ്റിസ് സൗഖ്യത്തിനായും, വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 26

**വായനഭാഗം** : **എസ്ഥേർ 1, 2 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : തമിഴ്നാട് (തേനി)
**പ്രവർത്തകർ** : കെ. എബ്രാഹം (ഭാര്യ: ജോൺസിബായ്, മക്കൾ: കൃപ - ഭർത്താവ്: രവികുമാർ, സാമുവേൽ ജോൺ)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 27

**വായനഭാഗം** : **എസ്ഥേർ 3 – 6 അദ്ധ്യായങ്ങൾ, റോമർ 7, 8 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : തെലങ്കാന (രാമണ്ണപ്പേട്ട)
**പ്രവർത്തകർ** : പോൾ ബി. (ഭാര്യ: സന്ധ്യ, മക്കൾ: ഷാർലി, സൂസന്ന, സാറ്റ്വിക) കന്നോജു മോശ (ഭാര്യ: ഉമ, മകൻ: അഭിഷേക്) കലകോട്ടി ഗോപാൽ റാവു (ഭാര്യ: ഇന്ദിര, മക്കൾ: രുത്വിക, ഇവാഞ്ചലിക)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 28

**വായനഭാഗം** : **എസ്ഥേർ 7 – 10 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഉത്തർപ്രദേശ് (ഗോരഖ്പൂർ)
**പ്രവർത്തകർ** : അജിത്ത് കുമാർ (ഭാര്യ: ആശ)
**വിഷയങ്ങൾ** : വേല വളരുവാനും, സുവിശേഷവിരോധികളുടെ മാനസാന്തരത്തിനായും, വിശ്വാസികൾക്കായും പ്രാർത്ഥിക്കാം

## 29

**വായനഭാഗം** : **ഇയ്യോബ് 1 – 3 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഉത്തരാഖണ്ഡ് (നൈനിറ്റാൾ)
**പ്രവർത്തകർ** : ഹർമീന്ദ് സിംഗ് (ഭാര്യ: കിരൺ, മക്കൾ: അലക്സ്, ജെറിൽ)
**വിഷയങ്ങൾ** : വേല വളരുവാനും, സുവിശേഷവിരോധികളുടെ മാനസാന്തരത്തിനായും, വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 30

**വായനഭാഗം** : **ഇയ്യോബ് 4 – 6 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : വെസ്റ്റ് ബംഗാൾ (സിലിഗുരി, ജൽപായ്ഗുരി, കട്ടൽഗുരി)
**പ്രവർത്തകർ** : ഉമേഷ്കുമാർ ഹെബ്രോം (ഭാര്യ: മീന, മക്കൾ: ജറീന, ജയിംസ്) ബിക്കി ലോഹോർ (ഭാര്യ: ദീപ്മാല) ആമോസ് ബസ്റ, മഹേഷ് ടുഡു, രഞ്ജൻ മുർമു, സന്തോഷ് മുർമു, രാജൻ മഹാലി, മംഗൾ മുർമു
**വിഷയങ്ങൾ** : മിഥുൻ - കിഡ്നി സ്റ്റോൺ, നവോമി - വയറിൽ മുഴ. ബായു ബസ്കി - കിടപ്പുരോഗിയാണ്, മിഥുൻ - നെഞ്ചിൽ ഇൻഫെക്ഷൻ, ഇമ്മാനുവേൽ 2 വയസ്സുള്ള കുട്ടിയാണ്. നടക്കുന്നില്ല, റോഷ്നി - നടു വേദന ഇവരുടെ സൗഖ്യത്തിനായും, മെക്കൽ - മദ്യപാനം മാറുവാനും മാധവ് - മാനസാന്തരത്തിനായും പ്രാർത്ഥിക്കാം.


പ്രാർത്ഥനാ സഹായത്തിന്

# ഗാർഡിയൻ പ്രേയർ സെൽ

**ഭവനത്തിലിരുന്ന് വിവിധ വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവാൻ താത്പര്യമുള്ളവർ ഗാർഡിയൻ പ്രേയർ സെല്ലിൽ അംഗമാകുവാൻ ഞങ്ങളുമായി ബന്ധപ്പെടുക**

**CALL: 9446610923**

**E-mail: guardianprayercell@gmail.com**
**www.egmofindia.com**





# ദൈവത്തിന്റെ സർവ്വായുധവർഗ്ഗം

സി.ജി. തോമസ്

"വിശാചിന്റെ തന്ത്രങ്ങളോടു എതിർത്തുനില്പാൻ കഴിയേണ്ടതിന്നു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ." ക്രിസ്തുവിന്റെ ഒരു പടയാളി എന്ന നിലയിൽ നാം എപ്പോഴും സർവ്വായുധവർഗ്ഗം ധരിച്ചിരിക്കേണം എന്നാണ് പൌലൊസ് എഫെസ്യാ ലേഖനം 6:11-ൽ നമ്മെ പ്രബോധിപ്പിക്കുന്നത് പിശാചിന്റെ തന്ത്രങ്ങൾ കുടിലമാണ്. മനുഷ്യനിൽ മാനുഷിക ബലഹീനതയും ഉണ്ട്. അതുകൊണ്ടാണ് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിക്കണമെന്ന് ഉദ്ബോധിപ്പിക്കുന്നത്.

ഒരു പടയാളിയുടെ ചിത്രമാണ് പൌലൊസ് ഇവിടെ വരച്ചുകാണിക്കുന്നത്. തടവിലായിരിക്കുന്ന പൌലൊസിനെ ഒരു റോമൻ പടയാളി നിഴൽ പോലെ പിന്തുടരുന്നു. ക്രിസ്തീയജീവിതത്തെ ഒരു യുദ്ധമായി അവതരിപ്പിച്ചിരിക്കുന്നു. അപകടകാരിയായ ശത്രുവിനെതിരായി പോരാടണം. ആയുധങ്ങളുടെ ഒരു പട്ടിക നൽകിയിരിക്കുന്നു. അതിൽ ആക്രമണത്തിനുള്ള ആയുധം ഒന്നു മാത്രമേയുള്ളൂ. ദൈവവചനമെന്ന ആത്മാവിന്റെ വാൾ. ബാക്കിയുള്ളവയെല്ലാം സുരക്ഷക്കുവേണ്ടിയുള്ളവയാണ്. വചനമാകുന്ന വാളിന് എല്ലാറ്റിനെയും തകർക്കാൻ കഴിയും. അതുകൊണ്ട് വചനം പഠിക്കുകയും പ്രയോഗിക്കുകയും വേണം.

"ഞങ്ങൾ ജഡത്തിൽ സഞ്ചരിക്കുന്നവർ എങ്കിലും ജഡപ്രകാരം പോരാടുന്നില്ല. ഞങ്ങളുടെ പോരിന്റെ ആയുധങ്ങളോ ജഡികങ്ങൾ അല്ല കോട്ടകളെ ഇടിപ്പാൻ ദൈവസന്നിധിയിൽ ശക്തിയുള്ളവ തന്നേ" (2 കൊരി 10:3,4). സമരായുധങ്ങളെക്കുറിച്ച് റോമർ, കൊരിന്ത്യർ, തെസ്സലൊനീക്യ ലേഖനങ്ങളിലും പൌലൊസ് സൂചിപ്പിക്കുന്നു.

ദൈവത്തിന്റെ സർവ്വായുധവർഗ്ഗമായി എഫെസ്യാലേഖനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് സത്യം, നീതി, സമാധാനസുവിശേഷത്തിന്നായുള്ള ഒരുക്കം, വിശ്വാസം എന്ന പരിച, രക്ഷ എന്ന ശിരസ്ത്രം (Helmet), ദൈവവചനമെന്ന ആത്മാവിന്റെ വാൾ എന്നിവയാണ്.

1. സത്യം : അരെയ്ക്കു ചുറ്റുമുള്ള അരപ്പട്ട സാത്താൻ അസത്യം ഉപയോഗിച്ചാണ് പ്രധാനമായും യുദ്ധം ചെയ്യുന്നത്. ചിലപ്പോൾ ആ നുണ സത്യത്തിന്റെ മുഖംമൂടി ധരിച്ചിരിക്കും. സാത്താന്റെ അസത്യത്തെ വിശ്വാസികൾ ദൈവിക സത്യംകൊണ്ട് നേരിടണം.

2. നീതി : അതു കവചമാണ്. ഹൃദയത്തെ മാർക്കവചംകൊണ്ടു സംരക്ഷിക്കാം. എല്ലാ വികാരങ്ങളുടെയും വിശ്വസ്തതയുടെയും ഇരിപ്പിടം ഹൃദയമാകുന്നു. സാത്താൻ പലപ്പോഴും ആക്രമിക്കുന്നത് ഹൃദയത്തെയായിരിക്കും. ദൈവികനീതിയാൽ മാറിടം സംരക്ഷിക്കപ്പെട്ട ഒരു വിശ്വാസിക്ക് പിശാചിന്റെ യാതൊരു ആക്രമണത്തെയും ഭയപ്പെടാനില്ല.

3. സമാധാന സുവിശേഷത്തിന്നായുള്ള ഒരുക്കം. ഇത് ചെരിപ്പായിട്ടാണ് ഉപമിച്ചിരിക്കുന്നത്. നടന്നുപോയി സുവിശേഷം അറിയിക്കുന്നതിനെ ഇതു സൂചിപ്പിക്കുന്നു. സുവിശേഷഘോഷണം അനാവശ്യവും ലജ്ജാകരവുമെന്ന് പിശാച് അവകാശപ്പെടും. സുവിശേഷപ്രചരണത്തിനിടയിൽ ലഭിക്കുന്ന പ്രതികരണവും ഇതുതന്നെയാകുമ്പോൾ സ്വാഭാവികമായും മനസ്സു മടുക്കും. എന്നാൽ നാം പ്രസംഗിക്കാതെ, സംസാരിക്കാതെ മറ്റുള്ളവർ എങ്ങനെ ഈ സമാധാന സുവിശേഷം അറിയും? അതിനാൽ സമാധാനസുവിശേഷത്തിന്നായുള്ള ഒരുക്കം ചെരുപ്പുപോലെ സദാ കാലിൽ അണിയുമ്പോൾ ദൈവിക പ്രചോദനത്താൽ പ്രവർത്തനത്തിനായി നാം സദാ ഉത്സാഹഭരിതരായിത്തീരും.

സുവിശേഷം സർവ്വരും കേൾക്കേണ്ടത് ആവശ്യമാകുന്നു. രക്ഷിക്കപ്പെടുന്നതിന് സുവിശേഷം വിശ്വസിക്കേണ്ടതുണ്ട്. പിന്നെ അവൻ അവരോട്: "നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കയും സ്നാനം ഏൽക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും" (മർക്കോസ് 16:15,16).

അതുകൊണ്ട് സുവിശേഷം അറിയിക്കുവാൻ നാം കടപ്പെട്ടിരിക്കുന്നു; നിയോഗിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ പാപപരിഹാരാർത്ഥം നമുക്കുവേണ്ടി സ്വയം

ബലിയർപ്പിക്കപ്പെട്ട യേശുകർത്താവല്ലാതെ വേറെ ഒരു രക്ഷകൻ നമുക്കുവേണ്ടി നൽകപ്പെട്ടിട്ടില്ലെന്നു നാം വിശ്വസിക്കുകയും ആ വിശ്വാസം നാം ഏറ്റു പറയുകയും വേണം. പകരം മറ്റാരും നമ്മെ രക്ഷിക്കുകയില്ല.

**4. വിശ്വാസം:** വിശ്വാസമാണ് പരിച. ദുഷ്ടന്റെ ജ്വലിക്കുന്ന കൂരമ്പുകളെ കെടുത്തുന്നതിന് വിശ്വാസത്തിന്റെ ഈ പരിച നമ്മെ ശക്തരാക്കും. വിശ്വാസത്താൽ ക്രിസ്തുവിൽ നമുക്ക് സമ്പൂർണ്ണമായി ആശ്രയിക്കുവാൻ സാധിക്കും. ക്രിസ്തുവുമായി വിശ്വാസത്താൽ വ്യക്തിപരമായ ബന്ധം സ്ഥാപിക്കണം. അപ്പോൾ സാത്താന്റെ പരീക്ഷകളിൽ മനസ്സു തളരുകയില്ല.

പുരാതനകാലത്തെ ഏറ്റവും ഭീകരമായ യുദ്ധോപകരണമായിരുന്നു തീയമ്പുകൾ. ചണം ചുറ്റി കീലിൽ മുക്കി തീകൊളുത്തി എയ്യുന്ന തീയമ്പുകളെ തടയുവാൻ പോരാളികൾ ഉപയോഗിച്ചിരുന്നത് രണ്ടു മരഭാഗങ്ങൾ പശവെച്ച് കൂട്ടി ഒട്ടിച്ച് ദീർഘചതുരാകൃതിയിൽ ഉണ്ടാക്കിയ പരിചകളായിരുന്നു. തീയമ്പുകളെ ഈ പരിചകൊണ്ടു തടയുമ്പോൾ അമ്പു മരത്തിൽ തറച്ച് തീ കെട്ടുപോകുന്നു.

**5. രക്ഷ:** രക്ഷയാണ് ശിരസ്ത്രം. കഴിഞ്ഞ കാലങ്ങളിലെ പാപങ്ങൾക്കു ക്ഷമ ലഭിക്കുന്നു എന്നു മാത്രമല്ല, ഇനിയും ഉണ്ടാകുവാൻ പോകുന്ന പൈശാചിക ആക്രമണങ്ങളിൽക്കൂടി നമുക്കു സംരക്ഷണം ലഭിക്കുന്നു. രക്ഷ നിത്യമാണ്, പൂർണ്ണമാണ്.

"നാമോ പകലിന്നുള്ളവരാകയാൽ വിശ്വാസവും സ്നേഹവും എന്ന കവചവും ശിരസ്ത്രമായി രക്ഷയുടെ പ്രത്യാശയും ധരിച്ചുകൊണ്ടു സുബോധമായിരിക്ക" (1 തെസ്സലൊനീക്യർ 5:8).

**6. ദൈവവചനം:** ദൈവവചനമാണ് ആത്മാവിന്റെ വാൾ. സർവ്വായുധവർഗ്ഗങ്ങളിൽ ശത്രുവിനെതിരായി പ്രയോഗിക്കാനുള്ള ഒരേയൊരു ആയുധമാണ് വചനമാകുന്ന വാൾ. ഒരു ഭടന്റെ സ്വരക്ഷക്കും വാൾ ആവശ്യമാണ്. സാത്താനെതിരെയുള്ള യുദ്ധത്തിൽ എതിരാളികളെ വചനംകൊണ്ടു കീഴടക്കാം. വചനം തക്കസമയത്തു വേണ്ടവണ്ണം ഉപയോഗിക്കുവാൻ പരിശുദ്ധാത്മാവു ശക്തി നൽകും.

യേശു തന്റെ പരസ്യജീവിതം ആരംഭിക്കുമ്പോൾ, യോഹന്നാൻസ്നാപകനിൽനിന്ന് സ്നാനം സ്വീകരിക്കുകയും തുടർന്ന് ഉപവസിക്കാനായി മരുഭൂമിയിലേക്കു പോകുകയും ചെയ്തു. നാല്പതു ദിനരാത്രങ്ങൾ ഉപവസിച്ചു. അപ്പോൾ അവനു വിശന്നു. അപ്പോൾ പരീക്ഷകൻ അടുത്തുവന്നു. നീ ദൈവപുത്രൻ എങ്കിൽ ഈ കല്ല് അപ്പമായിത്തീരുവാൻ കല്പിക്ക എന്നു പറഞ്ഞു. അതിന്നു അവൻ മറുപടി പറഞ്ഞത്.

"മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽക്കൂടി വരുന്ന സകലവചനംകൊണ്ടും ജീവിക്കുന്നു" എന്ന് എഴുതിയിരിക്കുന്നു (മത്താ 4:4).

ദൈവാലയത്തിന്റെ അഗ്രത്തിന്മേൽ നിറുത്തി താഴത്തോട്ടു ചാടുക എന്നു പറഞ്ഞതിന്റെ മറുപടി. "നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത്" എന്നും കൂടെ എഴുതിയിരിക്കുന്നു (മത്താ 4:7) പിന്നെ വീണു എന്നെ നമസ്കരിച്ചാൽ ഇതൊക്കെയും നിനക്കു തരാം എന്നു പറഞ്ഞതിന്റെ മറുപടി: "സാത്താനേ, എന്നെ വിട്ടുപോ; നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ചു അവനെ മാത്രമേ ആരാധിക്കാവൂ" എന്നു എഴുതിയിരിക്കുന്നുവല്ലോ (മത്താ 4:10).

ദൈവവചനമാകുന്ന ഇരുതലവാളിനെക്കുറിച്ച് പൗലൊസ് എബ്രായലേഖനത്തിൽ എഴുതിയിരിക്കുന്നു. "ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേറുവിടുവിക്കുംവരെ തുളെച്ചുചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു" (എബ്രാ 4:12).

സ്വയമേവ മനുഷ്യൻ ബലഹീനതകൾ ഉള്ളവരായതുകൊണ്ട് ഈ സർവ്വായുധവർഗ്ഗം ധരിച്ചിരിക്കണം. മനുഷ്യന്റെ ബലഹീനതകൾ ബൈബിൾ ചൂണ്ടിക്കാണിക്കുന്നുണ്ട്.

1. മരുഭൂമിയിൽ മാംസം ലഭിക്കാതെവന്നപ്പോൾ യിസ്രായേൽജനം മോശെക്കെതിരായി പിറുപിറുത്തു മോശെ യഹോവയോട് ഇപ്രകാരം പ്രാർത്ഥിച്ചു:

"ഏകനായി ഈ സർവ്വജനത്തെയും വഹിപ്പാൻ എന്നെക്കൊണ്ടു കഴിയുന്നതല്ല; അതു എനിക്കു അതിഭാരം ആകുന്നു. ഇങ്ങനെ എന്നോടു ചെയ്യുന്ന പക്ഷം ദയവിചാരിച്ചു എന്നെ കൊന്നുകളയേണമേ എന്റെ അരിഷ്ടത ഞാൻ കാണരുതേ" (സംഖ്യ 11:14,15).

2. യേശു ഗെത്ത്ശെമനതോട്ടത്തിൽ പ്രാർത്ഥിക്കുമ്പോൾ ശിഷ്യന്മാർ ഉറങ്ങുന്നത് കണ്ടിട്ട് പത്രൊസിനെയും സെബെദിപുത്രന്മാർ ഇരുവരെയും കൂട്ടിക്കൊണ്ട് ചെന്ന് (യേശു) ദുഃഖിച്ചു. വ്യാകുലപ്പെട്ടു തുടങ്ങി. യേശു മുന്നോട്ടു ചെന്നു കവിണ്ണു വീണു പ്രാർത്ഥിച്ചു. പിന്നെ അവൻ ശിഷ്യന്മാരുടെ അടുക്കൽ വന്നു, അവർ ഉറങ്ങുന്നതുകണ്ടു. യേശു പത്രൊസിനോടു ചോദിച്ചു; എന്നോടു കൂടെ ഒരു നാഴികപോലും ഉണർന്നിരിപ്പാൻ നിങ്ങൾക്കു കഴിഞ്ഞില്ലയോ? പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ, ആത്മാവു ഒരുക്കമുള്ളത്, ജഡമോ ബലഹീനമത്രേ (മത്താ 26:40, 41).

എപ്പോഴും സർവ്വായുധവർഗ്ഗം ധരിച്ചുകൊണ്ട് ശത്രുവായ പിശാചിനോടു പൊരുതി, നിത്യജീവനിലേക്കുള്ള നമ്മുടെ പ്രയാണത്തിലെ തടസ്സങ്ങൾ നീക്കി ദൈവസന്നിധിയിൽ എത്തിച്ചേരാം. ■■■



ഇ.എം. ബൗണ്ട്സ്

# പ്രാർത്ഥന ദൈവത്തെപ്പോലെ തന്നേ അനന്തമായതത്രെ

ദൈവം കടന്നുപിടിച്ച പൗരാണിക പ്രവാചകന്മാർക്ക് അവരുടെ കർത്തവ്യനിർവ്വഹണത്തിന്റെ വിപുലതയെയും ജനങ്ങളുടെ അപ്രീതിയെയും പറ്റി സചേതനമായ ബോധമുണ്ടായിരുന്നു. സ്വന്തം കഴിവുകേടും അപര്യാപ്തതയും ബോധിപ്പിച്ചപേക്ഷിച്ചുംകൊണ്ട് തങ്ങളുടെ ഭാരംനിറഞ്ഞ ദേഹികളുടെ വിടുതലിനായി ഈ ജാഗ്രതാബദ്ധരായ പുരുഷന്മാർ ശ്രമിക്കുകയുണ്ടായി. ഉദാഹരണത്തിന് മോശെ, തന്റെ വിക്കുള്ള നാവിന്റെ കാര്യം പറഞ്ഞുകൊണ്ട്, ഒരു ജനതയെ ആകെ ബാധിക്കുന്ന ചുമതലയിൽനിന്ന് ഒഴിഞ്ഞുമാറുവാൻ നോക്കി. എന്നിട്ടും അഹരോനിൽ ഒരു വക്താവിനെ നൽകിക്കൊണ്ട് ദൈവം അവന്റെ ഒഴിഞ്ഞുമാറലിനെ എങ്ങനെ മറികടന്നു എന്ന് ശ്രദ്ധിക്കുക. യിരെമ്യാവും അവൻ ഒരു ബാലൻ ആണ് എന്നു പറഞ്ഞുകൊണ്ട് വാദിച്ചു നോക്കി. എന്നിരുന്നാലും മോശെയുടെ കാര്യത്തിലെന്നപോലെ യിരെമ്യാവിന്റെ കാര്യത്തിലും, മാനുഷിക തടസ്സങ്ങൾക്ക് നിലനിൽക്കാൻ കഴിഞ്ഞില്ല. ദൈവിക തിരഞ്ഞെടുപ്പിൻപ്രകാരമുള്ള ആളുകളെ, അവരുടെ വ്യക്തിത്വങ്ങൾ മാനിക്കപ്പെടേണ്ടതിനൊ, അല്ലെങ്കിൽ അവരുടെ അറിവ് വർദ്ധിപ്പിക്കേണ്ടതിനൊ ആയി മാനുഷികജ്ഞാനത്തിന്റെ മുറികളിലേക്ക് അയച്ചില്ല. എന്നാൽ ദൈവം തനിക്കുള്ളവനെ എങ്ങനെയെങ്കിലും ബദ്ധനാക്കി തന്നോടുകൂടെ രഹസ്യങ്ങളുടെ കലവറയിലാക്കുന്നു. ഒലിവർ വെൻഡൽ ഹോംസ് പറഞ്ഞപ്രകാരം, പുതിയ ഒരു ചിന്താഗതിയിൽ പ്രസരിപ്പിക്കപ്പെട്ട മനുഷ്യമനസ്സിന് അതിന്റെ പഴയ സ്ഥിതിയിലേക്ക് മടങ്ങിപ്പോകുവാൻ ഒരിക്കലും സാധ്യമല്ല. എന്നാൽ പിന്നെ നിത്യമായ ശബ്ദത്തിന്റെ മന്ത്രണം ശ്രവിച്ചതായ ഒരു ദേഹിയെപ്പറ്റി നാം എന്താണു പറയേണ്ടത്? കർത്താവ് അരുളിച്ചെയ്യുന്നു; "ഞാൻ നിങ്ങളോടു സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനും ആകുന്നു." (യോഹന്നാൻ 6:63). കർത്താവിൽനിന്നു ലഭിക്കേണ്ടതിന്നു പകരം മരിച്ച മനുഷ്യരുടെ മസ്തിഷ്കത്തിൽനിന്നു കടംവാങ്ങിയ ചിന്തകൾകൊണ്ട് നമ്മുടെ പ്രസംഗം അധികവും ഇന്ന് രോഗംബാധിച്ചതത്രെ. പുസ്തകങ്ങൾ നമുക്ക് വഴികാട്ടികൾ ആയിരിക്കുമ്പോൾ അതു നല്ലതു തന്നേ, എന്നാൽ അവ നമുക്ക് ചങ്ങലകളായിത്തീർന്നാൽ ചീത്തയാണ്.

ആധുനിക ശാസ്ത്രജ്ഞന്മാർ അണുശക്തിയിൽ ശക്തിയുടെ പുതിയ പരിമാണങ്ങൾ സ്പർശിച്ചതുപോലെ തന്നേ സഭയും, പരിശുദ്ധാത്മാവിന്റെ അനന്തമായ ശക്തിയെ വീണ്ടും കണ്ടെത്തേണ്ടിയിരിക്കുന്നു. പാപപങ്കിലമായ ഈ കാലഘട്ടത്തിന്റെ അതിക്രമത്തെ തകർക്കുന്നതിനും, നിദ്രാവശരായിരിക്കുന്ന വിശുദ്ധന്മാരുടെ അലംഭാവത്തെ ഛിന്നഭിന്നമാക്കുന്നതിനും എന്തെങ്കിലും വാസ്തവമായി ഉണ്ടായേ മതിയാകൂ. പ്രാർത്ഥനാമുറിയിലെ അഭംഗുരമായ യാമങ്ങളിൽനിന്ന് സജീവമായ പ്രസംഗവും വിജയകരമായ ജീവിതവും ഉണ്ടാകേണ്ടിയിരിക്കുന്നു. "ഒരു വിശുദ്ധ ജീവിതം നയിക്കണമെങ്കിൽ നാം പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു." എന്ന് ഒരാൾ പറഞ്ഞത്, ശരിയാണ്. എന്നാൽ മറുവശത്ത്, നമുക്കു പ്രാർത്ഥിക്കാൻ കഴിയണമെങ്കിൽ നാം ഒരു വിശുദ്ധജീവിതം നയിച്ചേ പറ്റൂ എന്നതാണു സത്യം. ദാവീദ് പറയുംപ്രകാരം "യഹോവയുടെ പർവ്വതത്തിൽ ആർ കയറും? വെടിപ്പുള്ള കയ്യും നിർമ്മല ഹൃദയവും ഉള്ളവൻ" (സങ്കീർത്തനം 24:3,4)എന്ന് കാണുന്നു.

പ്രാർത്ഥനയുടെ രഹസ്യം, രഹസ്യത്തിൽ പ്രാർത്ഥിക്കുക എന്നുള്ളതത്രെ. പ്രാർത്ഥനയെപ്പറ്റിയുള്ള പുസ്തകങ്ങൾ നല്ലതാണ് എങ്കിലും അതു പോരാ. പാചകസംബന്ധമായ പുസ്തകങ്ങൾ നല്ലതെങ്കിലും വേണ്ടതായ സാധനങ്ങൾ പാചകത്തിന് ലഭിക്കുന്നില്ലെങ്കിൽ യാതൊരു പ്രയോജനവും ഇല്ലാതിരിക്കുന്നതുപോലെ തന്നെയാണ് പ്രാർത്ഥനയുടെ കാര്യവും. പ്രാർത്ഥനയെക്കുറിച്ചുള്ള ഗ്രന്ഥശേഖരമത്രയും ഒരു ലൈബ്രറിയിൽനിന്നും ഒരുവൻ വായിച്ചെന്നുവന്നാലും. പ്രാർത്ഥനയിൽ അല്പമെങ്കിലും ശക്തിക്കൂടുതൽ പ്രാപിപ്പാൻ അവനു കഴിയുന്നതല്ല. നാം പ്രാർത്ഥിപ്പാൻ പഠിക്കേണ്ടിയിരിക്കുന്നു. മാത്രമല്ല, പ്രാർത്ഥിപ്പാൻ പഠിക്കേണ്ടതിനായും നാം പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. കസേരയിലിരുന്നുകൊണ്ട്, ലോകത്തിലേക്കും ഏറ്റവും മനോഹരമായ ശാരീരികാരോഗ്യസംബന്ധമായ പുസ്തകം വായിച്ചുകൊണ്ടിരിക്കുമ്പോൾ തന്നേ, ഒരുവന്റെ ആരോഗ്യത്തിന് ക്ഷയം നേരിടാവുന്നതാണ്. (തുടരും)

(പേജ് 17 – ൽ നിന്നും)

ആ കൂട്ടായ്മയിലൂടെ പിന്നീട് 2 പേരെ ദൈവവേല ക്കുവേണ്ടി വയനാട്ടിലേക്ക് അയച്ചു. ആ ശുശ്രൂഷ വളരെ ഫലവത്തായി എന്ന് മനസ്സിലാക്കി മത്തായി സാർ 1995-ൽ പെരുമ്പാവൂർ വൈ.എം.സി.എ. ഹാളിൽ വെച്ച് ഒരു മിഷനറി കോളിംഗ് പ്രോഗ്രാം നടത്തി. വേലക്കുവേണ്ടിയുള്ള ആഹ്വാനത്തിൽ ഞങ്ങൾ 7 പേർ കർത്താവിന്റെ വേലക്ക് മുഴുവൻസമയം സമർ പ്പിക്കപ്പെട്ടു. അത് ഒരു മിഷനറി പ്രസ്ഥാനത്തിന്റെ ആരംഭമായിരുന്നു. ഈ മിഷൻപ്രവർത്തനത്തിന് സെന്റ് പോൾസ് മിഷൻ ഓഫ് ഇന്ത്യ എന്ന് നാമ കരണം ചെയ്തു. മത്തായിസാറിന് കിട്ടിയ ദർശന ത്തിന്റെയും കാഴ്ചപ്പാടിന്റെയും ഭാഗമായിരുന്നു എന്ന് അന്ന് പലരും മനസ്സിലാക്കാതെ വന്നതിനാൽ (അക ത്തുനിന്നും പുറത്തുനിന്നും) ധാരാളം എതിർപ്പുകൾ അനുഭവിക്കേണ്ടിവന്നു. എന്നാലും ഞങ്ങൾ കുടും ബമായി വേലക്കിറങ്ങുവാൻതന്നെ തിരുമാനിച്ചു.

**ഏതെല്ലാം സ്ഥലങ്ങളിൽ മിഷനറിയായി പ്രവർ ത്തിച്ചിട്ടുണ്ട്?**

കാസറഗോഡ് ജില്ലയിൽ 'പാണത്തൂർ' എന്ന സ്ഥ ലത്ത് മറാട്ടികളുടെയും ഗൗഡന്മാരുടെയും ചെറവ രുടെയും ഇടയിൽ 9 വർഷവും പാലക്കാട് ജില്ല യിൽ അട്ടപ്പാടി - തേക്കുവട്ട എന്ന സ്ഥലം കേന്ദ്ര മാക്കി ആദിവാസി മേഖലകളിൽ 4 വർഷവും കുടും ബമായി പ്രവർത്തിച്ചിട്ടുണ്ട്.

**ആ വേലയിൽ സംതൃപ്തനായിരുന്നോ?**

ആ വേലയിൽ ഞങ്ങൾ ഏറെ സംതൃപ്തരായിരു ന്നു. ജീവിത സാഹചര്യങ്ങൾ വളരെയേറെ പ്രതികു ലമായിരുന്നെങ്കിലും കർത്താവിനായി സഹിച്ചും വ ഹിച്ചും മുന്നോട്ടുപോകുവാൻ ദൈവം കൃപതന്നു.

**കുടുംബമായി സുവിശേഷവേലക്ക് പുറപ്പെട്ടത് എന്തുകൊണ്ടാണ്? മക്കളുടെ ഭാവിയെക്കുറിച്ച് ഉത്കണ്ഠ ഉണ്ടായിരുന്നില്ലേ?**

ഞാൻ മാനസാന്തരപ്പെട്ട നാളുകളിൽ, ചിലരൊക്കെ കുടുംബമായി കൂട്ടായ്മക്കും ശുശ്രൂഷകർക്കും പോകുന്നത് കാണുമ്പോൾ എന്റെ ഉള്ളിലെ വലി യൊരു ആഗ്രഹമായിരുന്നു എനിക്കും കുടംബമായി വേലക്ക് പോകണമെന്ന്. എന്നാൽ വ്യക്തമായ വിളി ഞങ്ങൾക്ക് ലഭിച്ചു എന്ന തിരിച്ചറിവുകൊണ്ടാണ് കുടുംബമായി രണ്ടുമക്കളെയും കൂട്ടി വേലക്ക് ഇറങ്ങിയത്.

ഉവ്വ്, ഞങ്ങൾക്ക് ധാരാളം ഉത്കണ്ഠകൾ ഉണ്ടായി രുന്നു.പക്ഷെ 'ആഴിയും ആഴവും നോക്കാതെ' വേല ക്കിറങ്ങുവാൻ ദൈവം കൃപതന്നു. എല്ലാവരും നിരു ത്സാഹപ്പെടുത്തിയപ്പോൾ "വിളിച്ചവൻ വിശ്വസ്ഥ നാണ്" എന്ന ഉറപ്പും ധൈര്യവും കർത്താവ് തന്നു. അങ്ങനെ രണ്ട് പെൺമക്കൾ ഉള്ള ഞങ്ങൾക്ക് കു ഞ്ഞുങ്ങളുടെ സമർപ്പണവും തീരുമാനവും ദൈവാ നുഭവവും ഞങ്ങളെ ഏറെ പ്രചോദിപ്പിച്ചു. അങ്ങനെ ഞങ്ങളുടെ എല്ലാ ഉത്കണ്ഠകൾക്കും കർത്താവ് മറുപടി തന്നു. ദൈവത്തെ മാനിച്ചാൽ ദൈവം മാ നിക്കും എന്ന് ഞങ്ങളുടെ ജീവിതാനുഭവം പഠിപ്പിച്ചു. മൂത്തമകൾ എം.എ. ബിഎഡ് കഴിഞ്ഞു. ഒരു എയ് ഡഡ് സ്കൂളിൽ ജോലി കിട്ടി. ഇളയമകൾ ബി. എസ്.സി. നേഴ്സിംഗ് കഴിഞ്ഞ് ഇപ്പോൾ സൗദി യിൽ മിലിട്ടറി ഹോസ്പിറ്റലിൽ വർക്ക് ചെയ്യുന്നു. 2 പേരുടെയും വിവാഹം കഴിഞ്ഞു. കർത്താവ് ഞ ങ്ങൾക്ക് 7 കൊച്ചുമക്കളെയും തന്നു. അവർ സന്തോ ഷമായി കുടുംബത്തോടെ കഴിയുന്നു. ഞങ്ങളെ കുടുംബമായി ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണമേ.

**എന്തുകൊണ്ട് പ്രവർത്തിച്ചുകൊണ്ടിരുന്ന പ്രസ്ഥാ നത്തിൽനിന്നു പോരുവാൻ ഇടയായി? ഇടയായ സാഹചര്യം വിശദീകരിക്കാമോ?**

ആ പ്രസ്ഥാനത്തിൽ നിന്നു പോന്നു എന്നല്ല, പോ രേണ്ടതായ ചില സാഹചര്യങ്ങൾ ആ നാളുകളി ലുണ്ടായി. ഞാൻ ഒട്ടുംതന്നെ വിചാരിച്ചിരുന്നില്ല മിഷനിൽനിന്ന് പോരേണ്ടിവരുമെന്ന്. ഞങ്ങളുടെ മൂത്തമകളുടെ വിവാഹത്തിന്റെ ആവശ്യത്തിനുള്ള ലീവ് സംബന്ധിച്ച വിഷയങ്ങൾ നിമിത്തം ഞങ്ങൾക്ക് ഫീൽഡ് വിടേണ്ടതായി വന്നു.

**ഇപ്പോൾ എന്തുചെയ്യുന്നു?**

ഇപ്പോൾ ഇ.ജി.എം. ഓഫ് ഇന്ത്യ എന്ന ദേശീയ മിഷനറി പ്രസ്ഥാനത്തിന്റെ ശുശ്രൂഷയിൽ ആയി രിക്കുന്നു. ഇ.ജി.എം.-ന്റെ സോണൽ സെക്രട്ടറി ആയിട്ട് തിരുവനന്തപുരം, എറണാകുളം, തൃശൂർ ജില്ലകളിലും കൂടാതെ പത്തനംതിട്ട ജില്ലയിലെ തിരുവല്ല, റാന്നി മേഖലകളിലും കുടുംബമായി കർ ത്താവിന്റെ ശുശ്രൂഷയിൽ ആയിരിക്കുന്നു. ഞങ്ങൾ ക്കായി പ്രാർത്ഥിക്കണമേ.

**ഇപ്പോൾ ചെയ്യുന്ന വേലയിൽ സംതൃപ്തനാണോ?**

കർത്താവ് എന്നെ ഏല്പിച്ചിരിക്കുന്ന ഈ ശുശ്രൂ ഷകളിൽ ഞാൻ പൂർണ്ണ സംതൃപ്തനാണ്. വളരെ ആത്മാർത്ഥതയോടെ, എന്നെ ഏല്പിച്ചിരിക്കുന്ന ദൗത്യം ഉത്തരവാദിത്വത്തോടെ ചെയ്യുന്നു. പ്രായം 70 തികഞ്ഞ എനിക്ക് ശാരീരികാസ്വസ്ഥതകളും വേ ദനകളും മറ്റും ഉണ്ടെങ്കിലും വേലക്ക് അതൊന്നും തടസ്സമായി കാണുന്നില്ല. ഞാൻ സംതൃപ്തനാണ്.


**ഇ.ജി.എം. ഓഫ് ഇന്ത്യയുടെ 19-ാം ജന്മദിനം ഓർത്ത് സ്തോത്രംചെയ്യുന്ന ഈ ഘട്ടത്തിൽ നമ്മുടെ വായനക്കാർക്കുള്ള സന്ദേശം എന്താണ്?**

കഴിഞ്ഞ 18 വർഷക്കാലം ദൈവം വളരെ അത്ഭുത കരമായിട്ടാണ് നടത്തിയത് എന്ന് നന്ദിയോടെ പറയാൻ കഴിയും. ഒരു ശുശ്രൂഷ നമ്മെ ഏല്പി ച്ചത് കർത്താവാണെങ്കിൽ, ആരംഭിച്ചവൻ പൂർത്തീ കരിക്കുവാൻ മതിയായവനാണ്. ഈ പ്രവർത്തന

(ശേഷം പേജ് 30 – ൽ)

**NEWS**

## ബൈബിളിലെ പുരാതന ആരോഗ്യവിജ്ഞാനം പ്രതിപാദിക്കുന്ന പുസ്തകം വിശ്വാസികൾക്കൊരു വഴികാട്ടിയാകുന്നു.




മനുഷ്യനു ജീവിതത്തിൽ ആവശ്യമായ എല്ലാ കാര്യങ്ങളുടെയും ചോദ്യത്തിനു ഉത്തരംനൽകുന്ന ഏക പുസ്തകം വിശുദ്ധ ബൈബിളാണെന്ന് പറയുന്നു. ആത്മീയകാര്യത്തിലും ഭൗതികകാര്യത്തിലും ആരോഗ്യപരമായ കാര്യങ്ങളിലും സമ്പൂർണ്ണവിജ്ഞാനകോശം തന്നെയാണ് ബൈബിൾ ഇന്ന് മനുഷ്യവർഗ്ഗത്തെ ഏറ്റവും പ്രതികൂലമായി ബാധിക്കുന്ന ഒരു ഭീഷണി മാരകമായ രോഗങ്ങളാണ്. ആരോഗ്യപരമായ ജീവിതം എങ്ങനെ നയിക്കാമെന്നതിനെക്കുറിച്ചും ബൈബിൾ നമുക്ക് ജ്ഞാനം നൽകുന്നു. രണ്ട് പ്രമുഖ ആരോഗ്യവിദഗ്ദ്ധരായ യോർദ്ദാൻ റൂസും ഡോ. ജോഷ് ആക്സും ആരോഗ്യത്തിന്റെ പ്രാധാന്യം ബൈബിളിലൂടെ വിശദമായി വിശകലനംചെയ്ത് "The biblic diet, live long. master metabolism, reduce pain, fight depression, conquer cancer with healing secrets from the bible." എന്ന പുസ്തകത്തിലൂടെ വിശദീകരിക്കുന്നു. യോർദാനെ കാൻസറിൽനിന്നും ക്രോൺസ് രോഗത്തിൽനിന്നും സുഖപ്പെടുത്താൻ ദൈവം സഹായിച്ചു. ഡോ. ആക്സ് ഒരു മാധ്യമത്തോടു പറഞ്ഞു. ഇത് എന്റെ കാൻസർബാധിച്ച അമ്മയെ സുഖപ്പെടുത്താനായി സഹായിച്ചു. ദൈവജനം ആരോഗ്യവാന്മാരായിരിക്കാൻ ഏകമാർഗ്ഗം ബൈബിളിനെ അടിസ്ഥാനമാക്കിയുള്ള തത്വങ്ങൾ പാലിക്കുക എന്നതാണ് അദ്ദേഹം പറഞ്ഞു. ബൈബിളിലെ എല്ലാ പ്രമുഖരും മോശെ മുതൽ ദാവീദ്, എസ്ഥേർ, യേശു പിന്നീട് ശിഷ്യന്മാർ ആദിമസഭ എല്ലാവരും ഉപവസിച്ചിരുന്നു. ഓട്ടോഫാഗി എന്നറിയപ്പെടുന്ന രോഗശാന്തി സംവിധാനം ഉപവാസം വർദ്ധിപ്പിച്ചുവെന്ന് നിലവിലെ ചില പഠനങ്ങൾ പറയുന്നു. ഇലകൾ ജനങ്ങളുടെ രോഗശാന്തിക്കുള്ളതാണെന്ന് വെളിപ്പാട്പുസ്തകത്തിൽ പറയുന്നു. അത്തിപ്പഴത്തിന്റെ ഗുണങ്ങൾ നിരവധിയാണ് ആന്റിഓക്സിഡന്റുകളാൽ സമ്പുഷ്ടമാണ്. ഒലിവ്ഓയിൽ ഇന്ന് മിക്ക ഡയറ്റീഷ്യന്മാരും ആരോഗ്യകരമായ കൊഴുപ്പായി വാഴ്ത്തിപ്പറയുന്നു. തേൻ നല്ലതാണ്. പക്ഷെ അത് അമിതമായി കഴിക്കുന്നത് തെറ്റാണെന്ന് ശലോമോൻ പറയുന്നു. ഇതിലൂടെ എന്ത്, എങ്ങനെ കഴിക്കണം. ഒഴിവാക്കണം എന്ന് ബൈബിൾ നിർദ്ദേശിക്കുന്നു. യോർദാനും ആക്സും ബൈബിൾ അനുസരിച്ച് ഭക്ഷണം കഴിക്കുകയും കുടിക്കുകയും ചിന്തിക്കുകയും ചെയ്യുന്ന ഒരു 'ബിബ്ളിയോട്ടേറിയൻ' ആകാൻ ശിപാർശ ചെയ്യുന്നു.

Source: www.disciples.com

## എ ഐ വഴി എല്ലാ രോഗങ്ങൾക്കും പരിഹാരം തേടി മാർക്ക് സക്കർബർഗ് : 500 മില്യൺ ഡോളറിന്റെ വൻ ഗവേഷണപദ്ധതി



മാർക്ക് സക്കർബർഗ് വീണ്ടും ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ (AI) വൻ നിക്ഷേപവുമായി എത്തിയിരിക്കുകയാണ് എന്ന് റിപ്പോർട്ട്. എന്നാൽ ഇത്തവണ ഈ നിക്ഷേപം സോഷ്യൽ മീഡിയയിലോ മെറ്റാവെഴ്സിലോ അല്ല. മനുഷ്യകോശങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് മനസ്സിലാക്കുകവഴി മനുഷ്യരുടെ എല്ലാ രോഗങ്ങളും കണ്ടെത്താനും തടയാനും സഹായിക്കുന്ന പുതിയ എ ഐ സാങ്കേതികവിദ്യ വികസിപ്പിക്കാനാണ് ഭാര്യ പ്രിസില്ല ചാനിനൊപ്പം സക്കർബർഗിന്റെ ശ്രമം. ഇതിനായി വിർച്വൽ ബയോളജി ഇനീഷിയേറ്റീവ് എന്നപേരിൽ 500 മില്യൺ ഡോളറിന്റെ വൻ പദ്ധതി ആരംഭിച്ചതായി സംഘടന പ്രഖ്യാപിച്ചു.

മനുഷ്യശരീരത്തിലെ കോശങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നു എന്ന് ഡിജിറ്റൽ രീതിയിൽ മാതൃകയാക്കി പഠിക്കുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ലളിതമായി പറഞ്ഞാൽ, മനുഷ്യകോശങ്ങളുടെ പ്രവർത്തനം കമ്പ്യൂട്ടർ സിമുലേഷനുകളിലൂടെ പുനരാവിഷ്കരിക്കാൻ കഴിയുന്ന എഐ മോഡലുകൾ വികസിപ്പിക്കാനാണ് ഗവേഷകർ ശ്രമിക്കുന്നത്. ഇതിലൂടെ ലാബുകളിൽ നേരിട്ട് പരീക്ഷണങ്ങൾ നടത്തുന്നതിനു മുമ്പ്തന്നെ ആയിരക്കണക്കിന് പരീക്ഷണങ്ങൾ വെർച്വൽ രീതിയിൽ നടത്താൻ കഴിയും. അഞ്ച് വർഷം നീളുന്ന പദ്ധതിയിൽ പ്രെഡിക്റ്റീവ് മോഡൽസ് എന്നറിയപ്പെടുന്ന സാങ്കേതികവിദ്യയാണ് പ്രധാനമായി വികസിപ്പിക്കുക. ആരോഗ്യകരമായ കോശങ്ങളും രോഗബാധിതമായ കോശങ്ങളും എങ്ങനെ പ്രവർത്തിക്കുന്നു എന്ന് എഐ പഠിച്ച് രോഗങ്ങളുടെ തുടക്കം, വളർച്ച, അതിനെ മറിച്ചുവിടാനുള്ള സാധ്യതകൾ എന്നിവ കണ്ടെത്താൻ സഹായിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പദ്ധതിയുടെ ഭാഗമായി ഏകദേശം 400 മില്യൺ ഡോളർ ഉയർന്ന നിലവാരത്തിലുള്ള ഇമേജിംഗ് സംവിധാനങ്ങൾ, വൻ കമ്പ്യൂട്ടിംഗ് സൗകര്യങ്ങൾ, കോടിക്കണക്കിന് കോശങ്ങളെ നിരീക്ഷിക്കാൻ കഴിയുന്ന സാങ്കേതികവിദ്യകൾ എന്നിവക്കായി വിനിയോഗിക്കും. ശേഷിക്കുന്ന 100 മില്യൺ ഡോളർ ലോകമെമ്പാടുമുള്ള ഗവേഷകർക്കും സ്ഥാപനങ്ങൾക്കും ധനസഹായമായി നൽകും. പദ്ധതിയിലൂടെ ശേഖരിക്കുന്ന എല്ലാ ഡാറ്റയും പൊതുജനങ്ങൾക്കു ലഭ്യമാക്കുമെന്നും ബയോഹബ് വ്യക്തമാക്കി.

Source: www.asianetnews.com

(പേജ് 28 - ൽ നിന്നും)

ത്തിന്റെ ആരംഭകാലം മുതൽ ഇന്നേവരെയും, ഇതിന്റെ വിജയത്തിനായി അല്പമായും അധികമായും പ്രാർത്ഥിച്ചും സഹായിച്ചും പ്രവർത്തിച്ചും പോന്നിട്ടുള്ള എല്ലാ ദൈവമക്കളെയും ഓർത്ത് സ്തോത്രംചെയ്യുന്നു. എല്ലാവരോടും ഉള്ള നന്ദിയും സ്നേഹവും എളിയ പ്രവർത്തകൻ എന്ന നിലിൽ അർപ്പിക്കുകയാണ്. ഇനിയും ഈ ശുശ്രൂഷ മുന്നോട്ട് പോകണമെങ്കിൽ നിങ്ങളുടെ ശക്തമായ പ്രാർത്ഥന ഈ മിഷന് ആവശ്യമുണ്ട്. കഴിഞ്ഞ എഴുപത് വർഷക്കാലം എന്നെ സൂക്ഷിച്ച-ഉപയോഗിച്ച-വഴിനടത്തുന്ന ദൈവത്തിനും ഇ.ജി.എം ഓഫ് ഇന്ത്യ എന്ന എന്റെ കൂട്ടായ്മയോടും നന്ദി പറയുന്നു.

അഭിമുഖം തയ്യാറാക്കിയത്
സി. സി. ജോസഫ്
(സെക്രട്ടറി, ഇ.ജി.എം. ഓഫ് ഇന്ത്യ)

■■■

## മിഷൻഫീൽഡിൽനിന്നുള്ള അനുഭവസാക്ഷ്യം

# രോഗത്തിൽനിന്നും അത്ഭുതകരമായ വിടുതൽ



വളരെക്കാലമായി ഞാൻ രോഗിയായിരുന്നു. എന്റെ രോഗാവസ്ഥയോർത്തു മാതാപിതാക്കൾ ഒത്തിരി ഭാരപ്പെട്ടിരുന്നു. പലപ്രാവശ്യം ആശുപത്രിയിലും, വൈദ്യന്മാരുടെ അടുക്കലും അവർ എന്നെ കൊണ്ടുപോയി. പക്ഷേ എനിക്ക് പൂർണ്ണമായി സുഖംപ്രാപിക്കാൻ കഴിഞ്ഞില്ല. മരുന്ന് കഴിക്കുന്ന ദിവസം മാത്രം സുഖം തോന്നിയിരുന്നു. സ്കൂളിൽ പലതവണ ഞാൻ തളർന്ന് വീഴും. എന്റെ മാതാപിതാക്കൾ വളരെ വിഷമിച്ചു, ഒരു ദിവസം, എനിക്ക് കടുത്ത നെഞ്ചുവേദന അനുഭവപ്പെട്ടു. അവർ എന്നെ ആശുപത്രിയിൽ കൊണ്ടുപോയി അവിടെ എല്ലാ പരിശോധനകളും നടത്തി, പക്ഷേ ഒന്നും കണ്ടെത്തിയില്ല. ഞങ്ങൾ ആശുപത്രിയിൽ നിന്ന് വീട്ടിലേക്ക് മടങ്ങുമ്പോൾ, യാത്രയുടെമദ്ധ്യത്തിൽ, എനിക്ക് വീണ്ടും അസുഖം കൂടി. രക്ഷപ്പെടില്ലെന്ന് ഞാൻ അമ്മയോട് പറഞ്ഞുകൊണ്ടിരുന്നു. ദൂരെയുള്ള ഒരു സ്ഥലത്ത്നിന്ന് വൈദ്യനെ വരുത്തി ചികിത്സിച്ചു. പക്ഷെ എന്റെ ആരോഗ്യം വീണ്ടും വഷളായി. മാതാപിതാക്കൾ അവരുടെ മകളെ എങ്ങനെ രക്ഷിക്കാമെന്നും ചോദിച്ച് ഒരുപാട് കരഞ്ഞു. അപ്പോൾ എന്റെ അമ്മായി കുടുംബാംഗങ്ങളോട് കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ച് പറഞ്ഞു. ശേഷം ഞങ്ങൾ ഇ. ജി. എം. ഓഫ് ഇന്ത്യയുടെ പ്രവർത്തനങ്ങൾ നടക്കുന്ന ലാരിപാറ എന്ന ഗ്രാമത്തിലേക്ക് പോയി. പോകുന്ന വഴിയിൽ ഒത്തിരി തടസ്സങ്ങൾ ഉണ്ടായി എങ്കിലും അവയെ തരണംചെയ്ത് അവിടെ എത്തിച്ചേർന്നു. ലാരിപാറയിൽ എത്തിയപ്പോൾ, കർത്താവിന്റെ ദാസൻ എനിക്കുവേണ്ടി പ്രാർത്ഥിച്ചു, ആ നിമിഷംതന്നെ ഞാൻ സുഖംപ്രാപിച്ചു. ഞാൻ മരിച്ച ഒരാളെപ്പോലെ ആയി, ഒന്നും ഓർമ്മ വന്നില്ല, പക്ഷേ പ്രാർത്ഥിച്ചതിനുശേഷം, കർത്താവായ യേശുക്രിസ്തു എനിക്ക് ജീവൻ തന്നു. ജീവിക്കും എന്ന പ്രതീക്ഷ എനിക്ക് ഉണ്ടായിരുന്നില്ല പക്ഷേ ഇന്ന് ഞാൻ ജീവിച്ചിരിക്കുന്നു, യേശുക്രിസ്തുവിന്റെ കൃപയാൽ, ഇന്ന് ഞാനും എന്റെ കുടുംബവും വളരെ സന്തോഷത്തിലാണ്. കുടുംബമായി യേശുവിൽ വിശ്വസിക്കുകയും നിരന്തരം പ്രാത്ഥനയിലും ആരാധനയിലും ജീവിതം നയിച്ച്വരുകയും ചെയ്യുന്നു. ആരാധനക്കായി **EGM of India Hebron Gospel Mission Church, Khargahni** യിൽ കടന്നുപോകുന്നു. യേശുക്രിസ്തുവിലുള്ള വിശ്വാസം കാരണം ഗ്രാമവാസികൾ ഞങ്ങളെ ഗ്രാമത്തിൽനിന്ന് പുറത്താക്കി, എന്നിട്ടും ഞങ്ങൾ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ സന്തോഷത്തോടെ ജീവിക്കുന്നു.

ചന്ദ്രാവതി സാഹു, ബിലാസ്പൂർ



# ജീവിത പങ്കാളിയെ തേടി

സുവിശേഷവേലയിലും കൂട്ടായ്മബന്ധത്തിലും താൽപര്യമുള്ള ഒരു ജീവിതപങ്കാളിയെ കണ്ടെത്തുവാൻ, ഗോസ്പൽ മെസഞ്ചർ വരിക്കാരായിട്ടുള്ളവർക്കു മാത്രം ഒരുക്കുന്ന പംക്തി. (വരിക്കാരല്ലാത്തവർ 200 രൂപ അടക്കുമ്പോൾ പരസ്യം പ്രസിദ്ധീകരിക്കുന്നത് കൂടാതെ ഒരു വർഷത്തേക്ക് ഗോസ്പൽ മെസഞ്ചർ മാസിക സൗജന്യമായി അയച്ചുതരുന്നതുമാണ്. ബയോഡാറ്റയും ഒപ്പം താഴെ കൊടുത്തിരിക്കുന്ന സത്യപ്രസ്താവനയും ചേർത്ത് ഞങ്ങൾക്ക് അയച്ചുതരിക.

*ഞാൻ............. വർഷമായി/മാസമായി ക്രിസ്തീയ ജീവിതാനുഭവമുള്ള വ്യക്തിയാണ്. എന്റെ കുടുംബവും പ്രാർത്ഥനാനുഭവമുള്ളതാണ്. ദൈവകൃപയുള്ള ഒരു ജീവിതപങ്കാളിയെ ഞാൻ ആഗ്രഹിക്കുന്നു.*

യുവാവ്/ യുവതിയുടെ പേര് :.................................................................. ഒപ്പ്:.....................

# ആരോഗ്യവിചാരം

## പാമ്പുവിഷബാധ പാമ്പിനെ നോക്കിയല്ല ചികിത്സ നിശ്ചയിക്കുന്നത്, ചെയ്യേണ്ടതും ചെയ്യരുതാത്തതും



പ്രധാനമായും ഉഷ്ണമേഖലാരാജ്യങ്ങളിലെ അവഗണിക്കപ്പെടുന്ന ഒരു പ്രധാന ആരോഗ്യപ്രശ്നമാണ് പാമ്പുകടിമൂലമുള്ള വിഷബാധ. ലോകത്ത് പാമ്പുവിഷബാധയേൽക്കുന്നവരിലും മരിക്കുന്നവരിലും പകുതിയിലധികം ഇന്ത്യക്കാരാണ്. കൃത്യമായ വിവരശേഖരണമില്ലാത്തതിനാൽ ഇതിന്റെ ശരിയായ കണക്കുകൾ ലഭ്യമല്ല. പശ്ചിമഘട്ടമേഖലയിലുള്ള കേരളത്തിൽ വർഷംതോറും അയ്യായിരത്തോളം പേർക്ക് പാമ്പുകടിയേൽക്കുകയും 30 - 40 പേർ മരിക്കുയും ചെയ്യുന്നുണ്ട്. കേരളത്തിലും അയൽസംസ്ഥാനങ്ങളായ തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളെ പിന്തുടർന്ന് 2025 ഒക്ടോബർ 25 തൊട്ട് പൊതുജനാരോഗ്യനിയമം വകുപ്പ് 28 അനുസരിച്ച് പാമ്പുകടി നിർബന്ധമായും നോട്ടിഫൈ ചെയ്യേണ്ട ഒരു വിഷയമാക്കി ഉത്തരവിറക്കിയിട്ടുണ്ട്.

വിഷമുള്ളവയിൽത്തന്നെ നാലുതരം പാമ്പുകൾ (ബിഗ് - 4) മാത്രമാണ് ഇന്ത്യയിൽ പ്രധാന വിഷപാമ്പുകൾ. മൂർഖൻ, വെള്ളിക്കെട്ടൻ, രണ്ടു തരം അണലികൾ (ചുരുട്ടമണ്ഡലി, ചേനത്തണ്ടൻ) ഇവയാണിവ (Cobra, Krait, Saw Scaled Viper, Russels Viper) ഇവയെ തിരിച്ചറിയുകയും ഇവയിൽനിന്നുണ്ടാകുന്ന മുറിവുകൾ തിരിച്ചറിയുകയും പ്രധാനമാണ്. ഇതിൽ മൂർഖൻ, വെള്ളിക്കെട്ടൻ എന്നിവയുടെ വിഷം നാഡീവ്യൂഹത്തെയും അണലികളുടെ വിഷം രക്തത്തെയുമാണ് ബാധിക്കുക. ഇവയിൽത്തന്നെ മിക്കവയും വിഷബാധയേൽക്കാത്ത 'ഡ്രൈബൈറ്റ്' ആകാനും സാധ്യതകളുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ മൂന്നുവർഷത്തെ രേഖകൾ വിശകലനം ചെയ്തപ്പോൾ ഭൂരിഭാഗവും അണലിവർഗ്ഗത്തിലുള്ള പാമ്പുകളാണ് കടിക്കുന്നതെന്നും (രണ്ടാമത് വെള്ളിവരയൻ) മഴക്കാലത്താണ് ആളുകൾക്കു കൂടുതൽ കടിയേൽക്കുന്നതെന്നുമാണ് വിവരം. പാമ്പുകടിയുടെ ചികിത്സക്കായി നൽകുന്ന ആന്റി സ്നേക്ക് വെനം (പ്രതിവിഷം) ഇവയുടെ വിഷത്തെ രക്തത്തിൽനിന്നൊഴിവാക്കാനാണ്. ഇത് എല്ലാ വിഷങ്ങൾക്കുമെതിരെയുള്ള പോളി വാലന്റ് ഒറ്റമൂലിയാണ്. ഇത് കടിയേറ്റ് കഴിയുന്നത്ര വേഗത്തിൽ ഞരമ്പിലൂടെ നൽകണം.

### പാമ്പുകടിയേറ്റാൽ

പലപ്പോഴും ചികിത്സതേടാനും ആശുപത്രികളിൽ എത്തിക്കാനും എത്തിയാൽതന്നെ വേണ്ട ചികിത്സ കിട്ടാനും വൈകുന്നതുകൊണ്ടാണ് ഭൂരിഭാഗം രോഗികളും മരിക്കുന്നത്. അതിനാൽത്തന്നെ പാമ്പുകടിയേറ്റാൽ കടിച്ച പാമ്പിനെ തിരഞ്ഞുപിടിക്കാൻ സമയം കളയാതെ രോഗിയെ ആശുപത്രിയിൽ എത്തിക്കണം. പാമ്പുകടിയുടെ ചികിത്സ നിശ്ചയിക്കുന്നത് ക്ലിനിക്കലായി രോഗിയെ പരിശോധിച്ച് മുറിവിന്റെ സ്വഭാവവും രോഗിയുടെ ലക്ഷണങ്ങളും നോക്കിയാണ്. പാമ്പിനെയോ ലാബ് റിപ്പോർട്ടുകളോ നോക്കിയല്ല. വിഷപാമ്പുകളുടെ കടിയേറ്റാൽ, അവയുടെ വിഷപ്പല്ലുകൾ ഉണ്ടാക്കിയ തുളഞ്ഞുകയറിയ പാടുകൾ ഉണ്ടാകും. വെള്ളിക്കെട്ടന്റെ കടിയേറ്റാൽ ഈ അടയാളം വ്യക്തമാകണമെന്നില്ല. പലപ്പോഴും പാമ്പുകടിയേറ്റ രോഗി ഉത്കണ്ഠ കൊണ്ട് മരിക്കാം. അതിനാൽ രോഗിയെ വിശ്രമംനൽകി, മാനസികമായി ആശ്വസിപ്പിക്കാൻ ശ്രമിക്കണം. മുറിവേറ്റ സ്ഥലത്ത് പച്ചമരുന്നുകൾ, ലേപനങ്ങൾ പുരട്ടരുത്. മുറിവ് കഴുകുന്നത് രക്തയോട്ടം കൂട്ടിയേക്കാം. വിഷഹാരികളെ സമീപിച്ച് സമയം പാഴാക്കരുത്. മുറിവേറ്റഭാഗത്ത് മറ്റ് മുറിവുകൾ ഏൽപ്പിച്ച്, വിഷം വലിച്ചെടുത്തുകളയാൻ ശ്രമിക്കരുത്. രോഗിയെ വേഗത്തിൽ നടത്തിക്കരുത് - ഇത് രക്തയോട്ടം വർധിപ്പിച്ച് വിഷവ്യാപനം വർധിപ്പിക്കും. വിഷവ്യാപനം കുറെക്കണമെന്ന ഉദ്ദേശ്യത്തോടെ മുറിവേറ്റ ഭാഗം തുണികൊണ്ടോ, ഇലാസ്റ്റിക് കൊണ്ടോ മുറുക്കിക്കെട്ടരുത്. ഇത് രക്തയോട്ടം കുറച്ച് ആ ഭാഗങ്ങൾ നശിക്കാൻ കാരണമാകും. കയ്യിലോ കാലിലോ മുറിവേറ്റാൽ ആ ഭാഗം അനങ്ങാതിരിക്കാൻ കാർഡ്ബോർഡ്/ന്യൂസ്പേപ്പർ പോലുള്ള സാധനങ്ങൾ ഉപയോഗിച്ച് സ്പ്ലിന്റ് ചെയ്യാവുന്നതാണ്. കടിയേറ്റ ഭാഗങ്ങൾ വീക്കംവന്ന് മുറുകാതിരിക്കാൻ മോതിരം, വള പോലുള്ള ആഭരണങ്ങൾ ഊരിമാറ്റണം. എമർജൻസി സെല്ലിൽ (108) വിളിച്ചറിയിക്കണം. രോഗികളെ ആശുപത്രിയിലേക്ക് കൊണ്ടുപോകുമ്പോൾ റിക്കവറി പൊസിഷനിൽ ഇടതുവശം ചരിച്ചുകിടത്തണം.

### അധികാരികൾ ചെയ്യേണ്ടത്

പ്രധാന ആശുപത്രികളിൽ ആന്റിസ്നേക്ക് വെനം സ്റ്റോക്ക് വേണം. സർക്കാർ ആശുപത്രികൾക്കു പുറമേ അവ ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ സ്വകാര്യ ആശുപത്രികളിലും സർക്കാർചെലവിൽ സൗജന്യമായി ആന്റിസ്നേക്ക് വെനം ലഭ്യമാക്കണം. ഈ ആശുപ്രതികളുടെ വിവരങ്ങൾ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുകയും മറ്റ് ആശുപത്രികളുമായി റഫറൽ ലിങ്കേജുകളും ഉണ്ടാക്കണം. സംസ്ഥാനത്ത് എല്ലാ ആശുപത്രികളിലും ശാസ്ത്രീയമായി പാമ്പുകടി ചികിത്സാ പ്രോട്ടോക്കോളുകൾ പ്രാവർത്തികമാക്കണം. ആന്റിസ്നേക്ക് വെനം സാമൂഹികാരോഗ്യകേന്ദ്രങ്ങളിൽ എല്ലായിടത്തും ലഭ്യമാക്കണം. എല്ലാ ജില്ലാ ആശുപത്രികളിലും സ്നേക്ക്ബൈറ്റ് യൂണിറ്റും വാർഡും വേണം. ഹോട്ട്സ്പോട്ടുകളിലും വനമേഖലകൾക്കടുത്തുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും പാമ്പുകടിക്കുള്ള ചികിത്സ ഏർപ്പെടുത്തണം. മെഡിക്കൽ കോളേജുകളിൽ ഹൗസ് സർജന്മാർക്കും സർക്കാർ സർവീസിൽ പുതുതായി ചാർജെടുക്കുന്ന ഡോക്ടർമാർക്കും പാമ്പുവിഷ ചികിത്സയിൽ പരിശീലനം നൽകണം. റഫറൽ സൗകര്യങ്ങളോടെ ആംബുലൻസ് സർവീസുകളും എമർജൻസി സർവീസുകളും ഊർജ്ജിതമാക്കണം. ■■■

Source: www.mathrubhumi.com

ഭാഗം : 06

# ബൈബിൾ ക്വിസ് JUNE 2026



(1 രാജാക്കന്മാർ, വെളിപ്പാട്, GM മെയ് 2026)

1. അവന്റെ നരയെ രക്തത്തോടെ പാതാളത്തിലേക്ക് അയക്കുക. ആരുടെ?
2. മഴ പെയ്യാതവണ്ണം ആകാശം അടച്ചുകളവാൻ അവർക്ക് അധികാരം ഉണ്ട്. ആർക്ക് ?
3. ദാവീദ് യെരുശലേമിൽ വാണ കാലം?
4. ആഴത്തിൽനിന്ന് കയറിവരുന്ന മൃഗം രണ്ട് സാക്ഷികളെ കൊന്നുകളയുന്നത് എപ്പോൾ?
5. അദോനീയാവിന് ലഭിക്കേണ്ട രാജത്വം ആരാലാണ് ശലോമോന് ലഭിച്ചത് ?
6. ഒരുനേരത്തെ ആഹാരംപോലും എടുക്കാതെ മിസ്രയീമിൽ നിന്നു യാത്രതിരിച്ച യിസ്രായേൽ എത്ര ദിവസം പട്ടിണികിടന്നു?
7. ശൂനേംകാരിയായ അബീശഗിനെ ഭാര്യയായി വേണമെന്ന് പറഞ്ഞത് ആര് ?
8. അവരുടെ ശവം കല്ലറയിൽ വെക്കാൻ സമ്മതിക്കയില്ല. ആരുടെ?

*ശരിയുത്തരങ്ങൾ തപാൽ / ഇ-മെയിൽ / വാട്ട്സാപ്പ് മുഖേന അതാതു മാസം 20-ാം തീയതിക്കുള്ളിൽ ഇ.ജി.എം. ഓഫ് ഇന്ത്യയുടെ ഓഫീസിൽ ലഭിക്കത്തക്കവിധം അയക്കുവാൻ ശ്രദ്ധിക്കുമല്ലോ. ശേഷം ലഭിക്കുന്നവ പരിഗണിക്കുന്നതല്ല.*

9. അദോനീയാവിനെ വധിച്ചത് ആര് ?
10. ജീവശ്വാസം അവരിൽ വന്ന് അവർ കാൽഊന്നി നിന്നു, ആര് ?

## ബൈബിൾ ക്വിസ് 2026 - ഭാഗം 5 ശരിയുത്തരങ്ങൾ

1. ദാവീദിന്റെ (1 രാജാക്കന്മാർ 2:2)
2. ജാതികൾക്ക് (വെളിപ്പാട് 11:2)
3. യോവാബ് (1 രാജാക്കന്മാർ 2:5)
4. ജാതികൾ (വെളിപ്പാട് 11:2)
5. യോവാബിന്റെ (1 രാജാക്കന്മാർ 2:6)
6. ബൈബിൾ (ജിഎം ഏപ്രിൽ പേജ് 26)
7. ബർസില്ലായിയുടെ മക്കൾ(1 രാജാക്കന്മാർ 2:7)
8. രണ്ട് സാക്ഷികൾ (വെളിപ്പാട് 11:3)
9. ശിമെയിയെ (1 രാജാക്കന്മാർ 2:9)
10. വായിൽനിന്ന് തീ പുറപ്പെട്ട് (വെളിപ്പാട് 11:5)

## ഭാഗം-4 ശരിയുത്തരങ്ങൾ അയച്ചുതന്നവർ

സുജ നെൽസൺ, തങ്കച്ചി വർഗീസ്, തങ്കമ്മ ജോസഫ്, ബിനി റെജി, ഗ്രേസി ചാക്കോ, ജാൻസി ജോൺ, ലീലാമ്മ ജോസ്, ലില്ലി ചാക്കോ

## പ്രവർത്തകരെ ബന്ധപ്പെടാം

### GOSPEL TEAM

STATE CO-ORDINATOR

P.V. JOSEPH : 94465 96654

ORGANIZER

M.O. JOSE : 86067 04376

### ZONAL SECRETARIES

CHINNU RAJAN : 99953 29889

JANCY VARGHESE : 94465 23654

C.K. ABRAHAM : 94478 74276

VALSA KURIAKOSE : 94972 80050

M.A. MATHAI : 85473 90680

### ഓഫീസ് OFFICE TIME : 9.30 am - 6.00 pm

Address : E. G. M. OF INDIA, MISSION CENTRE, ALLAPRA P.O, ALLAPRA, ERNAKULAM (DIST), KERALA - 683556

Phone : (+91) 8281616654 (Whatsapp)

E-mail : egmofindia@gmail.com

Website : www.egmofindia.com

**Dr. V. P. MATHAI VALAYIL**
Phone : (+91) 9447707654
E-mail : vpmathaivalayil@gmail.com

# GOD'S TEAM



ദൈവകൃപയാൽ 'ഗോസ്പൽ മിഷൻ ബിബ്ലിക്കൽ അക്കാദമി'യുടെ നേതൃത്വത്തിൽ ഏപ്രിൽ 21, 22, 23 തീയതികളിൽ അല്ലപ്ര ഇ.ജി.എം ഓഫ് ഇന്ത്യയുടെ മിഷൻ സെന്ററിൽവെച്ച് കുട്ടികൾക്കായി വി.ബി.എസ് **(VBS)** വിജയകരമായി നടത്തപ്പെട്ടു. **'Child Evangelism Fellowship' (CEF)** ഡയറക്ടർ ശ്രീ. രാജൻ ജോസഫ് ക്ലാസുകൾക്ക് നേതൃത്വം നൽകി. ഇ.ജി.എം ഓഫ് ഇന്ത്യ ഡയറക്ടർ ഡോ. വി. പി. മത്തായി വാലയിൽ അനുഗ്രഹീതമായ ക്ലാസുകളും സമർപ്പണശുശ്രൂഷയും നിർവ്വഹിച്ചു.

## ചിന്താവിഷയം

ഒരുമിച്ചുള്ള പ്രവർത്തനം, ഒരുമിച്ചുള്ള പ്രാർത്ഥന, പരസ്പര പ്രോത്സാഹനം, പരസ്പര സംരക്ഷണം, എതിർപ്പുകളെ ഒരുമിച്ച് നേരിടുക എന്നിങ്ങനെ യെരുശലേം മതിലിന്റെ പുനർനിർമ്മാണത്തിൽ നെഹെമ്യാവിൽ കാണുന്ന ഉത്തമഗുണങ്ങളെക്കുറിച്ചുള്ള ചിന്തകൾ കുട്ടികളിലേക്ക് കൈമാറി. പാട്ടുകൾ, കഥകൾ, അനുഭവങ്ങൾ, പ്രത്യേക ക്ലാസുകൾ, കളികൾ തുടങ്ങിയവ കുട്ടികൾക്ക് ഏറെ അനുഭവങ്ങൾ നൽകി. പങ്കെടുത്ത എല്ലാ കുട്ടികൾക്കും സർട്ടിഫിറ്റുകൾ വിതരണം ചെയ്തു.

ഈ വർഷത്തെ **VBS** ഭംഗിയായി നടത്തുവാൻ സഹായിച്ച ദൈവത്തിന് നന്ദി!



ഷിബി സാബു
(യൂത്ത് മിനിസ്ട്രി, കോഓർഡിനേറ്റർ)





















# എങ്ങനെ സഹായിക്കാം?

## സുവിശേഷവേലയിൽ

### പ്രതിമാസ പങ്കാളിത്തം (monthly)

| | | |
|---|---|---|
| ഒരു സ്റ്റേറ്റിലെ മിഷൻ പ്രവർത്തനങ്ങൾക്ക്<br>Support for the works in a Mission field | : | ₹ 15,000/ |
| ഒരു മിഷനറിയുടെ സംരക്ഷണത്തിന്<br>support for a Missionary | : | ₹ 5,000/ |
| ഒരു ഗ്രാമത്തിന്റെ സുവിശേഷീകരണത്തിന്<br>Evangelisation of a village | : | ₹ 2,500/ |
| ബൈബിൾ, സുവിശേഷപ്രതികൾക്ക്<br>Distribution of Bible, Tracts etc. | : | ₹ 500/ |

### മറ്റു ആവശ്യങ്ങൾ (other needs)

| | | |
|---|---|---|
| ഒരു ആരാധനാലയം നിർമ്മിക്കുവാൻ<br>Construction of a Church | : | ₹ 10,00,000/ |
| ഗ്രാമത്തിൽ ഒരു പ്രേയർ ഹാൾ<br>Construction of a Prayer Hall in a village | : | ₹ 4,00,000/ |
| ഫീൽഡിലേക്ക് ഒരു ടൂവീലർ<br>Buy a twowheeler to the Mission field | : | ₹ 1,00,000/ |
| ഫീൽഡിലേക്ക് ഒരു സൈക്കിൾ<br>Buy a cycle to the Mission field | : | ₹ 5,000/ |

## കാരുണ്യപ്രവർത്തനത്തിൽ

80 G ഇളവ് ഉണ്ടായിരിക്കുന്നതാണ്

### പ്രതിമാസ പങ്കാളിത്തം (monthly)

| | | |
|---|---|---|
| ട്രൈബൽ വില്ലേജിലെ ഉച്ചഭക്ഷണം<br>Distribute Lunch In Tribal school | : | ₹ 5,000/ |
| മെഡിസിൻ വിതരണത്തിന്<br>Distribution of medicine | : | ₹ 1000/ |
| ഒരു ബി. പി. എൽ കുടുംബത്തിലേക്കുള്ള പാലിയേറ്റീവ് സേവനങ്ങൾക്ക്<br>Palliative Care for a BPL Family | : | ₹ 1,000/ |
| ഒരു മിഷനറിയുടെ ഒരുകുട്ടിയുടെ വിദ്യാഭ്യാസചിലവ്<br>Support | : | ₹ 1,700/ |
| വിദ്യാഭ്യാസ സഹായം<br>Educational help | : | ₹ 500/ |

### മറ്റു ആവശ്യങ്ങൾ (other needs)

| | | |
|---|---|---|
| ഒരു വീട് നിർമ്മിക്കുവാൻ<br>Construction of a house for the poor | : | ₹ 4,00,000/ |
| സ്കൂൾ യൂണിഫോമും, ബാഗും, ഷൂസും അടങ്ങുന്ന കിറ്റ്<br>school uniform, bag & shoes | : | ₹ 1,500/ |

### ബാങ്ക് വിവരങ്ങൾ

**Name :** EGM OF INDIA **A/c No :** 337 572 223 61

**Name :** MATHAI V.P. **A/c No :** 303 940 841 48

**State Bank of India**
**Perumbavoor**
**IFSC: SBIN0008661**
**SWIFT: SBININBB395**

UPI ID: egmofindia@sbi

### ബാങ്ക് വിവരങ്ങൾ

**Name:** HELP INDIA MISSION
**A/c No:** 100 302 000 284 26
**Name:** MATHAI V.P. **A/c No:** 100 301 005 826 13

**Federal Bank**
**Perumbavoor**
**IFSC: FDRL0001003**
**SWIFT: FDRLINBBIBD**

UPI ID: helpindia1@fbl

## (ചിലവുകൾ പൂർണ്ണമായോ ഭാഗികമായോ ഏറ്റെടുക്കാവുന്നതാണ്.)

**പണമയക്കുന്നവരുടെ ശ്രദ്ധയ്ക്ക്**

- 2000/- രൂപക്ക് മുകളിലുള്ള തുക ചെക്കായോ, ഡ്രാഫ്റ്റായോ, നേരിട്ട് ബാങ്കിലേക്കോ, ഇന്റർനെറ്റ് മുഖേനയോ അയക്കേണ്ടതാണ്.
- 500 രൂപയിൽ താഴെ സംഭാവന അയക്കുന്നവർ തുക മണി ഓർഡറായി അയക്കുന്നത് സൗകര്യമാണ്.
- പണം അയക്കുന്നവർ അവരുടെ ഫോൺ നമ്പർ കൂടി അറിയിച്ചാൽ, പണം ലഭിച്ച വിവരം ഉടൻ വിളിച്ചറിയിക്കാൻ സാധിക്കും.
- പണം അയച്ച് ഒരു മാസത്തിനുള്ളിൽ മറുപടി ലഭിച്ചില്ലെങ്കിൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാകുന്നു.

നേരിട്ട് ബാങ്കിലേക്കോ ഇന്റർനെറ്റ് മുഖേനയോ പണം അയക്കുന്നവർ നിർബന്ധമായും SMS / Email / Telephone / Letter / WhatsApp ഇതിൽ ഏതെങ്കിലും വിധത്തിൽ ഓഫീസിൽ വിവരം അറിയിക്കാത്തപക്ഷം കൃത്യമായി അക്കൗണ്ട് ചെയ്യുവാനോ നിങ്ങളെ വിവരമറിയിക്കുവാനോ സാധിക്കാതെ പോകും. ഇക്കാര്യത്തിൽ സഹായിക്കണമേ. (Ph: +91 8281616654)

# ഹെൽപ്പ് ഇന്ത്യ മിഷൻ

www.helpindiamission.com

കർത്താവിൽ പ്രിയരെ,



ദൈവകൃപയാൽ എല്ലാവരും സന്തോഷമായിരിക്കുന്നുവല്ലോ. എല്ലാവരുടേയും പ്രാർത്ഥനയാലും സഹായത്താലും നമ്മുടെ മിഷൻ പ്രവർത്തനങ്ങൾ നന്നായി മുന്നോട്ടുപോകുന്നു. ദൈവത്തിന്റെ കരുത്തുള്ള കരത്തിന്റെ മഹിമയാൽ ഇ.ജി.എം. ഓഫ് ഇന്ത്യ പത്തൊമ്പതാമത്തെ വയസ്സിലേക്ക് പ്രവേശിച്ചിരിക്കുന്നു. അതോടൊപ്പം പുതിയ ദൗത്യങ്ങളും ചുമതലകളും കൊയ്ത്തിന്റെ യജമാനൻ നമ്മെ ഏല്പിച്ചിരിക്കുകയാണ്.

കൂടാതെ പുതുതായി വിശ്വാസികളുടെ ആത്മീയവും വിദ്യാഭ്യാസപരവും സാമൂഹികവുമായ വളർച്ചക്കുവേണ്ടി 'ആത്മിക് വികാസ് യോജന', 'കൃപാഭവൻ ദാൻ യോജന', 'വിദ്യാകിരൺ യോജന' എന്നീ പദ്ധതികളുടെ പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. കൃപാഭവൻ ദാൻ യോജനയുടെ ഭാഗമായുള്ള വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇപ്പോൾ 9 വീടുകൾ പൂർത്തീകരിച്ചു. പ്രാർത്ഥനയിൽ ഓർക്കണമേ.!

കഴിഞ്ഞ വർഷങ്ങളിലെല്ലാം ജൂൺ, ജൂലൈ മാസങ്ങളിൽ നമ്മുടെ മക്കളെ നാം സ്കൂളുകളിലേക്കും കോളേജുകളിലേക്കും അയക്കുന്നതോടൊപ്പം നമ്മുടെ മിഷൻ ഫീൽഡിലെ സാധുക്കളായ വിശ്വാസികളുടെയും മിഷനറിമാരുടെയും മക്കളെ സ്കൂളിലേക്ക് അയക്കുന്നതിനായി 'എജ്യൂക്കേഷൻ കിറ്റ്' നൽകി വന്നിരുന്നത് ഓർക്കുന്നുണ്ടാകുമല്ലോ. അതിനായി ആ സാധുക്കൾ ദാഹത്തോടെ കാത്തിരിക്കുന്നു. പുസ്തകം, നോട്ട്ബുക്ക്, പേന, ബോക്സ്, ബാഗ്, യൂണിഫോം, മറ്റ് ഡ്രസ്സ് എന്നിങ്ങനെ അവർക്ക് ആവശ്യമായവ നൽകി വരുന്നു. ഈ വർഷവും വിദ്യാകിരൺ യോജനയുടെ ഭാഗമായി **KG-Std. II Rs.1000/-, Std. III Std. VII Rs.1500/-, Std. VIII Std. XII Rs.2000/-, College Going Rs.3000/-** എന്ന രീതിയിൽ വിദ്യാഭ്യാസ വർഷം ആരംഭിക്കുമ്പോൾ നാം അത് വിതരണം ചെയ്യുവാൻ പ്രാർത്ഥിച്ച് ഒരുങ്ങിയിരിക്കുന്നു.

കഴിവുപോലെ കഴിയുന്നിടത്തോളം മക്കളെ പഠനകാര്യത്തിൽ സഹായിക്കുമല്ലോ. നമ്മൾ നൽകുന്ന ചെറിയ തുക അവർക്ക് ഒരു വലിയ സഹായമാണ്. കൃത്യമായും അർഹമായ കരങ്ങളിൽ എത്തിക്കുന്നതിൽ ഞങ്ങൾ വിശ്വസ്തരായിരിക്കും. അതിനായി **Help India Mission** ന്റെ **Account**–ൽ അയക്കുന്ന തുകക്ക് **80G Act** പ്രകാരം **Income Tax** ഇളവ് ലഭിക്കുന്നതാണ്. ഈ കത്ത് വായിച്ച്, പ്രാർത്ഥിച്ച് കർത്താവു തരുന്ന ആലോചന പോലെ ചെയ്യണമെ. 'എളിയവനോടു കൃപ കാട്ടുന്നവൻ യഹോവയ്ക്കു വായ്പ കൊടുക്കുന്നു; അവൻ ചെയ്ത നന്മയ്ക്ക് അവൻ പകരം കൊടുക്കും.' (സദൃശവാക്യങ്ങൾ 19:17). എളിയവരെ സഹായിക്കുവാനും കരുതുവാനും കർത്താവ് തന്ന സമ്പത്തും പ്രാപ്തിയും നാം ഉപയോഗിക്കുമ്പോൾ അത് അവർക്കും നമുക്കും ഒരു അനുഗ്രഹം കൂടിയാണല്ലോ. ഇന്നുതന്നെ ഈ കാര്യത്തിനായുള്ള നമ്മുടെ ഓഹരി ഉറപ്പുവരുത്തണമെ.

ദൈവം അനുഗ്രഹിക്കട്ടെ.

അല്ലപ്ര

15.05. 2026

കർത്തൃശുശ്രൂഷയിൽ

ഡോ. വി.പി. മത്തായി വാലയിൽ

FEDERAL BANK

Scan & Support

helpindia1@fbl

ഹെൽപ്പ് ഇന്ത്യ മിഷന്റെ ചാരിറ്റി പ്രവർത്തനങ്ങൾക്കായി 80G പ്രകാരം Income Tax ഇളവ് ലഭിക്കുന്നതാണ്. അതിനായി 100 302 000 284 26 എന്ന അക്കൗണ്ട് നമ്പർ ഉപയോഗപ്പെടുത്തുക.

## BANK DETAILS

| | |
|---|---|
| HELP INDIA MISSION | V.P. MATHAI *(Official)* |
| A/C No. 100 302 000 284 26 | A/C No. 100 301 005 826 13 |

Federal Bank, Perumbavoor

IFSC: FDRL0001003

പണം അയക്കുന്നവർ നിർബന്ധമായും പേരും മൊബൈൽ നമ്പറും വിലാസവും ഓഫീസിൽ നൽകേണ്ടതാണ്.

Email: him.helpindia@gmail.com | Ph: 9747407654

RNI Reg. No. KERMAL/2009/34305

GOSPEL MESSENGER MONTHLY വരിസംഖ്യ : ₹ 200 (1 വർഷം), ₹ 500 (3 വർഷം), ₹ 800 (5 വർഷം)


അഞ്ചാമത് ഓൺലൈൻ

# പ്രഭാത സുവിശേഷധ്യാനം

2026 ജൂൺ 1 മുതൽ ജൂൺ 5 വരെ

(Google Meet-ൽ) 5.30 am - 6.45 am

Google Meet Meeting Code : iib-yyvd-seq

# രക്ഷാസന്ദേശം

ടി. വി പ്രോഗ്രാം

POWERVISION

പവർവിഷൻ ചാനലിൽ
ബുധനാഴ്ച്ച രാത്രി 9 ന്



യൂട്യൂബ് ചാനൽ സന്ദർശിക്കുക

www.youtube.com/egmofindia Subscribe

ഇ. ജി. എം. ഓഫ് ഇന്ത്യയുടെ വിവിധ പ്രോഗ്രാമുകൾ YouTube ചാനലിൽ ലഭ്യമാണ്.


Printed, Published and Owned by V.P. Mathai, Printed at Don Bosco IGACT, Vennala P.O., Kochi - 682 028
and Published from Ecumenical Gospel Mission of India, P.B. No. 57, P.P. Road, Perumbavoor, Ekm - 683 542
Editor : Baby George, Ecumenical Gospel Mission of India, Perumbavoor.